DEC 22 - FEB 23

# Teachers' Voice

THE OFFICIAL JOURNAL OF KERALA PRIVATE COLLEGE TEACHERS' ASSOCIATION



**കോൺഗ്രസ് പാർട്ടി** - ചരിത്രം, വർത്തമാനം, ഭാവി

**പങ്കാളിത്ത പെൻഷൻ:** ആനുകൂല്യങ്ങളുടെ മരണക്കയം

**യുജിസി** സമരചരിത്രം

# KPTCA ജില്ലാ ഭാരവാഹികൾ

## കാസർഗോഡ് ജില്ല



ഡോ. ജോബി തോമസ്
പ്രസിഡന്റ്



ഡോ. നന്ദകുമാർ കോറോത്ത്
സെക്രട്ടറി

## കണ്ണൂർ ജില്ല



ജോൺസൺ ജോർജ്
പ്രസിഡന്റ്



ദിരാഷ് ആർ എസ്
സെക്രട്ടറി

## കോഴിക്കോട് ജില്ല



ഡോ. സിന്ധു കൃഷ്ണദാസ്
പ്രസിഡന്റ്



ഡോ. കെ. അനൂപ്
സെക്രട്ടറി



ഡോ. കെ. സംഗീത
ട്രഷറർ

## മലപ്പുറം ജില്ല



സുൽഫി പി
പ്രസിഡന്റ്



ടി. നിസാബ്
സെക്രട്ടറി



അബ്ദുറബ്ബ് എം.
ട്രഷറർ

EDITORIAL BOARD

**Managing Editor**
Dr. T. Muhammedali
State President
Farook College, Kozhikode.
9447275947

**Chief Editor**
Dr. Adarsh C.
Sree Vivekananda College,
Kunnamkulam
9446291984

**Associate Editors**
Dr. Premachandran Keezhoth
Payyannur College, Payyannur
9447954592

Dr. Mohanan V. T. V.
Sir Syed College, Taliparamba
9400354822

Dr. Aneesh A. S.
N.S.S. College,
Nilamel
9745316606

Dr. P.R. Jayakrishnan
N.S.S. College,
Changanassery.

**State Committee Office**
KPCTA Mandiram
TC-25/28
14: MBRRA 36
Mathrubhumi Road
Vanchiyoor
Thiruvananthapuram.

**Printed & Published by**
KPCTA State Committee

**For Private Circulation Only**

## ▪ എഡിറ്ററുടെ കുറിപ്പ്



**ഡോ. ആദർശ് സി.**
എഡിറ്റർ

ഉന്നതവിദ്യാഭ്യാസ മേഖല വൻപരിണാമത്തിന്റെ വക്കിലാണെന്ന് ഏറെക്കുറെ തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഏതുരീതിയിലേക്കാണ് അത് മാറുന്നത് എന്ന കാര്യം മാത്രമേ നോക്കിക്കാണേണ്ടതുള്ളൂ. പരിണാമം എന്ന പ്രക്രിയ അവിരാമമമായി തുടർന്നുകൊണ്ടിരിക്കും. ചില ഘട്ടങ്ങളിൽ വൻ കുതിച്ചുചാട്ടങ്ങളുമുണ്ടാകും. ആധുനിക വിദ്യാഭ്യാസം, അങ്ങനെയൊരു കുതിച്ചുചാട്ടത്തിൽ പാരമ്പര്യരീതിയിൽ നിന്ന് വലിയ വിച്ഛേദമുണ്ടാക്കിക്കൊണ്ടാണ് നിലവിൽ വന്നത്. ദേശീയത, ജനാധിപത്യം, മതേതരത്വം എന്നീ സാമൂഹികമൂല്യങ്ങൾ അടിസ്ഥാന ഘടകങ്ങളായിരുന്നു. പുതിയ വിജ്ഞാനശാഖകൾ പാരമ്പര്യപഠനശാഖകളെ പിൻതള്ളി. ശാസ്ത്രീയാടിത്തറ പ്രധാനമായി മാറി. സാമൂഹികത, ചിന്താപരത എന്നിവയൊക്കെ വിദ്യാഭ്യാസത്തിന്റെ ധർമ്മവും ലക്ഷ്യവുമായി. വിദ്യകൊണ്ട് നേടേണ്ടതെന്ത് എന്നതിനെയാണ് അത് കുറിക്കുന്നത്.

ഓരോ ഘട്ടത്തിലും വിദ്യാഭ്യാസത്തിൽ പുറമേയുള്ള പരിഷ്കരണങ്ങൾ നടക്കുന്നുണ്ടെങ്കിലും അടിസ്ഥാന ഘടന മേൽപ്പറഞ്ഞ ഘടകങ്ങൾ തന്നെയായിരുന്നു. ആ ഘടനയിലാണ് ഇപ്പോൾ മാറ്റം വന്നിരിക്കുന്നത്. സമൂഹചിന്തയിലാണ് കാതലായ മാറ്റം വന്നത്. ജനാധിപത്യമൂല്യങ്ങൾ ഫാസിസ്റ്റ് ആശയങ്ങളിലേക്ക് വഴി മാറുന്നത് സമൂഹത്തിലും ദൃശ്യമാണല്ലോ. സമാനമായി വിദ്യാഭ്യാസത്തിന്റെ സമൂഹകേന്ദ്രിത സ്വഭാവം വ്യക്തികേന്ദ്രിതമായി മാറുന്ന കാഴ്ചയും കാണുമല്ലോ. വിദ്യാഭ്യാസം സമൂഹനന്മയ്ക്ക് വേണ്ടി എന്നതു മാറി ജോലി മാത്രം കേന്ദ്രിതമാകുന്നു എന്നു ചുരുക്കം. ഈ സന്ദർഭത്തിൽ വേണം ധാരാളം വൈരുദ്ധ്യങ്ങൾ നിറഞ്ഞ പുതിയ ദേശീയ വിദ്യാഭ്യാസ നയത്തെ കാണേണ്ടത്. സമാനമായി നിലവിലെ കോഴ്സുകളിൽ ചേരാൻ കുട്ടികൾ ഇല്ലാതാവുന്ന അവസ്ഥയും വിശകലനം ചെയ്യേണ്ടതാണ്. അതിനുള്ള കാരണമായി നിരീക്ഷിക്കപ്പെട്ടത് കുട്ടികൾ പഠിക്കുന്നതിനായി വിദേശരാജ്യങ്ങളിലേക്ക് പോകുന്നു എന്നതാണ്. സമൂഹത്തിന്റെ ചിന്തക്ക് അനുസൃതമായി

സ്വാഭാവികമായും ഭരണകൂടവും മാറാൻ ശ്രമിക്കുന്നു. എന്നാൽ ഭരണകൂടം നയം നിർമ്മിക്കാൻ ശ്രമിക്കുന്നുമില്ല. ആ രീതിയിൽ ദിശാബോധമുള്ള ഗവൺമെന്റുകൾ കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും കുറയുന്നു എന്നതും കാണാം.

വിദ്യാഭ്യാസം എന്നത് തീർത്തും സാങ്കേതികമായ ഒന്നായി മാറുന്നു എന്നതാണ് ഈ പരിണാമത്തിന്റെ അടിസ്ഥാനഘടകം. ചിന്താപരമായ ഉത്കർഷം അത് ഒട്ടുമേ പരിഗണിക്കുന്നില്ല എന്നും കാണാം. യഥാർത്ഥത്തിൽ ഉണ്ടാകേണ്ടിയിരുന്ന ചിലത് തദ്ദേശീയപഠനങ്ങളുടെ (indigenous studies) വികാസമാണ്. ദേശീയ വിദ്യാഭ്യാസ പദ്ധതിയിൽ പ്രാദേശിക ഭാഷകൾക്ക് കൊടുക്കുന്ന പ്രാധാന്യം കേരളസർക്കാർ കാണാതെ പോകുന്നു. നിലവിൽ രണ്ടു വർഷം ഉണ്ടായിരുന്ന സാഹിത്യപഠനം വരുത്താനുദ്ദേശിക്കുന്ന നാലു വർഷ ഡിഗ്രി കോഴ്സുകളിൽ ഒരു വർഷം മാത്രമാക്കി ചുരുക്കുന്നു. ഇവ വിദ്യാർത്ഥിയുടെ വൈകാരികവളർച്ചയെ പിന്നോട്ടടിപ്പിക്കുന്നതിനും മുരടിച്ച സാങ്കേതികബുദ്ധിയുടെ പ്രയോഗവത്കരണം മാത്രമായി പഠനം പരിണമിക്കുന്നതിനും ഇടയാക്കിയേക്കാം. ലോകമെമ്പാടും തദ്ദേശീയ പഠനങ്ങളുടെ സാധ്യതകൾ ആരായുമ്പോൾ, കണ്ടെടുക്കുമ്പോൾ ഡീകോളനൈസിംഗ് ആവശ്യമായ, മൂന്നാം ലോകരാജ്യമായ ഇന്ത്യ പാരമ്പര്യത്തിന്റെ ഗരിമ പറഞ്ഞ് ജനതയെ പിന്തിരിപ്പന്മാരാക്കാൻ ശ്രമിക്കുന്നു. യഥാർത്ഥത്തിൽ എൻ.ഇ.പി. യിലെ പാരമ്പര്യ പഠനങ്ങളെ തദ്ദേശീയപഠനങ്ങളാക്കി വികസിപ്പിക്കാൻ ശ്രമിക്കുകയാണ് നാം ചെയ്യേണ്ടത്. നമ്മുടെ വിഭവങ്ങളെ, നമ്മുടെ പ്രാദേശിക അറിവുകളെ നാം വേണ്ടുംവണ്ണം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ വന്നാൽ ചക്കക്കുരുവിന്റെ പേറ്റന്റ് പുറമേക്ക് പോകുമായിരുന്നില്ല. ശാസ്ത്ര ഗവേഷണങ്ങൾ തദ്ദേശീയമാകേണ്ടതുണ്ട്. അതിന് മാതൃഭാഷയിൽ ശാസ്ത്രം അധ്യയനം ചെയ്യേണ്ടതുണ്ട്. പക്ഷേ അത്തരം തിരിച്ചറിവ് അടുത്തകാലത്തൊന്നും സംഭവിക്കാനുള്ള സാധ്യത പ്രത്യേകിച്ച് കേരളത്തിലെ അക്കാദമിഷ്യന്മാർക്കിടയിൽ കാണുന്നുമില്ല. കേവലം വൈദേശികമായ ലക്ഷ്യങ്ങൾ വെച്ചുകൊണ്ട്, നമ്മുടേതായ വിജ്ഞാനവഴികൾ കണ്ടെത്താതിരിക്കുമ്പോൾ ചിന്താശേഷിയില്ലാത്ത ഒരു തലമുറയായിരിക്കും ഉണ്ടാകാൻ പോകുന്നത്. സാംസ്കാരികവും സാമൂഹികവുമായ തകർച്ച ഉണ്ടാവും എന്നു മാത്രമല്ല, സാമ്പത്തികമായ തകർച്ചക്കും അതിടയാക്കും.

ഉപരിപ്ലവമായ പരിഷ്കാരങ്ങൾ മാത്രം ലക്ഷ്യംവെച്ചുകൊണ്ട് എൻ.ഇ.പി. നടപ്പിലാക്കിയാൽ നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകൾ അടച്ചുപൂട്ടേണ്ടിവരും. തെലുങ്കാനയിലെപ്പോലെ ഗവൺമെന്റ് കോളേജുകളും പ്രൈവറ്റ് കോളേജുകളും മാത്രമായി ചുരുങ്ങും. എയ്ഡഡ് മേഖല പൂർണമായും ഇല്ലാതാകും. പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്ന സമയത്ത് സമാന്തരമായി അവ കൊണ്ടുവരികയാണ് ചെയ്തത്. അവയിൽ ഭൂരിഭാഗം എഞ്ചിനിയറിംഗ് കോളേജുകളും പകുതിയിലധികം സീറ്റുകൾ ഒഴിഞ്ഞ് അടച്ചുപൂട്ടലിന്റെ വക്കിലാണ്. ആ മേഖലയിൽ പരീക്ഷിക്കുന്നതായിരിക്കും നിലവിൽ ഭേദപ്പെട്ട രീതിയിൽ പ്രവർത്തിച്ചുപോരുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഇതു നടപ്പാക്കുന്നതിലും ഉചിതം. സംഘടനകൾ അത്തരം അഭിപ്രായരൂപീകരണത്തിന് ശ്രമിച്ചാൽ നന്നായിരിക്കും. നിലവിലെ 'പാരമ്പര്യവിദ്യാഭ്യാസം' മുന്നോട്ടുകൊണ്ടുപോകുന്ന ആർട്സ് കോളേജുകൾ സ്വാഭാവികമായി ഇല്ലാതവുമെങ്കിൽ ഇല്ലാതായിക്കൊള്ളട്ടെ, പരിഷ്കരിച്ച് കൊല്ലാതിരിക്കുകയാണ് ഭേദം.

▪ പ്രസിഡന്റിന്റെ കുറിപ്പ്



**ഡോ. ടി.മുഹമ്മദാലി**
സംസ്ഥാന പ്രസിഡന്റ്

# സംസ്ഥാനസമ്മേളന ചിന്തകൾ




2022 മേയ് 17ന് KPCTA സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് ധർണ്ണ
തിരുവനന്തപുരം ഡിസിസി പ്രസിഡന്റ് പാലോട് രവി ഉദ്ഘാടനം ചെയ്യുന്നു

വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ തീരുമാനങ്ങളുമായി കേന്ദ്ര കേരള സർക്കാരുകൾ മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് നാം ഈ വർഷത്തെ സമ്മേളനം കോഴിക്കോട് വച്ച് ചേരുന്നത്. കരിക്കുലത്തിന്റെ ഘടനയിലും സ്ഥാപന രൂപങ്ങളിലും അധ്യാപകരോടും വിദ്യാർത്ഥികളോടുമുള്ള കാഴ്ചപ്പാടുകളിലും സ്ഥാപനനടത്തിപ്പിൽ സർക്കാറുകൾക്കുള്ള ഉത്തരവാദിത്തങ്ങളുടെ കാര്യത്തിലും അടിമുടി മാറ്റത്തോടു കൂടിയുള്ള പരിഷ്കാരങ്ങൾക്ക് നിലമൊരുങ്ങുകയാണ് നമ്മുടെ രാജ്യത്ത്. രാജ്യത്തിൻറെ പൊതുസമ്പത്ത് മുഴുവനും കൈവിരലിൽ എണ്ണാവുന്ന സ്വകാര്യ മുതലാളിമാരുടെ സൗകര്യങ്ങൾക്ക് അനുസരിച്ച് വിറ്റും വീതം വച്ചും രാജ്യത്തെ തീറെഴുതി കൊടുക്കുന്ന കേന്ദ്രസർക്കാരാണ് ദേശീയവിദ്യാഭ്യാസ നയം എന്ന പേരിൽ പുതിയ ഒരു കൂട്ടം പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചിട്ടുള്ളത്. ചരിത്രത്തെ അംഗീകരിക്കുകയോ പാരമ്പര്യങ്ങൾക്ക് ഇടം കൊടുക്കുകയും പൂർവ്വകാല നേട്ടങ്ങളെ അംഗീകരിക്കുകയോ ചെയ്യാതെ തീർത്തും അമേരിക്കൻ രീതിയിലുള്ള മുതലാളിത്തത്തിന് മേഖല മുഴുവൻ തുറന്നു നൽകുന്ന ഒരു പുതിയ ഘടനയുമായി വിദ്യാഭ്യാസ രംഗത്ത് മാറ്റം സൃഷ്ടിക്കുവാൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നു. അതേസമയം ചുണ്ടിൽ നവ ലിബറൽ വിമർശനങ്ങൾ നിറച്ചു വെച്ച് പ്രവർത്തനത്തിൽ കേന്ദ്രസർക്കാറിന്റെ നയങ്ങളെ മത്സരബുദ്ധിയോടു കൂടി നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇടത് പക്ഷമാണെന്ന് അവകാശപ്പെടുന്ന കേരള സർക്കാരിന്റെ നീക്കങ്ങൾ നടക്കുന്നു .












ദേശീയ വിദ്യാഭ്യാസനയം അതിന്റെ ഭ്രൂണാവസ്ഥയിൽ ആയിരിക്കുന്ന സമയത്ത് തന്നെ നമ്മുടെ സംസ്ഥാനത്ത് കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ നട്ടെല്ലൊടിക്കുന്ന രീതിയിൽ പല നീക്കങ്ങളും നടത്തിയതിന് കുപ്രസിദ്ധി ആർജിച്ച സർക്കാരാണ് ശ്രീ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാം സർക്കാരും രണ്ടാം സർക്കാരും. മേഖലയെ ഉന്നം വെച്ച് നടത്തിയ ഏറ്റവും പ്രധാനമായ തീരുമാനം ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ തസ്തിക കണക്കാക്കുന്നതിൽ പി.ജി. വെയിറ്റേജ് എടുത്തു കളഞ്ഞ നടപടിയാണ്. കോവിഡ് വ്യാപനത്തിന്റെ ഭീതിയിൽ നമ്മുടെ സംസ്ഥാനം ഭീതിയോടുകൂടി ഇരിക്കുന്ന സമയമാണ് സർക്കാർ ഇതിന് തെരഞ്ഞെടുത്തത്. കാരണം ഈ തീരുമാനം വമ്പിച്ച പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതാണെന്ന് സർക്കാരിന് അറിയാമായിരുന്നു. കൊറോണക്കാലം ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ആർക്കും തന്നെ ഈ വിഷയങ്ങൾ ഏറ്റെടുക്കുവാനും സർക്കാരിനെ തീരുമാനത്തിൽ നിന്ന് പിന്തിരിപ്പിക്കുവാനും സാധിക്കാതെ വന്നു എന്നത് വാസ്തവമാണ്. എന്നാൽ തീരുമാനം സംസ്ഥാനത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാഭ്യാസത്തെ ബലഹീനമാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള രീതിയിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഒരു സെമസ്റ്റർ ലെ അഞ്ച് കോഴ്സുകൾ പരിഗണിക്കുമ്പോൾ ഉള്ള 10 കോഴ്സുകൾ ഇതുവരെ 5 അധ്യാപകർ കൈകാര്യം ചെയ്തിരുന്നത് ഇനിമുതൽ മൂന്ന് അധ്യാപകർ കൈകാര്യം ചെയ്യണമെന്ന തീരുമാനമാണ് സർക്കാർ കൈക്കൊണ്ടത്.

ഉന്നതവിദ്യാഭ്യാസമേഖല യിൽ 45% അധ്യാപകരുടെ കുറവാണ് ഈ തീരുമാനത്തോടുകൂടി സർക്കാർ കൊണ്ടുവന്നത്. നമ്മുടെ സംസ്ഥാനത്തെ പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർഥികൾക്ക് അധ്യാപനത്തിന്റെ ലഭ്യതയുടെ ഈ കുറവ് തീർച്ചയായും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ബാധിക്കും. ബിരുദാനന്തര ബിരുദ വകുപ്പുകൾ ഗവേഷണ വകുപ്പുകൾ കൂടിയാകുമ്പോൾ ഇക്കാര്യത്തിൽ വിനാശകരമായ അധഃപതനത്തിലേക്ക് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല എത്തിച്ചേരും. സർക്കാർ എയ്ഡഡ് കോളേജുകളിലെ തസ്തികാനിർണയമനുസരിച്ചു തന്നെയാണ് കേരളത്തിൽ ഭൂരിഭാഗം വരുന്ന അൺ എയിഡഡ്കോളേജുകളിലെ തസ്തികളും കണക്കാക്കുന്നത് എന്നുള്ളത് കൊണ്ട് ഈ തകർച്ച മേഖലയിൽ മുഴുവനും ഉണ്ടാവുമെന്നതിൽ യാതൊരു സംശയവും വേണ്ട.

കോളേജ് അധ്യാപകരുടെ മുതുക് വളയ്ക്കുന്ന സർക്കാരിന്റെ ഈ തീരുമാനത്തിന് പുറമേ അവർക്ക് അവകാശപ്പെട്ട വേതന വർദ്ധനവും മറ്റാനുകൂല്യങ്ങളും നിരന്തരമായി നിഷേധിച്ചു കൊണ്ടിരിക്കുന്നത് എന്തിനുവേണ്ടിയാണ് എന്നത് ചിന്തനീയമാണ്. 10 വർഷത്തിലൊരിക്കൽ മാത്രം നടക്കുന്ന വേതന വർദ്ധനവ് തടഞ്ഞു വെച്ചപ്പോൾ സംഘടന കോടതിയെ സമീപിച്ചപ്പോൾ മാത്രമാണ് അവർക്ക് അത് നൽകാൻ സർക്കാർ സന്നദ്ധമായത് . പ്രൊഫസർഷിപ്പ് നൽകാനും നാം കോടതിയെ സമീപിക്കേണ്ടി വന്നു. രാജ്യത്തെ മറ്റെല്ലാ സംസ്ഥാനങ്ങളിലും യുജിസി റെഗുലേഷൻ പ്രകാരം പി എച്ച് ഡി അഡ്വാൻസ് ഇൻക്രിമെന്റ് നൽകിയപ്പോൾ അതും കേരള സർക്കാർ അധ്യാപകർക്ക് നിഷേധിച്ചു. ഇക്കാര്യത്തിലും കെപിസിടിഎയുടെ നേതൃത്വത്തിൽ അധ്യാപകർ കോടതിയെ സമീപിക്കുകയും നൽകണമെന്ന് വ്യക്തമായ വിധി നേടുകയും ചെയ്തിട്ടും അത് നൽകാൻ തയ്യാറാവാതെ ഈ കോടതി വിധിക്കെതിരെ അപ്പീൽ പോവാനാണ് സർക്കാർ മുന്നോട്ട് വന്നിരിക്കുന്നത്. മാത്രവുമല്ല, ഇങ്ങനെ വേതനവും മറ്റും നൽകുവാനുള്ള ഉത്തരവ് സർക്കാർ ഇറക്കേണ്ടി വന്നിട്ടും ശമ്പള വിതരണ സോഫ്റ്റ്വെയർ ആയ സ്പാർക്കിലെ സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് ഇപ്പോഴും കോളേജ് അധ്യാപകർക്ക് അവരുടെ വേതന പരിഷ്കരണത്തിന്റെ ഫലം ലഭ്യമാവാത്ത സാഹചര്യം നമുക്കെല്ലാവർക്കും അറിയാം. അതിനെല്ലാം പുറമെയാണ് 2019 ജൂലൈ മാസം തൊട്ട് സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് ഡി.എ. മരവിപ്പിച്ചിരിക്കുന്നത്. സിവിൽ സർവീസ് ഉള്ളവർക്ക് കേന്ദ്ര നിരക്കിൽ തന്നെ നൽകിയിരിക്കുന്നു. ജുഡീഷ്യൽ സർവീസിൽ ഉള്ളവർക്കും നൽകിയിരിക്കുന്നു. സർക്കാർ ജീവനക്കാർക്കും (ചില ഗഡുക്കൾ ഇനിയും ലഭിക്കാനുണ്ടെങ്കിലും) കുറച്ച് ഗഡുക്കളെങ്കിലും പിന്നീട് നൽകിയിട്ടുണ്ട്. എന്നാൽ 2019 ജൂലൈ മുതൽ യാതൊരുവിധ ഗഡുക്കളും അനുവദിക്കാത്ത സംസ്ഥാനത്തെ ഏക വിഭാഗം ആയി കോളേജ് അധ്യാപകരെ മാറ്റിനിർത്തി നിർത്തിയിരിക്കുകയാണ് കേരള സർക്കാർ. കോവിഡാനന്തരം രാജ്യം ഏറ്റവും വലിയ പണപ്പെരുപ്പം അനുഭവിച്ച ഒരു കാലമാണിത് എന്നുകൂടി എല്ലാവരും മനസ്സിലാക്കണം. മേഖലയിൽ അധ്യാപനത്തിന്റെ അന്തസ്സ് തകർക്കുകയും അധ്യാപകരുടെ അഭിമാന ബോധത്തെ ചോദ്യം ചെയ്യുകയും അവരുടെ മനോവീര്യം തകർക്കുകയും ചെയ്യുക എന്നല്ലാതെ മറ്റെന്ത് നേടാനാണ് സർക്കാരിന്റെ ഈ നിലപാട്?

അധ്യാപകർ ഇത്തരത്തിലുള്ള വമ്പിച്ച പ്രതിസന്ധി നേരിടുമ്പോൾ അതിശക്തമായ പ്രവർത്തനം നടത്തുവാൻ നമുക്ക് സാധിച്ചു. ഭരണ തരത്തിൽ നമ്മുടെ പ്രശ്നങ്ങൾ അതിശക്തമായി അവതരിപ്പിക്കാൻ നമുക്ക് സാധിച്ചു. പി ജി. വെയിറ്റേജ് ഉണ്ടാക്കുന്ന മാരകമായ വിപത്തുകൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ നമുക്ക് ബോധ്യപ്പെടുത്താനായി. അതനുസരിച്ച് പിജി വെയ്റ്റേജ് പിൻവലിച്ചത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കുന്ന വിപത്തുകൾ പഠിക്കുന്നത് വേണ്ടി സർക്കാർതലത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ഈ കമ്മിറ്റി സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പിജി വെയിറ്റേജ് പിൻവലിച്ചത് വമ്പിച്ച വിപത്ത് ഉണ്ടാക്കുമെ

ന്ന് കമ്മിറ്റി കണ്ടെത്തുകയും അതനുസരിച്ച് പിജി നിലനിർത്തണമെന്ന് അവസാനത്തെ തസ്തിക 16 മണിക്കൂർ നിർബന്ധിക്കരുതെന്നും ഏക വിഷയങ്ങൾ നിലനിർത്തണമെന്നും ഈ കമ്മിറ്റി സർക്കാറിനോട് ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഇതിൽ യാതൊരുവിധ നടപടിയും കൈക്കൊണ്ടിട്ടില്ല എന്നുള്ളത് ഖേദകരമാണ്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൽപിത സർവകലാശാലകൾ ആക്കരുത് എന്നും നാം സർക്കാറിനോട് ആവശ്യപ്പെട്ടു. നമ്മുടെ ഈ ആവശ്യവും സർക്കാർ അംഗീകരിക്കുകയും കോളേജുകൾ കല്പിത സർവ്വകലാശാലകൾ ആക്കില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. എങ്കിലും സ്വകാര്യ സർവ്വകലാശാലകളുമായി മുന്നോട്ടുപോകാൻ ഇടത് സർക്കാർ തീരുമാനിച്ച പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. മാത്രവുമല്ല ഏഴാം വേതന പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ പുറത്തിറക്കിയ ഉത്തരവുകളുടെ ശൃംഖലകളിലൂടെ യഥാർത്ഥത്തിൽ വേതനം അസാധ്യമാക്കുന്ന നിലയിൽ സ്പാർക്ക് സോഫ്റ്റ്വെയർ ഒരു തടസ്സമായി നിന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നേരിൽ കണ്ടുകൊണ്ട് സ്പാർക്ക് സോഫ്റ്റ്വെയറിൽ വരുത്താവുന്ന മാറ്റങ്ങൾക്ക് നിർദ്ദേശങ്ങൾ പോലും സമർപ്പിച്ചുകൊണ്ട് കേരളത്തിലെ കോളേജ് അധ്യാപകർക്ക് അവരുടെ വേതനവും വേതന കുടിശികയും സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട കുടിശ്ശികയും മറ്റും ലഭ്യമാക്കുവാൻ നാം നിരന്തരമായി പരിശ്രമിച്ചു വന്നു. ചില പ്രശ്നങ്ങൾ കൂടി ഇനിയും പരിഹരിക്കേണ്ടതുണ്ട് എന്നുള്ളത് വസ്തുത തന്നെ. ഇത്തരത്തിൽ ഭരണതലത്തിൽ നിരന്തരമായ ഇടപെടലുകളിലൂടെ സംഘടന പ്രവർത്തനം ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു കാര്യമാണ് എന്ന് നാം നേരിൽ അനുഭവിക്കുകയാണ്.

സർക്കാർ നമ്മുടെ പ്രശ്നങ്ങളോട് മുഖം തിരിച്ചിരുന്നപ്പോൾ സംഘടനക്ക് കോടതിയെ സമീപിക്കുക മാത്രമേ മാർഗം ഉണ്ടായിരുന്നുള്ളൂ. ഏഴാം ശമ്പള പരിഷ്കരണം ലഭ്യമാകുന്നതിന് വേണ്ടി നാം കോടതിയെ സമീപിച്ചു നമുക്ക് അനുകൂലമായ വിധി നടി. സാങ്കേതികതുടെ പേരിൽ കുറെ താമസങ്ങൾ അനുഭവപ്പെട്ടാലും സർക്കാറിന് വിധി വകവെക്കാതിരിക്കാൻ കഴിഞ്ഞില്ല. പ്രൊഫസർഷിപ്പിന്റെ കാര്യത്തിലും നാം കോടതിയെ സമീപിച്ചു. ഇക്കാര്യത്തൽ സർക്കാറിന് കനത്ത പ്രഹാരം ലഭിക്കുമെന്ന് ഉറപ്പായപ്പോൾ 2018 മുതൽ പ്രൊഫസർഷിപ്പ് നടപ്പിലാക്കിയതായി സർക്കാർ ഉത്തരവിറക്കി. പിജി വെയിറ്റേജ് നിർത്തലാക്കിയതിനെതിരെ നാം കോടതിയെ സമീപിച്ചു. സംഘടനയ്ക്ക് ഇക്കാര്യത്തിൽ ലോക്കസ് സ്റ്റാൻഡി ഇല്ല എന്നതിന്റെ പേരിൽ കേസിൽ അനുകൂല വിധി ലഭിച്ചില്ലെങ്കിലും 2018 ജൂലൈ മാസം മുതൽ 2020 ഏപ്രിൽ ഒന്നു വരെയുള്ള കാലത്ത് നിയമനം ലഭിച്ച എല്ലാവരെയും അംഗീകരിക്കാൻ സർക്കാർ നിർബന്ധിതരായി. ഈ നിലക്ക് ഉത്തരവിറക്കിയതിനു ശേഷം മാത്രമാണ് സർക്കാറിന് കോടതിയിൽ പിടിച്ചുനിൽക്കാനായത്.  നമ്മളിൽപെട്ട ധാരാളം പേർക്ക് 2020 ഏപ്രിൽ ഒന്നിന്റെ ഉത്തരവ് ബാധകമല്ലാത്ത സാഹചര്യമുണ്ടായി എന്നതായിരുന്നു ഈ കേസിന്റെ നേട്ടം. യുജിസി റെഗുലേഷൻ വ്യക്തമായി പറഞ്ഞിട്ടും കോളേജ് അധ്യാപകർക്ക് പി എച്ച് ഡി അഡ്വാൻസ് ഇൻക്രിമെന്റ് നൽകുവാൻ ഇടത് സർക്കാർ തയ്യാറായില്ല. ഇക്കാര്യത്തിലും നാം കോടതിയെ സമീപിച്ചു. ഹൈക്കോടതി നമുക്ക് അനുകൂലമായി വിധി പറഞ്ഞു. മൂന്നുമാസം കാത്തിരുന്നിട്ടും സർക്കാരിന്റെ ഭാഗത്ത് നിന്ന് യാതൊരു നീക്കവും ഉണ്ടായില്ല. അങ്ങനെ നാം സർക്കാരിനെതിരെ കോടതി അലക്ഷ്യം ഫയൽ ചെയ്തു, അപ്പോൾ കേരളത്തിലെ കോളേജ് അധ്യാപകരെ മുഴുവനും വഞ്ചിക്കുന്നതരത്തിൽ ഇടതു സർക്കാർ ഈ വിധിക്കെതിരെ കോടതിയിൽ അപ്പീൽ നൽകി. ഇതിപ്പോൾ കോടതിയുടെ പരിഗണനയിലാണ്. നീതി നമ്മുടെ ഭാഗത്തു തന്നെയാണ് എന്ന് വളരെ വ്യക്തമാണ്. ഇക്കാര്യത്തിലും സർക്കാറിന്റെ നിലപാടിനെ കോടതി തള്ളുമെന്ന വിശ്വാസത്തിലാണ് കോളേജ് അധ്യാപകർ. നീതി ലഭിക്കും വരെ ഏതു നിലയിലുള്ള പോരാട്ടത്തിനും തയ്യാറാണ് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ.

കേരളത്തിലെ സർവ്വകലാശാലകളെ പടിപടിയായി നാശത്തിലേക്ക് കൊണ്ടുപോകുന്ന കാഴ്ചയാണ് നാം കാണുന്നത്. കരിക്കുലം തയ്യാറാക്കുന്നതിൽ യാതൊരുവിധ കൂടിയാലോചനകൾ എവിടെയും ഉണ്ടായിട്ടില്ല. വളരെ നല്ല യോഗ്യതയുള്ള ധാരാളം വിദഗ്ദ്ധന്മാർ പാർട്ടിയുടെ സംഘടനകളിൽ ഉണ്ടാവുമ്പോഴും ചെയ്യാത്തവർ എന്നതിന്റെ പേരിൽ അവരെ മാറ്റി നിർത്തിക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാവുന്ന അധ്യാപകരെ പഠന ബോർഡുകളിൽ കുത്തിനിറച്ചത് നാം കണ്ടതാണ്. 20 വർഷത്തിലധികം പ്രവർത്തന പരിചയവും ഗവേഷണ യോഗ്യതയുമുള്ള ധാരാളം പേരുള്ള സമയത്തു പോലും ജോലിക്ക് കയറി അധികമായിട്ടില്ലാത്ത അധ്യാപകരെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ആകുന്ന നാണക്കേട് കോഴിക്കോട് സർവ്വകലാശാലയിൽ കണ്ടതാണ്. ഇക്കാര്യത്തിൽ ചാൻസിലർക്കും മറ്റും നൽകിയ പരാതികൾ പരിഗണിക്കപ്പെടാതെ പോയി. കണ്ണൂർ സർവ്വകലാശാലയും ഇതിനെക്കാൾ മോശമായ തരത്തിൽ പഠന ബോർഡുകൾ രൂപീകരിച്ചു. അവിടെയും നാം ചാൻസ്ലർക്ക് പരാതി നൽകി. എന്നിട്ടും തീരുമാനം ഉണ്ടാവാതിരുന്നപ്പോൾ കോടതിയെ സമീപിച്ചു. പഠന ബോർഡുകളുടെ കാര്യത്തിൽ സർവകലാശാല നടത്തിയ ഏറ്റവും മോശമായ നിലപാടുകളെ കോടതി ശക്തമായി വിമർശിച്ചു. ഇക്കാര്യത്തിൽ ചാൻസലർ പോലും കോടതിയിലേക്ക് വരേണ്ടി വന്നു. ഈ സാഹചര്യത്തിൽ മാത്രമാണ് കണ്ണൂർ സർവകലാശാലയിലെ പഠന ബോർഡുകൾ നിയമവിരുദ്ധമാണെന്നും അത് പിരിച്ചു വിടേണ്ടതാണെന്നുവരികയും




അത് ചാൻസലർ പിരിച്ചുവിടുകയും ചെയ്യത്. സംഘടനയുടെ സമരം ഇക്കാര്യത്തിൽ അവസാനിച്ചിട്ടില്ല. പഠന ബോർഡുകൾക്ക് പകരം അഡ് ഹോക്ക് കമ്മിറ്റികൾ ഉണ്ടാക്കി കോടതിയെയും ചാൻസലറെയും പൊതുജനങ്ങളെയും കളിയാക്കുന്ന കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസ്ലറുടെ നടപടിക്കെതിരെ സംഘടന പോരാടിക്കൊണ്ടിരിക്കുകയാണ്.

മാത്രവുമല്ല ക്യാമ്പസുകളിലെ അധ്യാപക നിയമനത്തിൽ വ്യക്തമായ കക്ഷിരാഷ്ട്രീയ പരിഗണനകളും അഴിമതിയും സാധാരണമായിരിക്കുകയാണ്. വൈസ് ചാൻസലറുമാരുടെ നിയമനം തൊട്ട് താൽക്കാലിക ജീവനക്കാരുടെ നിയമനം വരെ നിൽക്കുന്ന ഈ പാർട്ടി കോക്കസ് നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ കാർന്നു തോന്നുന്ന മഹാരോഗമായി മാറിയിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാലയിൽ ഒരു പാർട്ടി നേതാവിന്റെ ഭാര്യയുടെ നിയമനം ഇത് വ്യക്തമായി വിളിച്ചോതുന്നുണ്ട്. ഒരു അധ്യാപിക സ്വപ്ന തുല്യമായ രീതിയിൽ 8 വർഷം സർവ്വീസിലിരുന്നുകൊണ്ട് അതിൽ മൂന്നുവർഷം മാത്രം അധ്യാപനം നടത്തുകയും തുടർന്ന് മൂന്നുവർഷം യുജിസി സഹായത്തോടുകൂടി എഫ്. ഡി. പിയിൽ ഗവേഷണം നടത്തുകയും ഒട്ടും താമസമില്ലാതെ അടുത്ത രണ്ടുവർഷം സർവകലാശാലയിൽ സ്റ്റുഡൻസ് കോഡിനേറ്ററായി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുകയും അങ്ങനെ മൊത്തം എട്ടു




വർഷം തികയുമ്പോഴേക്കും ഒരു സർവ്വകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ ആകാൻ കഴിയുന്ന തരത്തിൽ അക്കാദമിക ജീവിതം ഒരാൾക്ക് എല്ലാ തലങ്ങളും വെട്ടിപ്പിടിക്കാൻ കഴിയുന്നത് ഒരു പാർട്ടി നേതാവിന്റെ ഭാര്യയാണ് എന്ന ഒറ്റ കാരണമല്ലാതെ മറ്റൊന്നുമല്ലെന്ന് മാലോകർക്ക് എല്ലാവർക്കും അറിയാം. ഇത് കേവലം പുറത്തുവന്ന ഒരു സംഭവം മാത്രം. ഇവിടന്നു തുടങ്ങി കണ്ണൂർ ജയിലിൽ കിടക്കുന്ന നേതാവിന് പരോള് ലഭിക്കുവാൻ കേരള സർവകലാശാലയിൽ അദ്ദേഹത്തെ ഗവേഷണത്തിന് അഡ്മിഷൻ നൽകി സഹായിക്കാൻ നടക്കുന്ന നീക്കങ്ങൾ ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. നിയമനം നടത്തുമ്പോൾ മാത്രമാണ് സംവരണം ഉറപ്പിക്കേണ്ടതെന്ന് ഏതോ ഒരു കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മറ്റെല്ലാ സർവകലാശാലകളിൽ നിന്നും വ്യത്യസ്തമായി കോഴിക്കോട് സർവ്വകലാശാലയിൽ മാത്രം നിയമനങ്ങൾ നടത്തുന്ന സാഹചര്യവും എല്ലാവരും കണ്ടു. ഇതിനു പുറമേ കഴിയാവുന്ന ഇടങ്ങളിൽ എല്ലാം പി.എസ്.സിയെയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനേയും നോക്കുകുത്തിയാക്കി പിന്നാമ്പുറ നിയമനങ്ങൾ നടത്തുന്നത് സാധാരണമായി മാറിയിരിക്കുന്നു. കോഴിക്കോട് സർവ്വകലാശാലയിൽ 100 പേരെ ഒന്നിച്ച് പിൻവാതിലിലൂടെ കയറ്റാൻ നടത്തിയ ശ്രമം കോടതി തടഞ്ഞു വച്ചിരിക്കുകയാണ്. അതുപോലെ മറ്റു സർവ്വകലാശാലകളിലും ഇത്തരത്തിലുള്ള നീക്കങ്ങൾ നടക്കുന്നുണ്ട്. ഇതോടൊപ്പം കരിക്കുലവും സിലബസും തീരെ മേന്മ കുറഞ്ഞു എന്നത് ക്യാമ്പസുകളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ധാരാളം ഒഴിവുസമയങ്ങൾ ഉണ്ടാക്കുകയും കാമ്പസുകളിൽ അക്കാദമികസൗകര്യങ്ങളും സാഹചര്യങ്ങളും ഇല്ലാത്തതിനാൽ അവർ മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും കൂപ്പുകുത്തുകയും അതോടൊപ്പം ഇടതുപക്ഷ രാഷ്ട്രീയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെ വിളനിലമായി മാറുകയും ചെയ്തിരിക്കുന്നു. അവരെ ഉപദേശിക്കുവാനോ നേരെയാക്കുവാനോ അധ്യാപകർക്കോ രക്ഷിതാക്കൾക്കോ പോലും കഴിയാത്ത സാഹചര്യം വന്നിരിക്കുന്നു. നിലപാടെടുത്ത അധ്യാപകർക്കെതിരെ ആക്രമണവും അധിക്ഷേപവും വരുന്നു. പ്രിൻസിപ്പാൾമാരുടെ ഓഫീസുകൾ ആക്രമിക്കുകയും കസേര തകർക്കുകയും കത്തിക്കുകയും ചെയ്യുന്നു. വനിതാ പ്രിൻസിപ്പാൾമാരുടെ പേരിൽ അസഭ്യവും ആഭാസവും പറഞ്ഞ് അവരെ മാനസികമായി തകർക്കാൻ ശ്രമിക്കുന്നു. അധ്യാപകരെ ഡിപ്പാർട്ട്മെന്റുകൾക്കകത്ത് പൂട്ടിയിടുന്നു. ഇത്തരത്തിൽ തികച്ചും അക്കാദമികേതരവും അനാരോഗ്യകരമായ രാഷ്ട്രീയ പ്രവർത്തനങ്ങൾ നിറഞ്ഞതുമായ ക്യാമ്പസുകൾ ആയി നമ്മുടെ ക്യാമ്പസുകൾ മാറിയിരിക്കുന്നു. ഇത്തരത്തിൽ നല്ല അധ്യാപകർക്കും നല്ല വിദ്യാർത്ഥികൾക്കും നിലനിൽപ്പില്ലാത്ത നിലങ്ങളായി നമ്മുടെ ക്യാമ്പസുകൾ പതിയെ പതിയെ മാറി വരുന്നു.

ഇത്തരത്തിലുള്ള സാഹചര്യത്തിൽ സർക്കാർ നേരിട്ടു നടത്തുകയും സർക്കാറിന്റെ സഹായ

ത്തോടുകൂടി നടത്തുകയും ചെയ്യുന്ന നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാധാരണക്കാരായ വിദ്യാർഥികൾക്ക് പഠിച്ച് മുന്നേറാനുള്ള സാഹചര്യങ്ങൾക്ക് വിലങ്ങു വീഴുന്ന നിലയിലേക്കാണ് നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസം നീങ്ങി വരുന്നത് എന്ന് ഭയപ്പെടേണ്ടതുണ്ട്. ഇതിനെതിരെ പൊതു ജനങ്ങളിൽ നിന്ന് അടക്കം ശക്തമായ നീക്കങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

കെപിസിടിഎ ഇക്കാര്യത്തിൽ കഴിയാവുന്ന എല്ലാ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. കണ്ണൂർ സർവ്വകലാശാലയിലെ പഠന ബോർഡുകളുടെ കാര്യം മുമ്പ് സൂചിപ്പിച്ചു കഴിഞ്ഞു. ചട്ടവിരുദ്ധമായി വൈസ് ചാൻസിലറെ നിയോഗിച്ചതിനെതിരെയുള്ള കെപിസിടിഎ റീജിയണൽ കമ്മിറ്റിയുടെ കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അതിനിടയിൽ തന്നെ കേരള സാങ്കേതിക സർവ്വകലാശാലയുടെ വിസി നിയമനവുമായി ബന്ധപ്പെട്ട് വന്ന കോടതി വിധി അനുസരിച്ച് സംസ്ഥാനത്തെ എല്ലാ വൈസ് ചാൻസലർമാരെയും ചട്ടവിരുദ്ധമായാണ് നിയമിച്ചിരിക്കുന്നത് എന്നും അതുകൊണ്ട് അവരുടെ നിയമനം തന്നെ തെറ്റാണ് എന്നും വിധി വന്നിരിക്കുകയാണ്. ഇതൊക്കെയായിട്ടും തങ്ങളുടെ സ്ഥാനങ്ങൾ രാജിവെക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല, ഈ സാഹചര്യത്തിൽ കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലർക്കെതിരെ കേസ് നൽകാനും നാം മുന്നോട്ട് വന്നു. ഇത്തരത്തിൽ സംഘടനയുടെ മുഴുവൻ കഴിവും ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഇടതു സർക്കാറിന്റെ പിന്തിരിപ്പൻ നായങ്ങളിൽ നിന്ന് രക്ഷിച്ചെടുക്കുന്നതിനു വേണ്ടിയും ഉന്നതവിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം വർദ്ധിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനും അതിനെല്ലാം ഉപരി കോളേജ് അധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾ ഭരണതലത്തിലുള്ള ഇടപെടലുകളിലൂടെയും നിയമ പോരാട്ടങ്ങളിലൂടെയും പരിഹരിക്കാനും നമുക്ക് സാധിച്ചു.

സംഘടനാ പ്രവർത്തനം ശക്തമായി മുന്നോട്ടു പോകേണ്ട കാലഘട്ടമാണിതെന്ന് മുകളിൽ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ഈ മേഖലയിൽ ആത്മാർത്ഥമായി പ്രവർത്തിച്ച ഒരു സംഘടന കെ.പി. സി.ടി.എ. മാത്രമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ നമുക്ക് സാധിക്കും. ഭരണവിലാസം സംഘടനകൾ ദീർഘമായ മൗനത്തിലാണ്. അവർക്ക് പലർക്കും കാര്യങ്ങൾ അറിയാം. ചിലർ അത് പറയാൻ ശ്രമിച്ചു. അപ്പോൾ നമ്മുടെ അവരെ "ഗുണംപറ്റികൾ" എന്ന് അവഹേളിച്ച് "മിണ്ടിപ്പോവരുത്" എന്ന് ഭീഷണിപ്പെടുത്തി. അതിനുശേഷം 'ഞങ്ങൾ ഇവിടെയുണ്ടേ' എന്ന് പറയാൻ പോലും ധൈര്യം ലഭിക്കാതെ കേരളത്തിലെ കലാലയങ്ങളിലൂടെ അങ്ങുമിങ്ങും നടക്കുകയാണിവർ. ഒരുപക്ഷേ ഒന്ന് സ്വതന്ത്രമായി സംസാരിക്കാൻ ഈ ഭരണം അവസാനിക്കണേ എന്ന് അവർ പ്രാർത്ഥിക്കുന്നുണ്ടാവും. "നാണക്കേടേ" എന്ന് പറയുകയല്ലാതെന്തു ചെയ്യാൻ!

ഇത്തരത്തിൽ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്തു നടക്കുന്ന അപചയം ഒറ്റപ്പെട്ടതല്ല എന്ന് തോന്നിക്കുന്നതാണ് സാംസ്കാരിക മേഖലയിൽ വളർന്നു വരുന്ന പ്രവണതകൾ. കളവ്, ചതി, വഞ്ചന, കൊലപാതകം, സ്ത്രീപീഡനം, ആത്മഹത്യ, ലഹരിവ്യാപനം, മയക്കുമരുന്നുപയോഗം തുടങ്ങിയ വാർത്തകൾ നാം ലാഘവത്തോട് കൂടി കേട്ടുകളയുന്ന അവസ്ഥയിലേക്ക് മാറിയിട്ടുണ്ടോ? ഇതിന് ഉത്തരവാദികൾ ആരാണ്? മനുഷ്യത്വം മരവിപ്പിക്കുന്ന ഈ സംസ്കാരികതകർച്ച നമ്മെ ചിന്തിപ്പിക്കാത്തതെന്തുകൊണ്ട്? നമ്മുടെ ബുദ്ധിക്കും ബുദ്ധിജീവികൾക്കും എന്താണ് സംഭവിച്ച് കൊണ്ടിരിക്കുന്നത് ? ഇതെല്ലാം വിദ്യാഭ്യാസത്തിന്റെ സാംസ്കാരികപരിസരത്തിൽ ചർച്ച ചെയ്യപ്പെടേണ്ടത് തന്നെയാണ്.

2023 മാർച്ച് 11–12 തിയ്യതികളിൽ നടക്കുന്ന കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനം ഇത്തരം ചിന്തകൾ അടയാളപ്പെടുത്തുന്ന ഒന്നാവണമെന്ന് നാം വിചാരിക്കുന്നു.



**ക്രിസ്റ്റി പേരയിൽ**
(ജോയിന്റ് സെക്രട്ടറി, KPCTA കോഴിക്കോട് ജില്ല)
അസിസ്റ്റന്റ് പ്രൊഫസർ, ചരിത്ര വിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്


# തേജ്പാൽ സംസ്കൃത കോളേജ് മുതൽ നവ റായ്പൂർ വരെ

# കോൺഗ്രസ് പാർട്ടി-ചരിത്രം, വർത്തമാനം, ഭാവി




THE FIRST INDIAN NATIONAL CONGRESS, 1885.

ഇന്ത്യ എന്നത് ഒരു ഭൂപ്രദേശം മാത്രമാണ്. അതിന് ഒരിക്കലും ഒരു രാജ്യം ആകുവാൻ സാധിക്കുകയില്ല. ഇന്ത്യ എന്ന ഭൂപ്രദേശത്ത് കുറെ ജാതികൾ, മതവിഭാഗങ്ങൾ, വർഗ്ഗങ്ങൾ, ഗോത്രങ്ങൾ എന്ന പേരിൽ വിഘടിച്ചു കിടക്കുന്ന ജനക്കൂട്ടം മാത്രമാണ് ഉള്ളത്. അതുകൊണ്ടുതന്നെ അതിന് ഒരിക്കലും ഒരു ദേശരാഷ്ട്രം ആയി ഉയരുവാൻ കഴിയില്ല എന്നാണ് പതിനെട്ടാം നൂറ്റാണ്ടിലെയും പത്തൊമ്പതാം നൂറ്റാണ്ടിലെയും പാശ്ചാത്യരാജ്യങ്ങളിലെ നേതാക്കന്മാരും സാമൂഹ്യശാസ്ത്രജ്ഞന്മാരും പ്രസ്താവിച്ചിരുന്നത്.



ഈ കാഴ്ചപ്പാടിലൂടെ അവർ രൂപപ്പെടുത്തിയെടുത്ത ഇന്ത്യൻ ദേശീയതയെക്കുറിച്ചുള്ള കൊളോണിയൽ കാഴ്ചപ്പാടിൽ നിന്നും ലോകം കുതിച്ചുയർന്നിരിക്കുന്നു. ഇന്ത്യ എന്ന ദേശരാഷ്ട്രം അതിന്റെ വ്യത്യാസങ്ങളും, വൈവിധ്യങ്ങളും, വൈരുദ്ധ്യങ്ങളും നിലനിർത്തിക്കൊണ്ടുതന്നെ അതിന്റെ 75 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇന്ത്യ എന്ന യാഥാർത്ഥ്യത്തിന്റെ ഈ അത്ഭുതകരമായ ജൈത്രയാത്ര പല പാശ്ചാത്യ പണ്ഡിതന്മാരെയും കൂലംകഷമായി ചിന്തിപ്പിക്കുവാനും തങ്ങളുടെ കാഴ്ചപ്പാടുകളെ പുനർനിർവചിക്കാനും പ്രേരിപ്പിച്ചു.

ജവാഹർലാൽ നെഹ്രുവിന്റെ ആശയം ഉൾക്കൊണ്ടാൽ, വിധിയുമായി ഇന്ത്യക്കാർ ഉണ്ടാക്കിയ ഈ ഒരു ഉടമ്പടിയുടെ പ്രതിഫലനമാണ് ഈ പ്രതിഭാസത്തിലേക്ക് ഇന്ത്യയെ നടന്നടുക്കുവാൻ സഹായിച്ചത് എന്നു മനസിലാക്കാൻ പറ്റും. ആ ഉടമ്പടിയെ പൂർണ്ണ അർത്ഥത്തിൽ മനസ്സിലാക്കണം എന്നുണ്ടെങ്കിൽ, എങ്ങനെയാണ് ഇന്ത്യൻ ദേശരാഷ്ട്രത്തെ വിഭാവനം ചെയ്തതെന്ന് ചിന്തിക്കേണ്ടത് അനിവാര്യമാണ്. വിഖ്യാതനായ പൊളിറ്റിക്കൽ സയന്റിസ്റ്റ് ബെനഡിക്റ്റ് ആൻഡേഴ്സന്റെ ആശയങ്ങളിലൂടെ നോക്കിയാൽ, എങ്ങനെയാണ് ഇന്ത്യൻ ദേശരാഷ്ട്രത്തെ ഇന്ത്യക്കാർ സങ്കൽപ്പിച്ചെടുത്തതെന്നും ആ സങ്കല്പം എങ്ങനെയാണ് രൂപീകൃതമായതെന്നും ചിന്തിക്കേണ്ടതുണ്ട്.



പ്രസ്തുത വിഷയത്തെ പറ്റിയുള്ള വാദപ്രതിവാദങ്ങൾ, ഇന്നത്തെ പൊതുസമൂഹ വ്യവഹാരങ്ങളിൽ നിറഞ്ഞു നിൽക്കുകയും പരസ്പരം പോരാട്ടുകയും ചെയ്യുന്നുണ്ട്. ചരിത്രാവബോധമുള്ള ഏതൊരു വ്യക്തിക്കും, ആ പ്രക്രിയയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിനുള്ള പങ്കിനെ യുക്തിഭദ്രമായി തെളിയിക്കാൻ സാധിക്കും.

## കോൺഗ്രസ് പ്രസ്ഥാനത്തിന്റെ ഉത്ഭവം

1885 ഡിസംബർ മാസം 28ആം തീയതി, ബോംബെയിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജിൽ വെച്ച്, 72 പ്രതിനിധികളുടെ നേതൃത്വത്തിൽ വോമേഷ് ചന്ദ്ര ബാനർജീയുടെ (W C Banerjee) അധ്യക്ഷതയിലും അലൻ ഒക്ടോവിയൻ ഹ്യൂമിന്റെ (A O HUME) സെക്രട്ടറിഷിപ്പിലുമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന മഹനീയ പ്രസ്ഥാനത്തിന്റെ ആദ്യത്തെ വേദി ഒരുങ്ങിയത്.

പങ്കെടുത്ത പ്രതിനിധികളിൽ ഇന്ത്യയുടെ വിവിധ ഭാഗത്ത് നിന്നും വ്യത്യസ്ത ഭാഷ സംസാരിക്കുന്ന വ്യത്യസ്ത മതസ്ഥരായ ആളുകൾ ഉണ്ടായിരുന്നു. ആദ്യ യോഗത്തിന്റെ വർഗ്ഗസ്വഭാവം എടുത്ത് പരിശോധിക്കുകയാണെങ്കിൽ അതിൽ പ്രധാനമായും കാണുവാൻ പറ്റുന്നത് വക്കീലന്മാർ, ഡോക്ടർമാർ വ്യവസായ പ്രമുഖർ, ഭൂപ്രഭുക്കന്മാർ, പത്രപ്രവർത്തകർ, അധ്യാപകർ, സാമ്പത്തിക ശാസ്ത്രജ്ഞർ തുടങ്ങിയവരെയാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ ഇന്ത്യയ്ക്ക് അകത്തും പുറത്തും പുരോഗമിക്കുന്നുണ്ടായിരുന്നു. 1860കളുടെ അവസാനത്തിലും 1870കളുടെ തുടക്കത്തിലും, ലണ്ടനിൽ ഇന്ത്യൻ സിവിൽ സർവീസിന്റെയും (ICS) നിയമപഠനത്തിനും വേണ്ടി എത്തിയ ഇന്ത്യക്കാരായ യുവാക്കളുടെ ചിന്തകളാ



ണ് ദേശീയപ്രസ്ഥാനത്തിന്റെ ഉത്ഭവത്തിലേക്ക് നയിച്ചത്. അവരിൽ പ്രമുഖർ ആയിരുന്ന ഫിറോസ്ഷ മെഹത്ത (Pherozeshah Mehta), ഭദ്രുദ്ദീൻ ടിയാബ്ജി (Badruddin Tyabji), സുരേന്ദ്രനാഥ് ബാനർജി (Surendranath Banerjee), ആനന്ദ്മോഹൻ ബോസ് (Anandmohan Bose), റൊമേഷ് ചന്ദ്ര ദത്ത് (R C Dutt) തുടങ്ങിയവർ.

ഇതേസമയം തന്നെ ഇന്ത്യയിൽ തദ്ദേശീയരായ മധ്യവർഗ്ഗ വിഭാഗത്തിന്റെ പ്രതിനിധികളായി ഉയർന്നു വന്ന ദേശീയവാദികളിൽ പ്രമുഖരായിരുന്നു ബംഗാളിൽ നിന്നും ദ്വാരക നാഥ് ഗാംഗുലി (Dwarak Nath Ganguly), പൂനെയിൽ നിന്നും എം ജി രാനാടെ (M G Ranade) യും ജി വി ജോഷിയും (G V Joshu), ബോംബയിൽ നിന്നും കെ ടി തെലങ് (K T Telang), മദ്രാസിൽ നിന്നും ജി സുബ്രഹ്മണ്യ അയ്യർ (G Subramaniya Ayier), വീരരാഘവ ആചരി (Viraraghavachari). കോൺഗ്രസിന്റെ രൂപീകരണം നീണ്ടകാല രാഷ്ട്രീയ ഏകോപനങ്ങളുടെ പ്രതിഫലനമായാണ് കാണുവാൻ സാധിക്കുന്നത്. 1884ലെ മദ്രാസ് മഹാജൻ സഭയും 1885ലെ ബോംബെ പ്രസിഡൻസി അസോസിയേഷനും 1870ലെ പൂന സാർവജനിക് സഭയും 1876 ലെ ഇന്ത്യൻ അസോസിയേഷനും എല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

### സേഫ്റ്റി വാൽവ് തിയറി (Safety Valve Theory)

പാർട്ടിയുടെ തുടക്കം മുതൽ തന്നെ വിഭാഗീയതയും വിവാദങ്ങളും അതിനെ പിന്തുടർന്നു എന്ന് കാണുവാൻ സാധിക്കും. അതുമായി ബന്ധപ്പെട്ടുകൊണ്ട്, രാഷ്ട്രീയവൃത്തങ്ങളിലും അക്കാദമിക മേഖലയിലും നിലനിന്ന, ഒരു മിഥ്യാധാരണയാണ് സേഫ്റ്റി വാൽവ് തിയറി (Safety Valve Theory).


കോൺഗ്രസിന്റെ രൂപീകരണത്തിൽ ഇന്ത്യക്കാരൻ അല്ലാത്ത അലൻ ഒക്റ്റോവിയൻ ഹ്യൂമിന്റെ (A O Hume) സാന്നിധ്യമാണ് ഇങ്ങനെയൊരു ഗൂഢാലോചന സിദ്ധാന്തത്തിലേക്ക് നയിച്ചത്. ഇന്ത്യക്കാരുടെ ഇടയിൽ അസ്വാരസ്യം വർദ്ധിച്ചു വരുന്നതുകൊണ്ട്, 1857-ൽ സംഭവിച്ചത് പോലെയുള്ള ഒരു രക്തരൂഷിത വിപ്ലവം ഉണ്ടാകുവാൻ സാധ്യതയുണ്ടെന്നും, അതിനു തടയിടുവാൻ വേണ്ടി ഒരു സേഫ്റ്റി വാൽവ് എന്ന രീതിയിൽ, ബ്രിട്ടീഷുകാരാൽ നിർമ്മിതമായ ഒരു സംഘടനയാണ് കോൺഗ്രസ് എന്നതുമാണ് ഈ ഗൂഢാലോചന സിദ്ധാന്തം മുന്നോട്ടുവച്ച പ്രധാനവാദം. ഹ്യൂമിനെ ഉപയോഗിച്ചുകൊണ്ട് അന്നത്തെ ഗവർണർ ജനറൽ ആയിരുന്ന ഡഫറിൻ പ്രഭുവാണ് (Lord Dufferin) ഇപ്രകാരം ഒരു കുബുദ്ധിക്ക് നേതൃത്വം നൽകിയതെന്ന് അന്ന് കോൺഗ്രസിനെ എതിർത്തിരുന്ന രാഷ്ട്രീയവൃത്തങ്ങൾ ആരോപിച്ചു. പിൽക്കാല മാർക്സിസ്റ്റ് ചരിത്രകാരന്മാരും കമ്മ്യൂണിസ്റ്റ് പാർട്ടിയും കൂടി ഈ ഉണ്ടയില്ലാത്ത വെടിയെ ഗൂഢാലോചനാ സിദ്ധാന്തത്തിലേക്ക് തീ കത്തിച്ച് ആളിപ്പടർത്തി. കോൺഗ്രസ് രാഷ്ട്രീയത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുവാൻ വേണ്ടിയായിരുന്നു ഈ രാഷ്ട്രീയ എതിരാളികൾ അങ്ങനെ ചെയ്തത്. പക്ഷേ ഈ ഗൂഢാലോചനാ സിദ്ധാന്തത്തിന് അല്പായുസ്സ് മാത്രമാണ് ചരിത്രത്തിൽ ഉണ്ടായത്. ഡഫറിൻ പ്രഭുവിനെ സംബന്ധിച്ച എല്ലാ ചരിത്രരേഖകളും പുറത്തു വന്നതോടെ, ചരിത്രകാരന്മാർ ഈ വിഷയത്തെ പറ്റി ആഴത്തിൽ പഠിക്കുകയും, ഈ ഗൂഢാലോചനാ സിദ്ധാന്തത്തെ തള്ളിക്കളയുകയും ചെയ്തു. ഇങ്ങനെയൊരു ഗൂഢാലോചന നടന്നതിനെ സംബന്ധിച്ചിടത്തോളം യാതൊരുവിധ ചരിത്രത്തെളിവുകളും ഇല്ലാത്ത സാഹചര്യത്തിൽ ഇന്ത്യയിലെ പ്രമുഖ ചരിത്രകാരന്മാരും (മാർക്സിസ്റ്റ് ചരിത്രകാരന്മാർ ഉൾപ്പെടെ) സേഫ്റ്റി വാൽവ് തിയേറിയെ പൂർണമായി നിഷേധിച്ചു. പ്രശസ്ത ചരിത്രകാരനായ ബിബിൻ ചന്ദ്രയുടെ വാക്കുക

ളിൽ കൂടി പറയുകയാണെ ങ്കിൽ, ഹ്യൂമിനെ ഒരു സേഫ്റ്റി വാൽവായി ആണ് ബ്രിട്ടീഷ് ഉപയോഗിക്കാൻ ശ്രമിച്ചതെ ങ്കിൽ പിൽക്കാല കോൺഗ്രസ് രാഷ്ട്രീയം ഹ്യൂമിനെ ഒരു ലൈ റ്റനിങ് കണ്ടക്ടർ (Lightning Conductor) ആയിട്ടാണ് ഉപയോഗപ്പെടുത്തിയത്.

### കോൺഗ്രസ് രാഷ്ട്രീയപ്രവർത്തനങ്ങളും സ്വാതന്ത്ര്യസമരവും

കോൺഗ്രസ് രാഷ്ട്രീയം എല്ലാ കാലത്തും ദേശീയത വളർത്തു വാനും ദേശരാഷ്ട്ര നിർമ്മിതിക്ക് ഉതകുന്നതും ആയിരുന്നു. ആദ്യകാല രാഷ്ട്രീയനേതൃത്വം പ്രധാനമായും പല തരത്തി ലുള്ള ആശങ്കകളും ആവശ്യ ങ്ങളുമാണ് മുന്നോട്ടുവെച്ചത്. ഇവയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ് സാമ്പ ത്തിക വിഷയങ്ങളിലുള്ള ആദ്യ കാല കോൺഗ്രസ് നേതാക്ക ന്മാരുടെ ഇടപെടലുകൾ.

ലോക ചരിത്രത്തിൽ തന്നെ ആദ്യമായി കൊളോണിയൽ വ്യവസ്ഥയാണ് തദ്ദേശീയരാ ഷ്ട്രങ്ങളുടെ സാമ്പത്തികച്ചൂഷ ണത്തിന് കാരണമാകുന്നത് എന്ന് വസ്തുനിഷ്ഠമായും ശാ സ്ത്രീയപരമായും തെളിയിച്ചത് ഇന്ത്യയുടെ ആദ്യകാല കോൺ ഗ്രസ് നേതൃത്വം ആയിരുന്നു. 'ഇന്ത്യയുടെ വന്ദ്യവയോധി കൻ' എന്ന് അറിയപ്പെട്ട ദാദ ഭായ് നാറോജി (Dadabhai Naoroji) എഴുതിയ പോവർട്ടി ആൻഡ് അൺ ബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ (Poverty And Unbritish Rule In India) ആർ സി ദത്തിന്റെ ഇക്കണോ മിക് ഹിസ്റ്ററി ഓഫ് ഇന്ത്യ (Economic History Of India) തുടങ്ങിയ കൃതികൾ ഉദാഹരണ മാണ്.



ഇന്ത്യയിൽ നിലനിൽക്കുന്ന, നിലനിന്നിരുന്ന ദാരിദ്ര്യം എന്ന രൂക്ഷപ്രശ്നം, ബ്രിട്ടീഷുകാരുടെ പദ്ധതികളുടെയും നയങ്ങളുടെയും പരിണിതഫലമായി വന്നതാണ് എന്ന് അവർ അവകാശപ്പെട്ടു. ഈ ദേശീയനേതാക്കൾ, തങ്ങളുടെ പഠനത്തിൽ കൂടി രൂപപ്പെടുത്തിയെടുത്ത ചോർച്ച സിദ്ധാന്തത്തിൽ (Drain Theory) കൂടി എങ്ങനെയാണ് ഇന്ത്യാ രാജ്യത്തെ വിഭവങ്ങളെ ചോർത്തിയെടുത്ത് ബ്രിട്ടീഷ് രാജ്യത്തിന്റെ പുരോഗതിക്കായി ഉപയോഗിച്ചത് എന്ന് തുറന്നുകാട്ടി. ദാദാഭായ് നവറോജി, എം ജി റാനഡേ , ജി സുബ്രഹ്മണ്യ അയ്യർ, ആർ സി ദത്ത് തുടങ്ങിയവർ മുന്നോട്ടുവെച്ച ഈ ചോർച്ചാ സിദ്ധാന്തമാണ് പിൽക്കാല കോൺഗ്രസ് രാഷ്ട്രീയത്തിന്റെ അടിത്തറ പാകിയത്. പ്രശസ്തനായ ചരിത്രകാരൻ സുമിത്ത് സർക്കാർ പറയുന്നതു പോലെ, മിതവാദികളുടെ ചോർച്ചാ സിദ്ധാന്തമാണ് ഇന്ത്യൻ ദേശീയതയ്ക്ക് തത്വശാസ്ത്രപരമായി അടിത്തറ നൽകിയത് എന്ന് പറയുവാൻ സാധിക്കും.

ആദ്യകാല രാഷ്ട്രീയപ്രവർത്തനങ്ങൾ കൂട്ടതലായും ഭൗതികതലത്തിൽ നിലനിൽക്കുമ്പോൾ, അതിന്റെ പ്രായോഗികവശങ്ങളിലേക്ക് ഇറ



ങ്ങിച്ചെന്ന്, ഒരു പാസീവ് റസിസ്റ്റൻസ് (Passive Resistance) എന്ന ആശയത്തിലൂടെ, ജനകീയ പ്രക്ഷോഭത്തിന് (Popular Struggle) തുടക്കം നൽകുന്നത് ലോക് മാന്യ ബാലഗംഗാധര തിലകിന്റെ (B G Tilak) നേതൃത്വത്തിൽ ഉയർന്നുവന്ന സമരമാർഗങ്ങളിലും, ബംഗാൾ വിഭജനത്തിന് (1905) എതിരെ ഉയർന്നുവന്ന സ്വദേശി പ്രസ്ഥാനവുമാണ്. പക്ഷേ അപ്പോഴും കോൺഗ്രസ് രാഷ്ട്രീയപ്രവർത്തനങ്ങൾ പ്രധാനമായും നഗരകേന്ദ്രീകൃതമായിരുന്നു. ഇന്ത്യയിലെ ലക്ഷോപലക്ഷം വരുന്ന, ഇന്ത്യയുടെ ആത്മാവായ കർഷകരിലേക്ക് ഈ സമരമാർഗങ്ങൾ എത്തിയത് ഗാന്ധിജിയുടെ വരവോടുകൂടിയാണ് എന്ന് നിസ്സംശയമായി പറയുവാൻ സാധിക്കും.

ഗാന്ധിയൻ കാലഘട്ടങ്ങളെ പറ്റിയുള്ള ചർച്ച ഈ ലേഖനത്തിനുള്ളിൽ ഒതുക്കി തീർക്കുവാൻ സാധിക്കുന്നതല്ല. എത്രയോ കലാകാരന്മാർ തങ്ങളുടെ ക്യാൻവാസിൽ എത്ര വരയ്ക്കുവാൻ ശ്രമിച്ചിട്ടും പൂർണമായി തെളിയിച്ചെടുക്കുവാൻ സാധിക്കാത്ത ഒരു ചിത്രമാണ് ഗാന്ധിയുടേത്.

ഗാന്ധി എന്നത് ഒരു ആശയമാണ്. ലോക പ്രശസ്തനായ റിച്ചാർഡ് ആറ്റംബ്രോ (Richard Attenborough) ഡയറക്റ്റ് ചെയ്ത ഗാന്ധി (Gandhi 1982) എന്ന സിനിമയിൽ ഒരു രംഗമുണ്ട്. ബ്രിട്ടീഷ് പോലീസിന്റെ അടി ഏറ്റുവാങ്ങുവാൻ ആയിരക്കണക്കിന് മനുഷ്യർ വരി നിൽക്കുന്നതാണ് ആ രംഗം. ഓരോരുത്തരായി നടന്നു ചെന്ന് അടി വാങ്ങുന്നു, ആരും പ്രതിഷേധിക്കുന്നില്ല, പോലീസിനോട് വെറുപ്പ് കാണിക്കുന്നുമില്ല, അക്രമം മനസ്സിൽ പോലും ചിന്തിക്കുന്നില്ല എന്നത് ആ രംഗം കാണുന്ന ഏതൊരാൾക്കും വ്യക്തമാകും. ഗാന്ധി ഇല്ലാത്ത ഈ രംഗത്തിനാലാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയവും, അദ്ദേഹത്തിന്റെ സാന്നിധ്യവും നമുക്ക് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത്.

ഗാന്ധിജിയുടെ കാലത്തിലെ കോൺഗ്രസിനെ നാം ഓർക്കുമ്പോൾ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏറ്റവും വലിയ ജനകീയസമരങ്ങളെയാണ് നാം ഓർക്കുന്നത്. ഗാന്ധി സമരമാർഗ്ഗങ്ങളായി പരീക്ഷിക്കപ്പെട്ട നിസ്സഹകരണ പ്രസ്ഥാനവും, സിവിൽ നിയമലംഘനവും, ഇന്ത്യ വിടുക തുടങ്ങിയ പ്രക്ഷോഭങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കുന്നത് ചരിത്രത്തിൽ അന്നുവരെ കണ്ടിട്ടില്ലാത്തത്ര വലിയ കൂട്ടായ്മയുടെ ഒത്തുചേരലാണ്. ഗാന്ധിയൻ കോൺഗ്രസിന്റെ ഏറ്റവും വലിയ പ്രത്യേകതയും അതുതന്നെയായിരുന്നു. നഗര കേന്ദ്രീകൃതമായിരുന്ന കോൺഗ്രസ് രാഷ്ട്രീയത്തെ, ഗ്രാമ ഗ്രാമാന്തരങ്ങളിലേക്ക്

എത്തിച്ച് ഇന്ത്യയുടെ ജീവാത്മാവും പരമാത്മാവുമായ കർഷകരിലേക്കും, തൊഴിലാളി വിഭാഗങ്ങളിലേക്കും, സാധാരണ മനുഷ്യരിലേക്കും ദേശീയപ്രസ്ഥാനത്തിന്റെ ആശയങ്ങൾ, അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ സംസാരിച്ച്, അവരിലേക്ക് ഉൾക്കൊള്ളാൻ പറ്റുന്ന വസ്ത്രം ധരിച്ച്, അവരിൽ ഒരാളായി മാറി, അവരുടെ കൂടെ യാത്ര ചെയ്തുകൊണ്ട്, ഇന്ത്യൻ ദേശരാഷ്ട്രത്തെ നിർമ്മിച്ചെടുക്കുകയായിരുന്നു.

ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിൽ കോൺഗ്രസിനെയും ഇന്ത്യയും വിജയത്തിലേക്ക് നയിക്കുവാൻ ഗാന്ധിയൻ മാർഗത്തിൽ ഊന്നിയുള്ള ദേശീയപ്രസ്ഥാനത്തിന് സാധിച്ചുവെങ്കിലും, ഗാന്ധി ഏറ്റവും കൂടുതൽ പോരാടുവാൻ ശ്രമിച്ച വർഗീയശക്തികൾക്ക് മുമ്പിൽ തന്റെ ജീവൻ വെടിയേണ്ടിവന്നു എന്നത് ചരിത്രത്തിന്റെ താളുകളിൽ എന്നും ഓർക്കപ്പെടേണ്ട ഒന്നാണ്.

## സമകാലിക ഇന്ത്യൻ രാഷ്ട്രീയവും കോൺഗ്രസ് പാർട്ടിയും

ദേശീയപ്രസ്ഥാനത്തിലൂടെയും സ്വാതന്ത്ര്യസമരത്തിലൂടെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് മുന്നോട്ടുവെച്ച സ്വാതന്ത്ര്യ ജനാധിപത്യ മതേതരത്വ ദാർശനിക മാനങ്ങളുടെ പൂർത്തീകരണം ഉണ്ടായത്, സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട സർക്കാരിന്റെ മേൽനോട്ടത്തിൽ, ബാബാസാഹിബ് ഡോക്ടർ അംബേകറിന്റെ സഹായത്തോടുകൂടി രൂപീകൃതമാക്കിയ ഇന്ത്യൻ ഭരണഘടനയിൽ ആണ്.

ഒരുപക്ഷേ ഇതേ ഭരണഘടന തന്നെയാണ് ഇന്നത്തെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ വെല്ലുവിളി നേരിടുന്നത്. കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം, ഇന്ത്യ എന്ന രാജ്യത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ഏറ്റവും കറുത്ത അധ്യായമായ അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ കാലത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇന്ത്യയെന്ന രാജ്യത്തിന്റെ എല്ലാവിധ ധാർമിക മൂല്യങ്ങളെയും പൊളിച്ചെഴുതുന്ന രീതിയിലുള്ള ഒരു രാഷ്ട്രീയ സമീപനമാണ് ഭൂരിപക്ഷ വർഗീയതയുടെ വക്താക്കളായ സംഘപരിവാറിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നരേന്ദ്രമോദിയുടെ സർക്കാർ മുന്നോട്ട് വെക്കുന്ന ഭരണകൂട ഭീകരത.

അദാനി അംബാനിമാർക്ക് വേണ്ടിയുള്ള ചങ്ങാത്ത മുതലാളിത്തത്തിൽ (crony capitalism) അടിസ്ഥാനമായ വലതുപക്ഷ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഭരണഘടനയെ നശിപ്പിക്കുവാനായി ഉന്നം വെച്ചിരിക്കുന്നത് വിദ്യാഭ്യാസമേഖലയെയാണ്. നെഹ്റുവിന്റെ നേതൃത്വത്തിൽ ഉയർന്നുവന്ന ശാസ്ത്രീയ അവബോധത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായത്തെ ഉന്മൂലം ചെയ്യുവാനുള്ള സംഘടിതമായ ശ്രമങ്ങൾ നരേന്ദ്രമോദി ഭരണത്തിൽ വന്ന കാലം മുതൽ തന്നെ തുടങ്ങി







യതാണ്. ഇതുമായി ബന്ധപ്പെട്ട ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട് എങ്കിലും, സമീപകാലത്ത് ഉന്നത വിദ്യാഭ്യാസമേഖലയിൽ പ്രതിഷ്ഠിക്കുവാൻ ശ്രമിക്കുന്ന ഭാരതീയ വൈജ്ഞാനികപദ്ധതിയെ (Indian Knowledge System) പറ്റി പരാമർശിക്കേണ്ടതുണ്ട്.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (NEP 2020), ഭാഗമായി യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷൻ (UGC), യൂണിവേഴ്സിറ്റി–കോളേജ് അധ്യാപകർക്ക് വേണ്ടി ആവിഷ്കരിച്ച പാഠ്യപദ്ധതിയാണ് ഭാരതീയ വൈജ്ഞാനികപദ്ധതി (Indian Knowledge System –IKS). പുതിയതായി അധ്യാപനത്തിലേക്ക് വരുന്നവരെ പരിശീലിപ്പിക്കുന്നതിനും കരിയർ അഡ്വാൻസ്മെന്റ് സ്കീം (Career Advancement Scheme–CAS) എന്നതിലൂടെ പ്രമോഷൻ ലഭിക്കുന്നതിനും IKS ബാധകമാകും. പ്രസ്തുത വിഷയത്തെപ്പറ്റിയുള്ള വ്യവഹാരങ്ങൾ പൊതുസമൂഹത്തിൽ രൂപപ്പെടേണ്ടതുണ്ട്.

പത്തംഗ വിദഗ്ധസമിതിയുടെ നേതൃത്വത്തിൽ യുജിസി (UGC) ആവിഷ്കരിച്ചിരിക്കുന്ന ഈ പാഠ്യപദ്ധതിയിൽ ജ്യോതിശാസ്ത്രം, വേദിക് കാലഘട്ടങ്ങളിലെ ഗണിതശാസ്ത്രം, ഇന്ത്യൻ സാമ്പത്തിക ചരിത്രം, അർത്ഥശാസ്ത്രവും മഹാഭാരതവും തുടങ്ങിയ പൗരാണികഗ്രന്ഥത്തിൽ നിന്നും ഉൾക്കൊള്ളേണ്ട ആയുർവേദം, ശാസ്ത്രീയസാമ്പത്തിക പാഠങ്ങൾ തുടങ്ങിയവക്കാണ് പ്രാധാന്യം നൽകുന്നത്. പുരാതന ഇന്ത്യയിലെ ഗണിതശാസ്ത്രജ്ഞർ കാൽക്കുലസ് (Calculus) കണ്ടുപിടിച്ചത്, സിന്ധു നദീതട സംസ്കാരകാലം മുതൽ ഗുജറാത്ത് മേഖലയിൽ നിലനിൽക്കുന്ന പരമ്പരാഗത വെള്ള ശേഖരണ പദ്ധതികൾ, കൗടില്യന്റെ അർത്ഥശാസ്ത്രത്തെ ആസ്പദമാക്കി സ്വർണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ സംസ്കരിക്കാം തുടങ്ങി ധാരാളം വിവാദപരമായ ആശയങ്ങളാണ് ഈ പാഠ്യ പദ്ധതിയിൽ കൂടെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്. ഐ കെ എസ് (IKS) ന്റെ ഭാഗമായി അധ്യാപകർ, അടുത്തുള്ള അമ്പലങ്ങൾ, ഗുരുകുലങ്ങൾ, ചരിത്രസ്മാരകങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, ജന്തർ മന്തർ തുടങ്ങിയവയിലേക്കു പഠനയാത്ര നടത്തുന്നതിനും ഭാരതീയ വൈജ്ഞാനിക മേഖലയെ പറ്റി മനസിലാക്കുവാൻ സൂത്രങ്ങൾ (Sutra Texts) പഠിപ്പിക്കുന്നതിനും ആസൂത്രണം ചെയ്യുന്നുണ്ട്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം നാളത്തെ ആവശ്യങ്ങൾക്കനുസൃതമായി മാറേണ്ട ഈ ഇരുപത്തിരണ്ടാം നൂറ്റാണ്ടിൽ, ഐ കെ എസ് (IKS) പോലെയുള്ള പാഠ്യപദ്ധതികൾ പ്രതിലോമപരമാണ്. വിദ്യാഭ്യാസമേഖലയിലേക്കും, അധ്യാപകരുടെ വൈജ്ഞാനിക മണ്ഡലത്തിലേക്കുമുള്ള വലതുപക്ഷ പ്രത്യയശാസ്ത്രത്തിന്റെ കടന്നുകയറ്റമായി മാത്രമേ ഇതിനെ കാണുവാൻ

സാധിക്കു. ഭാരതീയ വൈജ്ഞാനിയ മണ്ഡലത്തെ പറ്റിയുള്ള പഠനം അനിവാര്യമെങ്കിലും, ഇന്ത്യയുടെ പൗരാണിക ചിന്താധാര ഏതെങ്കിലും ഒരു മതത്തിന്റെ മാത്രം വൈജ്ഞാനികസ്വത്ത് അല്ല എന്നുള്ളതും നാം ഓർക്കേണ്ടതുണ്ട്.

ഉദയപൂർ മുതൽ റായ്പൂർ വരെ: കോൺഗ്രസിന്റെ തിരിച്ചു വരവ്

ഏതൊരു രാഷ്ട്രീയ പാർട്ടിയെയും പോലെ കോൺഗ്രസ് പാർട്ടിക്കും അതിന്റേതായ പ്രശ്നങ്ങളുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. കോൺഗ്രസ് പാർട്ടിയുടെ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ, തിരഞ്ഞെടുപ്പ് രാഷ്ട്രീയചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിഘട്ടത്തിലൂടെയാണ് കടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ കോൺഗ്രസിന്റെ പുനർജീവനുമായി ബന്ധപ്പെട്ട മൂന്ന് ദിശാ സൂചനകളാണ് ഉള്ളത്. ഒന്നാമത്തേത്, രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ നടത്തപെട്ട ഭാരത് ജോഡോ യാത്രയാണ്. 2022 മെയ് മാസത്തിൽ, രാജസ്ഥാനിലെ ഉദയപൂരിൽ വച്ച് നടന്ന കോൺഗ്രസ് പാർട്ടിയുടെ നവ സങ്കൽപ് ചിന്തൻ ശിബിരത്തിനെ അടിസ്ഥാനപ്പെടുത്തി രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ നടത്തപെട്ടതാണ് ഭാരത് ജോഡോ യാത്ര.

യാത്രയുടെ ശീർഷകം സൂചിപ്പിക്കുന്നത് പോലെ ഇന്ത്യയെ യോജിപ്പിക്കുക എന്ന ആശയത്തിലാണ് ഈ പ്രത്യയശാസ്ത്രപരമായ പോരാട്ടം കോൺഗ്രസ് മുന്നോട്ടുവച്ചത്. വലതുപക്ഷ പ്രത്യയശാസ്ത്രം  കാവലാളുകളായി മാറിയ ഗോതി മാധ്യമങ്ങൾ എന്നും കോൺഗ്രസ് പാർട്ടിയെയും രാഹുൽഗാന്ധിയെയും നശിപ്പിക്കാൻ മാത്രമേ ശ്രമിച്ചിട്ടുള്ളൂ. ഈ ഗോതി മാധ്യമങ്ങളുടെ വ്യവഹാരങ്ങളിൽ നിന്നും രാഹുൽ ഗാന്ധിയെ മോചിപ്പിച്ചത് ഭാരത് ജോഡോ യാത്രയാണ്. വെറുപ്പിന്റെ കമ്പോളത്തിൽ സ്നേഹത്തിന്റെ വ്യാപാരിയായി ഈയൊരു യാത്രയോട്ടുകൂടി രാഹുൽ ഗാന്ധി മാറിയെന്ന് നിസ്സംശയം പറയുവാൻ സാധിക്കും. കോൺഗ്രസ് പാർട്ടിയുടെ നവീകരണത്തിനും, പുതു ഇന്ത്യ സൃഷ്ടിക്കുവാനും വേണ്ടി പദയാത്രികർ നടത്തുന്ന ഈ പോരാട്ടത്തിന്, രാഷ്ട്രീയ, ജാതി, മത, ലിംഗ, ഭാഷ ഭേദമെന്യേ വലിയ സ്വീകരണങ്ങളാണ് ലഭിച്ചത്. ഇന്നും ഇന്ത്യയുടെ എല്ലാ മുക്കിലും മൂലയിലും പ്രാതിനിധ്യം ഉള്ള ഏക മുഖ്യ പ്രതിപക്ഷ പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആണ് എന്നതും ഇന്ത്യൻ ദേശരാഷ്ട്ര നിർമ്മിതിയിൽ കോൺഗ്രസ് പാർട്ടി വഹിച്ച പങ്കും തിരിച്ചറിഞ്ഞു കൊണ്ടാണ് രാഹുൽ ഗാന്ധി നയിക്കുന്ന ഭാരത് ജോഡോ യാത്രയിൽ ജനലക്ഷണങ്ങൾ അണിചേരുന്നത്. വർഗീയ ശക്തികളെ നേരി






ടുവാനായി രൂപപ്പെട്ട വരാൻ പോകുന്ന രാഷ്ട്രീയ–സാമൂഹിക നവീകരണ പ്രസ്ഥാനമായി കോൺഗ്രസിനെ രൂപകൽപ്പന ചെയ്യുവാനുള്ള തത്വശാസ്ത്രപരമായ അടിത്തറയാണ് ഭാരത് ജോഡോ യാത്രയിൽ കൂടി കോൺഗ്രസ് പാർട്ടി രൂപപ്പെടുത്തിയെടുക്കുന്നത്.

രണ്ടാമത്തെ പ്രതീക്ഷ നൽകുന്ന വസ്തുതയാണ് ഇന്ത്യയിലെ ജനാധിപത്യ പാർട്ടികളിൽ, ഏറ്റവും വലിയ പാർട്ടിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ജനകീയ പ്രക്രിയയിലൂടെ തന്നെ അധ്യക്ഷനെ തെരഞ്ഞെടുത്തു എന്നത്. ജനാധിപത്യ പ്രക്രിയുടെ ഭാഗമായ തിരഞ്ഞെടുപ്പിൽ കൂടി, ഒരു ദളിതൻ കൂടിയായ മല്ലിക അർജ്ജുൻ ഖാർഗെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷ സ്ഥാനം അലങ്കരിക്കുമ്പോൾ അതിന് വിശേഷണങ്ങൾ ഏറെയാണ്.

മൂന്നാമതും ഏറ്റവും പ്രാധാന്യം നൽകുന്നതുമായ വസ്തുതയാണ് കോൺഗ്രസ് പാർട്ടി ഹിമാചൽപ്രദേശിൽ ബിജെപിക്ക് നേർക്കുനേർ മത്സരിച്ച് നേടിയ സ്വർണ്ണത്തിളക്കമാർന്ന വിജയം. ഗുജറാത്തിലെ പരാജയത്തിനു മുൻപിലും, കോൺഗ്രസിന് ലഭിച്ച വലിയൊരു പിടിവള്ളിയാണ് ഹിമാചൽ പ്രദേശിൽ നേടിയ വിജയം. ബിജെപിയുടെ വർഗീയ തുറുപ്പ് ചീട്ടിനെയും വലിയ താര പ്രചാരണ രീതിയെയും പണാധിപത്യ മേൽക്കോയ്മയെയും തള്ളിക്കളഞ്ഞു കൊണ്ടാണ് ഹിമാചൽ പ്രദേശിലെ ജനങ്ങൾ കോൺഗ്രസിന്റെ കൂടെ നിന്നത്. ശക്തമായ പ്രാദേശിക നേതൃത്വവും കൂറും വിശ്വാസ്യതയും കാത്തുസൂക്ഷിക്കുന്ന ഹിമാചൽ പ്രദേശിന്റെ കോൺഗ്രസ് പ്രവർത്തകർക്കും അവരെ പൂർണമായി പിന്താങ്ങിയ കോൺഗ്രസ് ദേശീയ നേതൃത്വത്തിനും അഭിനന്ദനങ്ങൾ അർഹിക്കുന്ന നേട്ടമാണിത്.

കോൺഗ്രസ് മുക്ത ഭാരതം സ്വപ്നം കാണുന്ന തീവ്രവലതുപക്ഷ മുതലാളിത്ത വ്യവസ്ഥയുടെ വക്താക്കളായ വർഗീയശക്തികളോട് 2024 ലെ പൊതു തിരഞ്ഞെടുപ്പിൽ, ഇന്ത്യ എന്ന മതേതര ജനാധിപത്യ സ്വാതന്ത്ര്യരാജ്യത്തിന്റെ ആശയത്തെ ഉൾക്കൊള്ളുന്ന ഒരു വ്യക്തിക്കും യോജിക്കുവാൻ സാധിക്കില്ല. എന്നുവരെ ഇന്ത്യ എന്ന ആശയം നിലനിൽക്കുന്നുവോ, അന്നുവരെ കോൺഗ്രസ് എന്ന പ്രസ്ഥാനം നിലനിൽക്കുക തന്നെ ചെയ്യണം. ഇന്ത്യയെ കോൺഗ്രസ് പുനർ ജീവിപ്പിച്ച് വീണ്ടെടുക്കുന്ന നല്ല നാളക്കായി നമുക്ക് പ്രതീക്ഷിക്കാം. ഛത്തീസ്ഗഡിലെ നവ റായ്പൂരിൽ വച്ച് നടത്തപ്പെട്ട കോൺഗ്രസ് പാർട്ടിയുടെ 85 ആം പ്ലീനറി യോഗം ഇതിന്റെ ആദ്യ പടിയാണ്.



**Lt. Dr. Sindhu Krishnadas.T**
HOD & Associate Professor
PG Department of Economics
SNG College, Chelannur

# KERALA BUDGET 2022-23
# PROJECTIONS AND REALITY




Kerala Economic Review 2022, stated that the state's economy has posted a strong recovery in the last fiscal with the gross state domestic product (GSDP) at constant prices recording a robust growth of 12.01 per cent as compared to -8.43 per cent in 2020-21.According to the economic review, this is the highest growth recorded since 2012-13. At the same time, the review said, the national economy had grown only by 8.7 per cent in 2021-22.

The Sectoral composition of growth reveals

positive impact across sectors. Agriculture and allied sectors registered a very credible growth of 4.64 per cent in 2021-22 compared to 0.24 per cent in 2020-21. This is the highest growth rate recorded since 2012-13. For the same period, the Industry Sector growth increased to 3.87 per cent from (-)2.82 per cent. The review stated that a standout feature of Kerala's economy is the significant contribution of the services sectors, which registered a robust growth of 17.3 per cent in 2021-2022 as against (-)14.44 per cent recorded in 2020-21.

Kerala's Gross State Value Added grew at a relatively fast rate during the period from 2016-17 to 2018-19 despite the many setbacks faced by the State and also the growing signs of recession in the national economy. The sectors that contributed to this fast growth are fishing and aquaculture, manufacturing, trade, hotels and restaurants, social services mainly education and health, public services, and professional services. The turnaround in the performance of State public sector units in the chemicals and electrical sector, fresh investments in petroleum refining, and a new impetus to the manufacture of electronic components were some of the highlights of the improved performance of Kerala's industrial sector from 2016-17. However, the Covid-19 pandemic has severely disrupted economic activities in the State pulling down growth rates in 2020-21 is now showing an improvement.The review said Kerala is among the top States in India with a high per-capita Gross State Domestic Product (GSDP) of ₹1,62,992 in 2021-22, and the corresponding national average was ₹1,07,670. In other words, the average income per person in Kerala is slightly more than 1.5 times the Indian average in 2021-22. Kerala, along with Haryana, Karnataka, Telangana, Tamil Nadu, Maharashtra, Gujarat, and, is among the States with the highest incomes per capita in the country.

## Kerala Budget- Projections

Kerala finance minister KN Balagopal on Friday presented the Left government's budget for the fiscal 2023-24, allocating Rs 100 crore for welfare programmes and setting aside Rs 2,000 crore for tackling price rise, besides announcing a slew of initiatives for the infrastructure and higher education sector.Finance minister stated in his budget speech that the Covid-19 pandemic has inflicted a shock to the economy and severe stress on state finances, with Kerala's economy suffering a contraction in Gross State Domestic Product (GSDP) in 2020-21 in relation to Budget Estimate of 2020-21. The contraction in GSDP could have been more severe but for the economic stimulus of ₹20,000 crore announced at the early stage of the pandemic in March 2020. This stimulus package targeted the most vulnerable and also benefited the entire society and greatly reduced the impact of Covid-19 on GSDP.

Table 1 : Budget 2022-23 – Key figures (in Rs crore)

| Items | 2020-21 Actuals | 2021-22 Budgeted | 2021-22 Revised | % change from BE 2021-22 to RE 2021-22 | 2022-23 Budgeted | % change from RE 2021-22 to BE 2022-23 |
|---|---|---|---|---|---|---|
| Total Expenditure | 1,77,812 | 2,14,479 | 2,06,606 | -4% | 2,28,785 | 11% |
| (-) Repayment of debt | 38,928 | 52,446 | 41,806 | -20% | 55,198 | 32% |
| **Net Expenditure (E)** | **1,38,884** | **1,62,032** | **1,64,800** | **2%** | **1,73,588** | **5%** |
| Total Receipts | 1,67,650 | 2,08,201 | 1,95,583 | -6% | 2,17,525 | 11% |
| (-) Borrowings | 63,969 | 76,866 | 68,439 | -11% | 83,054 | 21% |
| **Net Receipts (R)** | **1,03,681** | **1,31,335** | **1,27,144** | **-3%** | **1,34,471** | **6%** |
| **Fiscal Deficit (E-R)** | **35,204** | **30,698** | **37,656** | **23%** | **39,117** | **4%** |
| as % of GSDP | 4.40% | 3.50% | 4.17% | 3.91% | | |
| **Revenue Deficit** | **20,064** | **16,910** | **23,176** | **37%** | **22,968** | **-1%** |
| as % of GSDP | 2.51% | 1.93% | 2.57% | 2.30% | | |
| **Primary Deficit** | **14,228** | **8,757** | **15,541** | **77%** | **13,151** | **-15%** |
| as % of GSDP | 1.78% | 1.00% | 1.72% | 1.32% | | |

Note: BE is Budget Estimates; RE is Revised Estimates.

Sources: Kerala Budget Documents 2022-23; Kerala Economic Survey 2021-22; PRS.

## Kerala Budget – Reality

The budget deficit of Kerala has been increasing for several years. The state's debt has been skyrocketing for a long time. Kerala's outstanding debt liabilities at the end of 2020-21 were ₹2,96,900.85 crore. Amid this huge budget deficit and increasing state debt, the government is moving with development projects without proper study. Many of the development projects are intended to be funded with fund mobilisation through KIIFB. The long term liability of such projects are not seriously addressed by Finance Minister.

Kerala's budget allocation for certain key sectors is less than the all India average. Kerala has allocated 14.8% on education sector, 5.8% for health sector, 4.5% for Agricultural sector , 4% for rural development, 2.7%for police, 0.3% for energy. The all India allocation for the above mentioned sectors are 15.2%,5.8%,6.2%,5.7%, 4.3%,2.7%,0.3% respectively.

## Budget and Higher Education


The Kerala Budget 2022-23 seeks to bring in major changes in the higher education sector with a view to ensuring that the pay-offs of research should be utilised for the productive sector. The Budget has proposals for setting up IT hubs and science parks. In the Budget, knowledge economy is emphasised with the objective of strengthening the value-added production of the state and its domestic income. While such initiatives are generally welcome, the question whether liberal arts and multidisciplinary programmes need to be sustained remains unanswered. The budget is apparently muted on the question insofar as many universities and institutions of higher education are compelled to negotiate between the persistent disproportional allocation— between science and social sciences/humanities. This can already be seen in the very pattern of sanctioning new programmes and courses.

Kerala is witnessing a steady trend of youngsters moving abroad for higher education and Malayali students can be found all over the world. In fact, even the tiny Dutch Caribbean country of Curacao having an area of 444 sq km and a population of a mere 1.55 lakh has students from Kerala. The budget proposals are not addressing this issue properly.

## Conclusion

The decision to impose Rs 2 cess on petrol and diesel will worsen the infaltionary pressure in the economy. The allocation for controlling inflation (to ensure food security) is insufficient for a massive middle-class population as well as for the poor. The subsidies being offered to rubber cultivators and other agriculturalists could be a reasonable step (though there were criticisms that such allocations in the past remained on paper and did not yield any positive outcome).

Kerala's productive sectors have enormous opportunities to develop and mature, given the state's manpower and technology spinoffs. The most challenging job of the government is to generate capital to carry out its short-term and long -term development projects. Likewise, if revenue generation is the key to the state's development policy, it must reinforce the existing tax collection measures to offset the shortfalls in GST compensation from the Centre. However, with KIIFB at its disposal, the government is apparently in high spirits to move ahead with its agenda of Nava Keralam and the associated development projects. But only time can tell how such financing can best serve the real economy of the state.



**ഡോ. ചാക്കോ വി എം**
തൃശ്ശൂർ ജില്ലാ സെക്രട്ടറി
സെന്റ് തോമസ് കോളേജ്, തൃശ്ശൂർ

# പിന്നോട്ടില്ല നാം...

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇന്ന് ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നു. ആരും സഹായിക്കാനില്ലാത്ത അവസ്ഥ. ആരോട് പറയാൻ ആരുണ്ട് കേൾക്കാൻ... എന്നിരുന്നാലും നാം പിന്നോട്ടില്ല. നിരവധി പ്രാവിശ്യം നീട്ടി വച്ച ഏഴാം ശമ്പള പരിഷ്കരണം കെ പി സി ടി എ നൽകിയ റെപ്രെസെന്റ്ഷന്റെയും കേസിന്റെയും വിധിയുടെ പശ്ചാത്തലത്തിൽ നേടിയെടുക്കാനായി. ഇപ്പോഴത്തെ സാമ്പത്തീക പ്രശ്നങ്ങളെ വച്ച് ചിന്തിച്ചാൽ അന്ന് നമ്മൾ കേസ് നടത്തി അത് നേടിയെടുത്തില്ല എങ്കിൽ ഇന്നും നമുക്ക് അത് കിട്ടില്ലായിരുന്നു. ഇനി പുതിയ കേന്ദ്ര സർക്കാർ എട്ടാം ശമ്പള പരിഷ്കരണം തരുമോ എന്നുപോലും അറിയില്ല. കെ



പി സി ടി എ എന്ന അധ്യാപക സംഘടന സമയോചിതമായി പ്രവർത്തിച്ചതിനാൽ നമുക്ക വിജയം നേടാൻ സാധിച്ചു എന്നുവേണം പറയാൻ.

അതുപോലെ തന്നെ സംഘടന നാളുകളായി പരിശ്രമിക്കുന്ന മറ്റൊരു വിഷയമാണ് യൂണിവേഴ്സിറ്റി അധ്യാപകരുമായുള്ള പാരിറ്റി. അതിൽ പ്രൊഫസർ പോസ്റ്റ് കോളേജുകളിൽ യാഥാർഥ്യമാക്കാൻ നമ്മുടെ പരിശ്രമങ്ങൾ കാരണമായി. ബിരുദാനന്തര ബിരുദവും ഗവേഷണബിരുദവും ഉള്ളവരാണ് കോളേജ് അധ്യാപകർ. കോളേജിലായാലും യൂണിവേഴ്സിറ്റിയിലായാലും പഠിപ്പിക്കേണ്ടതും ഗവേഷണം നടത്തേണ്ടതും ഒരുപോലെ... യു.ജിയും പി.ജിയും പി എച് ഡിയും പഠിപ്പിക്കുന്ന കോളേജ് അധ്യാപകരെ എന്താണ് അടിസ്ഥാനമായി യൂണിവേഴ്സിറ്റി അധ്യാപകരിൽനിന്നു വിഭിന്നമാക്കുന്നത്? ഒന്നുമില്ല എന്നിരിക്കെ എന്തിനാണ് CAS പ്രൊമോഷന് യൂണിവേഴ്സിറ്റി അധ്യാപകർക്ക് അസ്സോസിയേറ്റ് പ്രൊഫസർ ആകാൻ എട്ടും എന്നാൽ കോളേജ് അധ്യാപകർക്ക് അത് പന്ത്രണ്ടും. കോളേജ് അധ്യാപകർക്ക് പെൻഷൻ പ്രായം 56 എന്നാൽ യൂണിവേഴ്സിറ്റി അധ്യാപകർക്ക് 60 . എന്തൊരു അന്യായമാണിത്. തീർച്ചയായും നാം നേടിയെടുക്കേണ്ട മറ്റൊരു പ്രധാന വിഷയം ചൂണ്ടിക്കാണിച്ചു എന്നു മാത്രം.

അതുപോലെതന്നെ അധ്യാപകരുടെ സമയബന്ധിതമായ പ്രമോഷനും മറ്റും തടസ്സപ്പെടുന്നു, സ്പാർക്കിലെ പിഴവുകൾ കാരണം ശമ്പളവും ആനുകൂല്യങ്ങളും നീണ്ടു പോകുന്ന അവസ്ഥ, പി എച് ഡി ഇൻക്രിമെന്റ് തടസ്സപ്പെടുത്തുന്ന അവസ്ഥ, ഡി എ തരാതെ മുൾമുനയിലാക്കുന്ന സാഹചര്യം എന്നിങ്ങനെ നിരവധി വിഷയങ്ങൾ ഇപ്പോഴും നമ്മുടെ മുമ്പിലുണ്ട്. ഇതൊക്കെ കണ്ടുകൊണ്ടു നോക്കി നില്ക്കാൻ കെ പി സി ടി എ എന്ന സംഘടനക്ക് ആകില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. അധ്യാപകരുടെ നിരവധി പ്രശ്നങ്ങളിൽ ഇടപെട്ട് എത്രയും പെട്ടന്ന് പോംവഴിയിലേക്ക എത്തിച്ചേരാൻ സംഘടനാ പ്രതിജ്ഞാബദ്ധമാണ്.

പുതിയ വിദ്യാഭ്യാസനയത്തിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം ഇന്റേണൽ മാർക്ക് 20 ശതമാനത്തിൽ നിന്ന് 50 ലേക്ക് ഉയർത്താൻ ശ്രമിക്കുന്നു എന്നതാണ്. തീർച്ചയായും എതിർക്കപ്പെടേണ്ട ഒരു കാര്യമാണിത്. നമുക്കറിയാം, ഇപ്പോൾ എത്ര യോഗ്യതയുണ്ടായാലും അവരെയൊക്കെ മാറ്റി നിർത്തി ഭരണവർഗ്ഗം സ്വന്തക്കാരെ ജോലിക്കു കയറ്റുന്ന ഒരു സ്ഥിതിവിശേഷം അതിഭീഷണമായി നമ്മുടെ വിദ്യാഭ്യാസമേഖലയിൽ ബാധിച്ചിരിക്കുന്നു. ഇങ്ങനെ ഇന്റേണൽ മാർക്കു കിട്ടി വിദ്യാർത്ഥികൾ ജയിക്കുമ്പോൾ വലിയരീതിയിലുള്ള അഴിമതിക്ക് അത് ഇടയാക്കുകയും പിൻവാതിലിലൂടെ ജോലിക്കു കയറാനും സാധ്യതയുണ്ട്. അത് തടയേണ്ടത് നമ്മുടെ കടമയാണ്. വിദേശ രാജ്യങ്ങളിലുള്ളത് പോലെ ഉള്ള ഒരു സാഹചര്യമല്ല കേരളത്തിൽ. ഉന്നത വിദ്യാഭ്യാസ രംഗവും പി എസ് സി യൂണിവേഴ്സിറ്റി കോർപറേഷൻ മുതലായ മേഖലകളിൽ സ്വന്തക്കാരെ തിരുകികേറ്റാനുള്ള ഒരു പരിശ്രമമായി വേണം ഇന്റേണൽ മാർക്കിലെ മാറ്റത്തിനുള്ള നിർദ്ദേശം എന്നു വേണം കരുതാൻ. രാജ്യത്തിൻറെ വളർച്ചയെ ആഗ്രഹിക്കുന്ന എല്ലാരും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മക്കായി പ്രവർത്തിക്കണം, ശബ്ദമുയർത്തണം. വിദ്യാഭ്യാസമേഖലയിൽ ഇത്തരത്തിലുള്ള ധാരാളം വിഷയങ്ങൾ ഗൗരവതരമായി അടിയന്തിരപ്രാധാന്യത്തോടെ ഇടപെടേണ്ടതുണ്ട്. കൂട്ടായ ഇടപെടലുകളും പോരാട്ടങ്ങളും ഇക്കാര്യത്തിൽ ആവശ്യമാണ്.



**അഫ്സൽ കെ.**
അസിസ്റ്റന്റ് പ്രൊഫസ്സർ
കമ്പ്യൂട്ടർ സയൻസ് വിഭാഗം.
ഫാറൂഖ് കോളേജ് (ഓട്ടോണമസ്), കോഴിക്കോട്.

# പങ്കാളിത്ത പെൻഷൻ: **ആനുകൂല്യങ്ങളുടെ മരണക്കയം**




**ജീ**വനക്കാർക്ക് കൂടുതൽ മെച്ചം ലഭിക്കും എന്നും മറ്റും പറഞ്ഞു കേന്ദ്രസർക്കാർ ജീവനക്കാർക്കിടയിൽ 2004 ഇൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതി കേരളത്തിൽ 2013 ഏപ്രിൽ ഒന്ന് മുതലാണ് സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്കാരുടെ മേൽ അടിച്ചേൽപ്പിക്കുന്നത്. കഴിഞ്ഞ 19 വർഷമായി കേന്ദ്രത്തിലും, 10 വർഷമായി കേരളത്തിലും നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഒരിക്കലും പഴയ നിർവചിക്കപ്പെട്ട പെൻഷനു പകരമാവില്ല എന്ന് കാലം തെളിയിച്ചിരിക്കുന്നു.

പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പ്രശ്നങ്ങൾ മനസ്സിലാകണമെങ്കിൽ ആദ്യം പങ്കാളിത്ത പെൻഷൻ പ്രവർത്തിക്കുന്നത് എങ്ങനെ എന്നു മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാരൻ തന്റെ ശമ്പളത്തിന്റെ 10% പെൻഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണ്. അതിനു തുല്യമായ ഒരു സംഖ്യ സർക്കാരും പ്രസ്തുത ഫണ്ടിൽ

നിക്ഷേപിക്കും. ഈ തുക ഓഹരി വിപണിയിലെ കയറ്റിറക്കങ്ങൾക്ക് അനുസരിച്ച് കയറിയും ഇറങ്ങിയും ഇരിക്കും. അവസാനം വിരമിക്കുമ്പോൾ ഫണ്ടിലെ മൊത്തം തുകയുടെ 60% ജീവനക്കാരന് പിൻവലിക്കുവാൻ സാധിക്കും. ബാക്കി വരുന്ന 40% കൊണ്ട് നിർബന്ധമായും ഒരു ആന്വിറ്റി പ്ലാൻ (Annuity Plan) വാങ്ങേണ്ടതാണ്. ഈ ആന്വിറ്റി പ്ലാനിൽ നിന്ന് മാസാമാസം ലഭിക്കുന്ന തുകക്ക് ആണ് ആന്വിറ്റി എന്ന് പറയുന്നത്. ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തി അതിൽ നിന്ന് പലിശ വാങ്ങുന്ന രീതിയുമായി ഇതിനെ ഉപമിക്കാവുന്നതാണ്. പക്ഷേ ആന്വിറ്റി എന്നു പറയുന്നത് ഒരു ദീർഘ നാളത്തേക്കുള്ള ഒരു കമ്മിറ്റ്മെന്റ് ആയതിനാലും കാലാകാലങ്ങളിൽ പലിശ നിരക്ക് കയറി ഇറങ്ങുന്നതിനാലും ആന്വിറ്റി പ്ലാനുകൾക്ക് ബാങ്കുകൾ സ്ഥിരനിക്ഷേപത്തിനു നൽകുന്ന പലിശയേക്കാൾ കുറവ് പലിശയാണ് നൽകി വരുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ബാങ്കുകളുടെ വാർഷിക പലിശ നിരക്ക് 8 ശതമാനത്തോട് അടുപ്പിച്ച് നിൽക്കുമ്പോളും ആന്വിറ്റി പ്ലാനുകൾ 6 ശതമാനത്തിൽ താഴെ മാത്രമാണ് വാർഷിക റിട്ടേൺ നൽകുന്നത്. ചുരുക്കി പറഞ്ഞാൽ വിരമിക്കുമ്പോൾ പെൻഷൻ ഫണ്ടിലുള്ള തുകയുടെ ഏകദേശം 0.2% ആണ് (ആന്വിറ്റി പ്ലാൻ വാങ്ങാൻ ഉപയോഗിച്ച 40% ന്റെ 0.5%) ആന്വിറ്റി ആയി ഓരോ മാസവും ലഭിക്കുക.

പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുക വഴി KSR പാർട്ട്–3 യിൽ പറയുന്ന യാതൊരു ആനുകൂല്യങ്ങൾക്കും പങ്കാളിത്ത പെൻഷൻ ജീവനക്കാരൻ അർഹനല്ല എന്നുള്ളതു പോലും പലരും മനസിലാക്കിയിട്ടില്ല. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുക വഴി ജീവനക്കാരന് നഷ്ടമായത് പെൻഷൻ മാത്രമല്ല. ഇന്ന് 17 ലക്ഷം രൂപ വരെ ലഭിക്കുന്ന DCRG ക്ക് പങ്കാളിത്ത പെൻഷൻ ജീവനക്കാർ അർഹരല്ല എന്നുള്ളത് എത്രപേർക്കറിയാം. അതുപോലെ തന്നെ പങ്കാളിത്ത പെൻഷൻ ജീവനക്കാർക്ക് നഷ്ടപ്പെട്ട ആനുകൂല്യങ്ങളാണ് മിനിമം പെൻഷൻ, പെൻഷൻ കമ്മ്യൂറ്റേഷൻ (അടുത്ത 12 വർഷത്തെ പെൻഷൻ തുകയുടെ 40% ഒന്നിച്ച് പണമായി നൽകുന്നത്), കലാകാലങ്ങളിൽ ഉള്ള പെൻഷൻ റിവിഷൻ, പെൻഷന് കൂടെ ലഭിക്കുന്ന DR, ഇൻവാലിഡ് പെൻഷൻ, എക്സ്ഗ്രേഷ്യ പെൻഷൻ തുടങ്ങിയവ.

സർക്കാർ സർവീസിലേക്ക് മിടുക്കരായ ഉദ്യോഗാർഥികൾ കടന്നു വരാനും അവരുടെ ഭാവിയെ കുറിച്ച് ആശങ്കകളില്ലാതെ ആത്മാർഥമായി ജോലി ചെയ്യാനുമെല്ലാം ഉള്ള ഒരു പ്രധാന കാരണം തൊഴിൽ സുരക്ഷയും വിരമിച്ച ശേഷം ലഭിക്കുന്ന പെൻഷനും മറ്റ ആനുകൂല്യങ്ങളും ആണ്. ഒരു ഡോക്ടർക്ക സർക്കാർ സർവീസിൽ ലഭിക്കുന്നതിനേക്കാൾ ഒരുപാട് കൂടുതൽ സാലറിയും മറ്റ ആനുകൂല്യങ്ങളും സ്വകാര്യ ആശുപത്രികൾ നൽകും. പക്ഷേ ജോലിയിൽ നിന്ന് വിരമിച്ച ശേഷം വർദ്ധാക്യ കാലത്ത് സമാധാനപരമായ ഒരു ജീവിതം നയിക്കാൻ സർക്കാർ ജീവനക്കാർക്ക് നൽകിയിരുന്ന പെൻഷൻ വലിയ ഒരു ആശ്വാസമാണ്. അത് മുന്നിൽ കണ്ടായിരുന്നു പലപ്പോഴും സ്വകാര്യ ആശുപത്രികൾക്കുപരി സർക്കാർ ആശുപത്രികളിൽ സേവനം ചെയ്യാൻ പലരും തയ്യാറായിരുന്നത്. ഇതിപ്പോൾ സർക്കാർ സർവീസിൽ സേവനം ചെയ്താലും പെൻഷൻ ഇല്ല എന്നുള്ള സാഹചര്യത്തിൽ മിടുക്കരായ ഡോക്ടർമാർ സർക്കാർ ജോലികളിലേക്ക് വരാതിരിക്കുകയും അതിന്റെ നഷ്ടം പാവപ്പെട്ട ജനങ്ങളെ ബാധിക്കുകയും ചെയ്യും.

ഒരു ജീവനക്കാരന്റെ ശമ്പള സ്കെയിൽ നിശ്ചയിച്ചിരിക്കുന്നത് അദ്ദേഹത്തിന് വിരമിച്ച ശേഷം നൽകാൻ ഉള്ള പെൻഷൻ കൂടെ ചേർത്തുകൊണ്ടാണ് എന്നിരിക്കെ പഴയ പെൻഷനിൽ ഉള്ളവർക്കും പങ്കാളിത്ത പെൻഷൻകാർക്കും ഒരേ ശമ്പള സ്കെയിൽ ആണെന്നുള്ളത് തന്നെ നീതീകരിക്കാവുന്നതല്ല. എന്നാൽ പങ്കാളിത്ത പെൻഷൻ ജീവനക്കാർ കയ്യിൽ വാങ്ങുന്ന ശമ്പളം അതേ തസ്തികയിലെ പഴയ പെൻഷൻ ബാധകമായവർ വാങ്ങുന്ന ശമ്പളത്തേക്കാൾ

10% കുറവാണ്. അതുവഴി തുല്യ യോഗ്യതകളോടെ ഒരേ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാരെ രണ്ടു തട്ടിലാക്കുകയാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ചെയ്തിട്ടുള്ളത്.

പങ്കാളിത്ത പെൻഷന്റെ ഏറ്റവും വലിയ ഒരു പോരായ്മ എന്നത് അതിൽ ഒരു മിനിമം പെൻഷൻ തുക ഉറപ്പു നൽകാൻ കഴിയുന്നില്ല എന്നുള്ളതു തന്നെയാണ്. പഴയ പെൻഷൻ പദ്ധതിയിൽ അവസാനമായി വാങ്ങിയ സാലറിയുടെയും സർവിസിന്റെയും അടിസ്ഥാനത്തിലാണ് പെൻഷൻ തുക കണക്കാക്കിയിരുന്നത്. ഇത് ജീവനക്കാർക്കിടയിൽ ഒരു സുരക്ഷിതത്വബോധം ഉണ്ടാക്കാൻ സഹായിച്ചിരുന്നു. എങ്കിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ജീവനക്കാരന്റെയും സർക്കാരിന്റെയും നിക്ഷേപം ഓഹരി കമ്പോളത്തിൽ എങ്ങനെ പെർഫോം ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് പെൻഷൻ തുക കണക്കാക്കുന്നത്. ഓഹരി കമ്പോളത്തിലെ കയറ്റിറക്കങ്ങൾ കാരണം അത് മുൻകൂറായി കണക്കാക്കുക എന്നുള്ളത് അപ്രായോഗികവുമാണ്.

സാമൂഹിക സുരക്ഷാ പെൻഷൻ ആയി 1600 രൂപ എല്ലാ വൃദ്ധജനങ്ങൾക്കും നൽകുന്ന നാട്ടിൽ 1000 രൂപയിൽ താഴെ പെൻഷൻ വാങ്ങുന്ന വിരമിച്ച പങ്കാളിത്ത പെൻഷൻ ജീവനക്കാർ ഉണ്ടെന്നു പറഞ്ഞാൽ പലർക്കും വിശ്വസിക്കാൻ പ്രയാസം ആയിരിക്കും. കേന്ദ്ര സെർവിസിൽ 16 വർഷം സേവനം ചെയ്തു 34300 രൂപ ബേസിക് സാലറിയോട് കൂടി വിരമിച്ച ആൾക്ക് പോലും 2500 രൂപ മാത്രമാണ് പെൻഷൻ ആയി ലഭിക്കുന്നത് എന്നുള്ളത് എല്ലാവരും ഗൗരവത്തിൽ കാണേണ്ടതാണ്. പഴയ പെൻഷൻ പദ്ധതി പ്രകാരം 10 വർഷം സർവീസ് പൂർത്തീകരിച്ച ഏതൊരു ജീവനക്കാരനും മിനിമം പെൻഷൻ 11500 രൂപ + DR ലഭിക്കേണ്ട സ്ഥാനത്തതാണിത് എന്നുള്ളത് ഓർക്കേണ്ടതാണ്.

പങ്കാളിത്ത പെൻഷന്റെ മറ്റൊരു പോരായ്മ എന്ന് പറയുന്നത് വിരമിക്കുമ്പോൾ ലഭിക്കും എന്ന് പറയുന്ന ആന്വിറ്റി തുകയിൽ ഒരിക്കലും ഒരു വർദ്ധനവ് ഉണ്ടാകില്ല എന്നുള്ളതാണ്. പഴയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പെൻഷനു കൂടെ DR കൂടെ നൽകുകയും അത് ഓരോ 6 മാസം കൂടും തോറും വർധിപ്പിക്കുകയും അഞ്ച് വർഷത്തിലൊരിക്കൽ പെൻഷൻ തന്നെ റിവൈസ് ചെയ്യുകയും ചെയ്യുമ്പോൾ ഇതൊന്നും തന്നെ പങ്കാളിത്ത പെൻഷൻ ജീവനക്കാർക്കില്ല എന്നുള്ളത് പ്രതിഷേധാർഹം തന്നെയാണ്.

ഗവണ്മെന്റ് കണക്കുകളിൽ പണപ്പെരുപ്പം 4% ആണെന്നാണ് പറയുന്നത് എങ്കിലും വിദ്യാഭാസത്തിലും ആരോഗ്യരംഗത്തുമുള്ള ഉയർന്ന പണപ്പെരുപ്പം കാരണം യഥാർത്ഥ പണപെരുപ്പ നിരക്ക് 7% മുതൽ 8% വരെ ആണെന്നുള്ളത് എല്ലാവരും അംഗീകരിക്കുന്നതാണ്. ഇനി പണത്തിന്റെ മൂല്യം എങ്ങനെ കണക്കാക്കാം എന്നു നോക്കാം. പണപെരുപ്പ നിരക്ക് 7–8% ആണെങ്കിൽ ഓരോ 10 വർഷം കഴിയുമ്പോളും പണത്തിന്റെ മൂല്യം പകുതി ആയി കുറയും. എന്നു പറഞ്ഞാൽ ഇന്ന് 25000 രൂപ കൊണ്ട് ജീവിക്കുന്ന പോലെ 10 വർഷം കഴിഞ്ഞു ജീവിക്കാൻ 50000 രൂപയും, 20 വർഷം കഴിഞ്ഞാൽ ഒരു ലക്ഷവും 30 വർഷം കഴിഞ്ഞാൽ രണ്ടു ലക്ഷവും ആവശ്യമാണ്.

പങ്കാളിത്ത പെൻഷനിൽ ലഭിക്കുന്ന ആന്വിറ്റി തുക വർധിക്കില്ല എന്നതിനാൽ 30 വർഷം കഴിഞ്ഞു പിരിയുമ്പോൾ കിട്ടുന്ന തുക മാത്രം കണക്കാക്കിയിട്ടു കാര്യമില്ല. 2050 ഇൽ 60 ആം വയസ്സിൽ വിരമിക്കുന്ന ഒരാൾ 90 വയസ്സുവരെ ഒരു 30 വർഷം ജീവിക്കുകയാണെങ്കിൽ പണത്തിന്റെ മൂല്യം വീണ്ടും എട്ടിൽ ഒന്നായി കുറയും. മുകളിലത്തെ ഉദാഹരണപ്രകാരം 16 ലക്ഷം ആന്വിറ്റി ആയി 2080 ഇൽ ഉണ്ടെങ്കിലേ 2020 ലെ 25000 രൂപയ്ക്കു തുല്യമാകൂ.

ലളിതമായി പറഞ്ഞാൽ ഇന്ന് 2500 രൂപ പെൻഷൻ ആയി ലഭിക്കുന്ന 16 വർഷം സർവീസ് ഉള്ള പങ്കാളിത്ത പെൻഷൻ ജീവനക്കാരൻ 30 വർഷം ജീവിച്ചിരുന്നാൽ അന്നും ലഭിക്കുന്ന തുക ഈ 2500 രൂപ തന്നെ ആയിരിക്കുമെന്ന് മാത്രമല്ല അതിന്റെ മൂല്യം എന്ന് പറയുന്നത് ഇന്നത്തെ

300 രൂപയ്ക്ക് തുല്യവും ആയിരിക്കും (7%–8% പണപ്പെരുപ്പം).

2020 ഇൽ സെർവിസിൽ കയറുന്ന ഒരു ജീവനക്കാരൻ 2050 ഇൽ വിരമിക്കുകയും 2080 വരെ ജീവിച്ചിരിക്കുകയും ചെയ്താൽ ഇന്നത്തെ 25000 രൂപയുടെ മൂല്യമുള്ള ഒരു തുകയെങ്കിലും 2080 ഇൽ കയ്യിൽ ലഭിക്കണമെങ്കിൽ 16 ലക്ഷം ആന്വിറ്റി ലഭിക്കണം.

6% പലിശ നൽകുന്ന annuity plan 2050 ൽ ലഭിക്കും എന്നു തന്നെ കണക്കാക്കിയാൽ തന്നെ (മറ്റു വികസിത രാജ്യങ്ങളുടെ മാതൃകയിൽ ഇന്ത്യയും വികസിക്കുകയാണെങ്കിൽ പലിശ നിരക്ക് കുറയുക തന്നെ ചെയ്യും) ആന്വിറ്റി പ്ലാനിൽ നിക്ഷേപിക്കാൻ 32 കോടി വേണം. പിരിയുമ്പോൾ 60% പിൻവലിച്ചു കഴിഞ്ഞു ബാക്കി 32 കോടി ഉണ്ടാകണമെങ്കിൽ പിരിയുമ്പോൾ NPS അക്കൗണ്ടിൽ 80 കോടി ബാലൻസ് ഉണ്ടാകണം. അപ്പോൾ പറഞ്ഞു വരുന്നത് ഇന്നത്തെ 25000 രൂപയ്ക്ക് തുല്യമായ തുക 2080 ഇൽ പെൻഷൻ ആയി ലഭിക്കാൻ ഒരു 80 കോടി നമ്മുടെ പെൻഷൻ അക്കൗണ്ടിൽ ഉണ്ടാകണം.

80 കോടിയൊക്കെ പോട്ടേ, ഇന്നിപ്പോൾ നടക്കുന്നത് എന്താണെന്നു നോക്കാം. 10 വർഷത്തോളം സർവീസ് പൂർത്തീകരിക്കുന്ന എന്റെ കൂടെ ജോലി ചെയ്യുന്ന ഒരു ലക്ഷത്തിനടുത്ത് സാലറി വാങ്ങുന്ന അസിസ്റ്റന്റ് പ്രൊഫസർക്ക് പോലും NPS അക്കൗണ്ടിലെ തുക 20 ലക്ഷം മാത്രമാണ്. പിന്നെ നമ്മൾ വലിയ കോടികൾ ഒന്നും പറയുന്നതിൽ അർത്ഥമില്ല. അദ്ദേഹം ഇന്ന് റിട്ടയർ ചെയ്യുകയാണെങ്കിൽ തന്നെ പഴയ പെൻഷൻ പദ്ധതി പ്രകാരം 15000 രൂപയോളം പെൻഷനും പണപ്പെരുപ്പ നിരക്കനുസരിച്ച DR വർധനവും 5 വർഷം കൂടുമ്പോൾ പെൻഷൻ റിവിഷനും എല്ലാം ലഭിക്കേണ്ടതാണ്. എന്നാൽ പങ്കാളിത്ത പെൻഷൻകാരനായ അദ്ദേഹത്തിന് 12 ലക്ഷം പിൻവലിക്കാൻ സാധിക്കും (നമ്മുടെ ശമ്പളത്തിൽ നിന്നും പിടിച്ച വച്ച തുകയാണിത് ) ബാക്കി വരുന്ന 8 ലക്ഷത്തിന് ആന്വിറ്റി പ്ലാൻ വാങ്ങിയാൽ 4000 രൂപയിൽ താഴെ മാത്രമേ പെൻഷനായി ലഭിക്കൂ.

ഇന്ന് പങ്കാളിത്ത പെൻഷൻ ഒരു പരാജയമാണെന്ന് മനസ്സിലാക്കികൊണ്ട് രാജസ്ഥാൻ, ജാർഖണ്ഡ്, ഛത്തീസ്ഗഢ്, പഞ്ചാബ്, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ തങ്ങളുടെ ജീവനക്കാർക്ക് പഴയ പെൻഷൻ പദ്ധതി തിരിച്ച കൊണ്ട് വന്നു എന്നുള്ളത് പത്രമാധ്യമങ്ങളിലൂടെ എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. എല്ലാ വിധ ക്ഷേമ പ്രവർത്തനങ്ങളിലും മുന്നിൽ നിൽക്കുന്ന നമ്മുടെ കേരളം പങ്കാളിത്ത പെൻഷൻ പിൻവലിച്ച പഴയ പെൻഷൻ നടപ്പാക്കുന്ന നീക്കത്തിൽ മുൻപന്തിയിൽ നിൽക്കേണ്ടതായിരുന്നു. എന്നാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയെപറ്റി പഠിക്കാൻ രാജ്യത്ത് ആദ്യമായി പുനഃപരിശോധനാ കമ്മീഷനെ നിയമിച്ച എന്ന് പറയുന്ന സർക്കാർ ഇപ്പോഴും പുനഃപരിശോധന കമ്മീഷന്റെ റിപ്പോർട്ട് പുറത്ത് വിടുന്നില്ല എന്നുള്ളത് ഖേദകരമാണ്. പങ്കാളിത്ത പെൻഷൻ ഉദ്ദേശിച്ച രീതിയിൽ ജീവനക്കാർക്ക് ഫലം ചെയ്യില്ല എന്ന് കണ്ട്, അത് പിൻവലിച്ച് പഴയ പെൻഷൻ പദ്ധതി എല്ലാ ജീവനക്കാർക്കും നടപ്പിലാക്കി മുന്നേറുന്ന മറ്റു സംസ്ഥാന സർക്കാരുകൾക്കൊപ്പം നമ്മുടെ കേരളസർക്കാരും മുന്നേറേണ്ടതുണ്ട്. രാഷ്ട്രീയ ഇച്ഛാശക്തി സർക്കാർ അതിൽ കാണിക്കേണ്ടതുണ്ട്.



**Dr Sreelatha K**
Assistant Professor, Department of Physics
NSS Hindu College, Changanacherry.

# Numbering System in Kerala, **from Ancient to Twentieth Century**



Physics often described as the study of physical world. Our forefathers also studied the nature in systematic way. Indians always proud about our ancient scientific achievements. Indians got a rational system of mathematics using nine symbols, and own method of calculation . Kerala is not an exemption. Great mathematicians like Madhava of Sangamagrama who made contributions to infinite series, his disciples Nilakantha Somayaji and Jyeshtadevan were Keralites Some scholars says even Aryabhatta was a Keralite .

But did you ever thought, what was the units they were used in counting, measuring, and weighing by mathematicians, scientists and ordinary people. What were the units used by our forefathers just two hundred years back, or what the names they had given to bigger digits or how they measured time or distance.

We begin with counting system. Indians used decimal system for counting. In Adhyatma Ramayanam, while describing the strength

of the Sri Rama's Army, Ezhuthachan wrote that

"ഇത്തരം വാനര നായകന്മാ
രറുപത്തേഴു കോടിയുണ്ടുള്ളതറി
ഞ്ഞാലും

ഉള്ളം തെളിഞ്ഞു പോർക്കായി
രുപത്തൊന്നു വെള്ളം പടയുമു
ണ്ടുള്ളതവർക്കെല്ലാം"

(Yudha kandam -Ravana Suka Samvadam)

This means, the army consists of .... Sixty-seven crore of valor monkey leaders are there and for them twenty one "vellam" soldiers are there. As you know the word "vellam" when used as noun in Malayalam means water. But here it indicates a number. This word denotes 1098, as per Sabdataravali (see the table). In other words, we used these numbers from the time of Ramayana itself.

In west, the first person to name these large numbers is a 15th century mathematician named Nicolas Chuquet1. The names like million, trillion and the concept of giving Latin prefixes to large numbers started by him.

"Instead of saying one thousand thousands, one may say million; instead of saying one thousand millions, one may say billion, etc..., and trillion, quadrillion, ... octillion, nonillion, and others as far beyond as you wish to go"2.

As per this scheme the billion =1012 instead of present usage of 109. The billion=1012 system was adopted in England, Germany, Spain, Scandanavia, and eastern Europe except Russia. Throughout the 1800's the French usage of the billion=109 system gained influence in the United States. As the nations more interdependent, the ambiguity became an ever-greater problem, particularly when large amounts of money. the influence of the billion=109 system, primarily from the United States, was so great that by 1974, the Prime Minister of the U.K. announced that the billion=109 system was to be used for all official communications, effectively completing a transition that had long been taking place among the general population in English -speaking countries.

In original Ramayana, the great poet Valmiki describes the numbering system during a conversation between Shuka and Ravana in Yudha kanda

shatam shatasahasraaNaam koTimaahurmaniiShiNaH || 6-28-33

shatam koTisahasraaNaam shaN^kurityabhidhiiyate |

shatam samudrasaahasramogha ityabhidhiiyate || 6-28-38

shatamoghasahasraaNaam mahaugha iti vishrutaH

"Wise men call a hundred hundred thousand as a "koti" . A hundred thousand crores is reckoned as a Shanku.A hundred thousand Shankus are said to be one Maha Shanku. A hundred thousand Maha Shankus are called one Vrindam here. A hundred thousand Vrindas are said to be one Maha vrindam. A hundred thousand Mahavrindas are called one Padmam here. A hundred thousand padmas are said to be one Mahapadmam. A hundred thousand Mahapadmas are called one Kharvam here. A hundred thousand kharvas are said to be one Mahakharvam. A hundred thousand Mahakharvas are called one Samundram. A hundred thousand Samudras are said to be one ogha here. A hundred thousand oghas are acclaimed a one Mahaugha." (6-28-33 to6-28-38)

Valmiki described a numbering system in which higher values are increased by 105. The present day system is increase by 103. A table showing the ancient kerala name, name given in Ramayana and Lilavati and standard present day dictionary equivalent is given below. Sabdataravali, gives different names.

1. Syrian Astronomer Severus Sebokht(AD662) as quoted by Basham AL in The wonder that was India
2. https://www.britannica.com/science/Indian-mathematics. 3. Encyclopedia of Mathematics(Malayalam)Pages 75 and 83 4. ibid page 54

| POWER OF 10 | TRADITIONAL MALAYALAM NAME | | TRADITIONAL SANSKRIT | | WESTERN AND MODERN | | |
|---|---|---|---|---|---|---|---|
| | KANAKKUSARAM | SABDATARA-VALI | RAMAYAN | LEELAVATI | US | BRITISH (TRADITIONAL) | EUROPEAN |
| 0 | ONNU | | | EAKAM | | | |
| 1 | PATHU | | | DASAM | | | |
| 2 | NOORU | | | SATHAM | | | |
| 3 | AAYIRAM | | | SAHASRAM | | | |
| 4 | PATHAYIRAM | | | AYUTHAM | | | |
| 5 | NOORAYIRAM | | | LAKSHAM | | | |
| 6 | PATHUNOORAAYIRAM | | | PRAYUTHA | MILLION | MILLION | MILLION |
| 7 | KOTI | KOTI | KOTI | KOTI | | | |
| 8 | PATHINKOTI | | | ARBUDAM | | | |
| 9 | NOORUKOTI | | | ABJAM | BILLION | THOUSAND MILLION | MILLIARD |
| 10 | AAYIRAM KOTI | | | KHARVVAM | | | |
| 11 | PATHAAYIRAM KOTI | | | | | | |
| 12 | NOORAYIRAM KOTI | | SANKU | MAHAPADMAM | TRILLION | BILLION | BILLION |
| 13 | PATHUNOORAYIRAM KOTI | | | SAMKHAM | | | |
| 14 | MAHAKOTI | MAHAKOTI | | JALADHI | | | |
| 15 | | | | ANTHAM | QUADRILLION | THOUSAND BILLION | BILLIARD |
| 16 | | | | MADHYAM | | | |
| 17 | | | | PARARTTHAM | | | |
| 21 | CHANGU | SAMKHAM | | | SEXTILLION | THOUSAND TRILLION | TRILLIARD |
| 22 | | | VRINDAM | | | | |
| 27 | | | MAHAVRINDAM | | | | |
| 28 | MAHACHANGU | MAHASAMKHAM | | | | | |
| 32 | | | PADMAM | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 35 | POOVU | VRINDAM | | | | | |
| 37 | | | MAHAPADMAM | | | | |
| 42 | MAHAAPOOVU | MAHAVRINDAM | KHARVVAM | | TREDICILLION | SEPTILLION | SEPTILLION |
| 47 | | | | | | | |
| 49 | KALPAM | PADMAM | MAHAKHARVVAM | | | | |
| 52 | | | SAMUDRAM | | | | |
| 56 | MAHAKALPAM | MAHAPADMAM | | | | | |
| 57 | | | AUGHAM | | | | |
| 62 | | | MAHOUGHAM | | | | |
| 63 | KAANAM | KHARVVAM | | | VIGINTILLION | THOUSAND DECILLION | DECILLIARD |
| 70 | MAHAKAANAM | MAHAKHARVAM | | | | | |
| 77 | LAKKAM | SAMUDRAM | | | | | |
| 84 | MAHALAKKAM | OGHAM | | | SEPTAM VIGNTILLION | QUATTUORDECILL ION | QUATTUORDECILLION |
| 91 | THENGU | MAHOUGHAM | | | | | |
| 98 | MAHATHENGU | VELLAM | | | | | |
| 105 | DHOOLI | | | | QUATTUORTR IGINTILLION | THOUSAND SEPTADECELLION | SEPTENDECILLIARD |
| 112 | MAHADHOOLI | | | | | | |
| 105 | DHOOLI | | | | QUATTUORTR IGINTILLION | THOUSAND SEPTADECELLION | SEPTENDECILLIARD |
| 112 | MAHADHOOLI | | | | | | |
| 119 | VELLAM | | | | | | |
| 126 | MAHAVELLAM | | | | | | |

Which one is more correct and scientific was out of the scope of this study. This is only a humble attempt to give light to the ancient numbering system in kerala.


1. (http://www.mrob.com/pub/math/largenum.html#chuquet)

2. (http://www.mrob.com/pub/math/ln-notes1-2.html#short_long_history)

3. Sabdatharavali by Sreekanteswaram G Padmanabha Pillai, NBS Kottayam

4.Valimiki Ramayanam translated by Vallathol, 1959 December Vallthol grandhalayam Cheruthuruthy. Page 72

5. "http://www.vpmthane.org/bhaskara900/books/Taylor_Lilawati_or_A_treatise_on_arithmetic_and.pdf


6. http://www.valmikiramayan.net/utf8/yuddha/sarga28/yuddha_28_frame.htm

7. Kanakkusaram, General Editor T Chandrasekharan, Government Oriental Manuscripts library, Madras,1950.




**ഡോ. അനീഷ് എ. എസ്.**
എൻ. എസ്. എസ്. കോളേജ് നിലമേൽ


# ശ്രീനാരായണ ഗുരു : കാലത്തിന്റെ കാവ്യദർപ്പണം



കേരള നവോത്ഥാനത്തിന്റെ ചരിത്രം എഴുതിയാൽ ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന പേര് ഗുരുവിന്റേതാകും. പകരം വയ്ക്കാൻ ആകാത്ത വിധത്തിൽ ധീരമായ നിലപാടുകൾ കൊണ്ട് ഒരു സമൂഹത്തെ തിരുത്താൻ സാധിച്ച എന്ന് നിസംശയം പറയാൻ കഴിയുന്ന വ്യക്തിത്വം ശ്രീനാരായണ ഗുരുവിന്റെത് മാത്രമാണ്. ഗുരു കടന്നുവന്ന വഴികളും തെളിച്ച പോയ വഴികളും വിപ്ലവകരമായിരുന്നു. ഗുരു പറഞ്ഞതെല്ലാം വേദ വേദാന്തങ്ങൾക്കപ്പുറമുള്ള സത്യമായിരുന്നു. പക്ഷേ ഗുരുവിന്റെ പിന്തുടർച്ചക്കാർക്ക് ഗുരുവിനെ അറിയുന്നതിലും വായിക്കുന്നതിലും വന്ന വീഴ്ച വരും തലമുറയ്ക്ക് ആ മഹാത്മാവിന്റെ ആശയങ്ങൾ അർഹിക്കുന്ന ഗാംഭീര്യത്തോടെ ഉൾക്കൊള്ളുന്നതിൽ തടസ്സമായിട്ടുണ്ട്.

അതിൽ ഏറ്റവും എടുത്തുപറയേണ്ടത് ഗുരുവിനെ ഒരു ജാതിയുടെ ഗുരുവായും ഹിന്ദു



സന്യാസിയായും ചുരുക്കി കെട്ടിയതാണ്. ജനിച്ചതും വളർന്നതുമായ ചുറ്റുപാടുകൾക്ക് അനുസൃതമായി ഹിന്ദുമത രീതികൾ പിന്തുടർന്ന സന്യാസ ജീവിതമാണ് ഗുരുദേവൻ നയിച്ചിരുന്നതെങ്കിലും ഹിന്ദു എന്നത് ഗുരുദേവന് സാംസ്കാരിക പദം എന്നതിനപ്പുറം മറ്റൊരു വേലിക്കെട്ട് ആയിരുന്നില്ല; സ്വയം നവീകരിക്കപ്പെടേണ്ട ഒരു സംസ്കാരം. ആ സംസ്കാരത്തിന്റെ ഭാഗമായി നിന്നുകൊണ്ട് നവോത്ഥാന പ്രവർത്തനം ഏറ്റെടുത്ത ആളാണ് ഗുരു. ഗുരു നടത്തിയ ഓരോ പ്രതിഷ്ഠയും ജാതിവെറിക്കും സവർണ്ണ മേധാവിത്വത്തിനും എതിരായ വെല്ലുവിളിയായിരുന്നു. ഗുരു പ്രതിഷ്ഠിച്ച ശിവനും ശാരദയും സമൂഹത്തിനു മുമ്പിൽ തിരിച്ചറിവിന്റെ അടയാളങ്ങളായിരുന്നു. കേവലം വിഗ്രഹാരാധനയിലൂടെ ആത്യന്തികമായ ആത്മീയ ബലം ലഭിക്കില്ല എന്ന് പലവട്ടം ഗുരു തന്നെ തെളിയിച്ചിട്ടുമുണ്ട്.

സാമൂഹ്യ പരിഷ്കർത്താവായും നവോത്ഥാന നായകനായും ആത്മീയനേതാവായും ഒക്കെ അറിയപ്പെട്ട ശ്രീനാരായണഗുരു മലയാളത്തിൽ ശ്രദ്ധ നേടേണ്ടിയിരുന്നത് കേരളം കണ്ട ഏറ്റവും നല്ല കവി എന്ന നിലയ്ക്ക് കൂടിയായിരുന്നു. നിതാന്തമായ സത്യങ്ങളെ മുഴുവൻ സാധാരണക്കാരിലേക്ക് പകരുവാൻ കവിതയെ അദ്ദേഹം ആയുധമാക്കി. അദ്ദേഹത്തിന്റെ ഓരോ കാവ്യവും കാലാതിവർത്തിയാണ് എന്ന് എടുത്തു പറയണം. അദ്ദേഹത്തിന്റെ കവിതകളെ ദാർശനിക മൂല്യങ്ങൾ ഉള്ള കവിതകൾ എന്ന് വിളിക്കാമെങ്കിലും പല കവിതകളും സാധാരണക്കാർക്ക് വേണ്ടിയാണ് അദ്ദേഹം രചിച്ചത്. അദ്ദേഹത്തിന്റെ പല കവിതകളും ഏറ്റുപാടുന്നവർ പോലും കവി എന്ന അദ്ദേഹത്തിന്റെ സ്വത്വത്തെ ഓർക്കാതെയാണ് അതൊക്കെ ചൊല്ലിക്കൊണ്ട് നടക്കുന്നത്. 'ആടുപാമ്പേ പുനം തേടുപാമ്പേ' എന്നു തുടങ്ങുന്ന പാമ്പാട്ടി ചിന്ത് എന്ന സ്തോത്രം പിന്നീട് 'കുണ്ഡലിനിപ്പാട്ട്' എന്ന പേരിൽ പ്രശസ്തമായപ്പോൾ ശ്രീനാരായണ ഗുരുവാണ് കവി എന്നറിയാതെയാണ് പലരും ഈ പാട്ട് ഏറ്റുപാടിയത്.

ഗുരുദേവന്റെ ദാർശനിക കൃതികളായ ആത്മോപദേശശതകവും അദ്വൈദ ദീപികയും ദർശനമാലയും ഒക്കെ തന്നെ മുന്നോട്ടുവയ്ക്കുന്ന ദർശനങ്ങൾ ആത്മാവിനെ കണ്ടെത്തുവാൻ മനുഷ്യൻ നടത്തുന്ന പല പരിശ്രമങ്ങൾക്കും ഉള്ള ഉത്തരമാണ്. 'ഞാൻ' എന്നതിന്റെ പൊരുൾ പോലും മനസ്സിലാക്കാതെ അറിവു തേടിയുള്ള പരക്കം പാച്ചിലിൽ ഒന്നും കാണാതെ അലയുന്നവർക്ക് മുമ്പിൽ

കെടാവിളക്ക് പോലെ നിൽ ക്കുന്നതാണ് ശ്രീനാരായണ ഗുരുവിന്റെ ഓരോ ദാർശനിക കൃതികളും.

ഈ കൃതികളൊക്കെ ജീവിത സായന്തനത്തിൽ ആത്മീയത യെ തേടുന്നവർക്ക് മാത്രമായി എഴുതിയതല്ല. ഇത് ഓരോന്നും തന്നെ കുട്ടികളെ കൂടി മുന്നിൽ കണ്ടുകൊണ്ട് ശ്രീനാരായണ ഗുരുദേവൻ രചിച്ചതാണെന്ന് പറയുമ്പോഴാണ് മനുഷ്യത്വത്തി ന് കവി എന്ന നിലയിൽ ഗുരു ദേവൻ നൽകിയ സംഭാവന എത്രമേൽ വലുതാണെന്ന് മന സ്സിലാക്കാൻ സാധിക്കുന്നത്.

സാരോപദേശ രൂപത്തിൽ ഗുരു രചിച്ച കൃതികളും വളരെ ശ്രദ്ധ നേടിയിട്ടുണ്ട്. മുനി പഞ്ചകവും അനുകമ്പാദശകവും ജീവകാരു ണ്യപഞ്ചകവും ജാതിനിർണയ വും ഒക്കെ തന്നെ ഉപദേശങ്ങ ളായി തലമുറകൾക്ക് പകർന്നു നൽകാൻ സാധിക്കുന്ന ഗ്രന്ഥങ്ങളാണ്. പരസ്പരം സ്നേ ഹിക്കുക എന്നുള്ള കേവലതത്വം പോലും മറന്നുപോയ, സഹജീ വിയെ സ്നേഹിക്കാൻ പഠിപ്പിച്ച അനുകമ്പാദശകം പോലെ യുള്ള കവിതകൾ മനുഷ്യത്വം എന്ന ആശയത്തെ കേവല മനുഷ്യനിലേക്ക് പകരാൻ വള രെയധികം സഹായിച്ചിട്ടുണ്ട്. മനുഷ്യാണാം മനുഷ്യത്വം ജാതി എന്ന് പറഞ്ഞ ഗുരു ഇത്രമേൽ മനോഹരമായി മനുഷ്യത്വ ത്തെക്കുറിച്ചും സ്നേഹത്തെക്കുറി ച്ചും ഒക്കെ പറഞ്ഞതിൽ അത്ഭു തമില്ല.

പ്രാർത്ഥനകൾക്കായി ദൈവം എന്തെന്ന് ലളിതമായി പറഞ്ഞു കൊണ്ട് ഗുരു രചിച്ച സ്തോത്ര കൃതികളും ഒന്നിനൊന്നു മനോഹരമാണ്. അതിൽ തന്നെ ദേവി സ്തോത്രങ്ങളും സു ബ്രഹ്മണ്യ സ്തോത്രങ്ങളും ഏറെ ശ്രദ്ധ നേടിയിട്ടുണ്ട്. മലയാള ത്തിൽ മാത്രമല്ല സംസ്കൃതത്തിലും തമിഴിലും ഉള്ള ഗുരുവിന്റെ പാണ്ഡിത്യം ഈ സ്തോത്ര കൃതികളിലൂ ടെ വെളിവാകുന്നുണ്ട്. ചിജ്ജഡചിന്തനവും തേവാ രപ്പതികങ്ങളും കാളിനാടകവും ഷണ്മുഖ സ്തോത്രവും ഇന്നും ഏറ്റുപാടുന്നുണ്ട്.

ഗുരുവിന്റെ ബഹുഭാഷാ പാണ്ഡിത്യം എടുത്തുപ റയുന്ന കൃതികളാണ് അദ്ദേഹം തർജ്ജമ ചെയ്ത ഈശാവാസ്യോപനിഷത്തും തിരുക്കുറലും. ദൈവ ചിന്തനം എന്ന പേരിൽ എഴുതിയ ഗദ്യ കൃതിയും ഗു രുവിന്റെ സാഹിത്യ സംഭാവനകളുടെ കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്

നിരവധി പ്രാർത്ഥനകൾ എഴുതിയെങ്കിലും ഏറ്റവും ജനകീയമായതും ആർക്കും ചൊല്ലാവുന്നതു മായ പ്രാർത്ഥന 'ദൈവദശകം' തന്നെയാണ്. ദൈവദശകം എന്ന ഒറ്റ കൃതി മതി ഗുരുവിലെ കവിയെയും ഗുരുവിലെ ദാർശനികനെയും ഗുരുവിലെ പുരോഗമനവാദിയേയും ഗുരുവിലെ നവോത്ഥാന നായകനെയും അടുത്തറിയാൻ. ദൈവത്തെ പിടിച്ചു കെട്ടുവാനും തങ്ങളുടെ വരുതി യ്ക്ക് നിർത്തുവാനും ആ ദൈവത്തിന്റെ സംരക്ഷ കരായി സ്വയം മാറാനും വെമ്പൽ കൊള്ളുന്ന വർ ദൈവദശകം വായിച്ച് ദൈവം എന്തെന്നും പ്രാർത്ഥന എന്തെന്നും അറിയാൻ ശ്രമിച്ചാൽ മതത്തിന്റെ പേരിലുള്ള മനസ്സിലെ വ്രണങ്ങൾക്ക് മരുന്നായി മാറും.

ആദിശങ്കരന്റെ അദ്വൈതം പ്രായോഗിക തല ത്തിൽ എത്തിച്ച ശ്രീനാരായണഗുരുദേവൻ അദ്ദേ ഹത്തിന്റെ ആശയപ്രചരണത്തിനായി തുടങ്ങിവച്ച സംഘടനകൾ കൊണ്ടുപോലും പൊറുതിമുട്ടുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ആ തർക്ക വിതർ ക്കങ്ങൾക്കിടയിൽ ഗുരുവിന്റെ സാഹിത്യ സംഭാവ നകളെ സമൂഹം വിലയിരുത്തിയോ എന്ന കാര്യ ത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു.

“കാണുന്ന കണ്ണിഹ തുറക്കിലടക്കിലന്ധൻ

താനുള്ളിൽ മേവുമറിവിങ്ങു വരായ്കയാലെ

ജ്ഞാനം പുറത്തു തനിയെ വരികയില്ല കണ്ണു

വേണം വരുന്നതിനു കണ്ണിനു കാന്തി പോലെ”

ഗുരുവിനെ അറിയുന്നത് തന്നെയാണ് ശരിക്കുള്ള അറിവ്. വരും നാളുകളിലെങ്കിലും ഗുരു അർത്ഥം ചോരാതെ വായിക്കപ്പെടട്ടെ



**Sandeep T G**
Asst Professor in English
Sree Keralavarma College
Thrissur

# NOMENCLATURE

You, like a blue Sunday morning
wake, as meek and coy, into my day
that unwrap itself with the sudden
uproar of Chrysanthemum's laughter.

You go splattered like ink, stain my pages
red and fade into the intensity
of being just you, which none else can.
You unfurl infront, as the newspaper
of untold scoop.
In those columns of myth and mystery
you flabbergast my blurred eyes.
I find you in blaring parliaments,
quietly speaking of love... In deep Amazon,
raining love over the vast river basins...
In Arctic, all the lines of your
love's longitudes converge ...
In remote museums, shining in golden
armour that battled long for love...

In you, universe in galactic swirl
reckons new light years between
celestial bodies. Memories of you,
with deranged asteroids, revolve
around and pass in sudden sheen
by my eager Earth...



II

It's the beginning of night–
in its usual, leisurely rampage.
The streets aren't empty yet...
In fuzzy chatters and hazy looks
you flow along like indiscreet crowd
in indistinct jumble....through
suburban arteries I search for
your voice, your heart, your hair...

You, I finally find in the strings of pale
yellow incandescence that festoon
this dark hour...And suddenly
I find myself surrounded
with the bright blue morning
of a Sunday when you woke me up
from the uneventful night
to the abrupt fiesta– which, from then,
I gave the nomenclature– 'life'...



**Dr. Zeenath Mohamed Kunhi**
Asst Professor in English
Sree Keralavarma College
Thrissur

# MUSINGS ON **VAN GOGH'S** STARRY NIGHT

houses sleep
with their eyes open
embracing the secrets of the day,
a black bonfire sways
to the incantations of the night,
an aching heart
lets his lamentations flow
out as cerulean waves
into a silvery cosmos;
sea and the sky now in conjugal bliss
churn happiness from their nightly blues,
sky explodes into myriad suns
in cosmic celebration,
a lone moon meditates
fixating itself
to the chants of a distant monk,
his cosmos, his art
lay within him –
a late revelation.



# OF SENSES

Some memories
like acid refluxes
regurgitate
at the sight of some colours
like a girl wearing violet –
of a little petunia mangled,
Or a boy in blue and red –
of a child embracing the sea
with sand under his lids,
Seas too have memories
they toss onto the shore
what their belly can't store.
Sometimes, it's the odours,
like the charred smell of death
emanating from a school in Kumbakonam
long back,
Or the sour smell of iron
from a school gate in China –
a guillotine for being late,
Or the smell of meat –
of a boy lynched for having canines
like all omnivores.
I pine for reasons,
they may all have had their reasons,
they will, for they are humans
– rational beings
handpicking reasons from their magician's hat
to suit their whims.
Sometimes I wish I was
a tigress or a squirrel
with limited reasons.



**ഡോ. ജയകൃഷ്ണൻ പി.ആർ.**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളവിഭാഗം, എൻ.എസ്.എസ്. ഹിന്ദു
കോളേജ്, ചങ്ങനാശ്ശേരി

# സ്പഷ്ടീകരണം

1

എനിക്കു സ്വാഗതം ചൊല്ലാൻ
നിനക്കു നാവുകൾ തന്നു
അതങ്ങു നീണ്ടെന്റെ കാലിൽ
ഉരുമ്മും പൂച്ചയാകട്ടെ.
എനിക്കു ചാർത്തുവാൻ മാല
കൊരുക്കാൻ കൈകളെ നല്കി
അതങ്ങുതാണെന്റെ കാലിൽ
ഉഴിഞ്ഞൊട്ടു കുളിർക്കട്ടെ.

കനിവെന്നെഴുതാൻ
കുത്തിവരച്ചു പഠിച്ചു
പടിഞ്ഞിട്ടും
കുനിഞ്ഞെത്ര കുറിച്ചിട്ടും
കനിയായില്ല !

ചൊല്ക കനിയായിതോ ?
ആയില്ല !

ഔദാര്യമൂർത്തിതൻ
സൗജന്യലബ്ധിയിൽ
ആനന്ദക്കണ്ണുനീർ തൂകുന്ന
വല്ലാത്ത
സൗഭാഗ്യശാലിയാണങ്ങ്

നമിക്കണം.

2


നിറച്ചു കൈകളിൽ തന്ന
നീരുമന്നവും തൂവി
തിരിച്ചു വന്നിടേണ്ടെന്നു
മുറുക്കെക്കൈകളെക്കൊട്ടി
പറത്തിവിട്ടതിൻ
പറ്റെയരിഞ്ഞ
തൂവലിൻ പറ്റു പതിഞ്ഞ
താളിലെ
നീലവിരൽപ്പാറ്റിൽ
നിഴൽച്ചുറ്റി
മുറിയുന്നു
മുറി
പിന്നേം മുറിയുന്നു.

എന്നാൽ മുറി.

ദിനരേഖകൾ വായിച്ചറിയുമുരുമ്മിയും
ഒട്ടേറെപ്പകുത്തതക്കുത്തഴിഞ്ഞതിലുണ്ട്;
വാർഷികവലയങ്ങൾ
കാണാതെ മായുന്നതോ
തിമിരാവ്യക്തവ്യക്തത

തന്നെ ?
തന്നെ.





**ഡോ. ടി.മുഹമ്മദാലി**
സംസ്ഥാന പ്രസിഡന്റ്

# അദ്ധ്യാപക സംഘടനാപ്രവർത്തനം കേരളത്തിൽ



# യുജിസി സമരചരിത്രം

**കോ**ളേജ് അധ്യാപക പ്രസ്ഥാനത്തിലെ പ്രധാനപ്പെട്ട മറ്റൊരു സമരമാണ് യുജിസി സമരം. യുജിസി ശമ്പള നിരക്കുകൾ ലഭ്യമാകാൻ കേരളത്തിലെ കോളേജ് അധ്യാപകർക്ക് നിരവധി വർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. എന്തുകൊണ്ടങ്ങനെ സംഭവിച്ചു? സ്വന്തം അണികളെ പോലും വഞ്ചിക്കാൻ രാഷ്ട്രീയ നേതൃത്വത്തിന് കൂട്ടുനിന്ന ഇടതു സംഘടനാ നേതാക്കളുടെ പ്രവൃത്തികൾ ഇവിടെ അനാവരണം ചെയ്യേണ്ടിയിരിക്കുന്നു.

1981, 87, 90 എന്നീ വർഷങ്ങളിൽ യുജിസി നിരക്കുകൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിവിധ സംഘടനകൾ സമരം നടത്തി. എന്നാൽ ഈ സമരങ്ങളിലെല്ലാറ്റിനും ഒരു പ്രത്യേകതയുണ്ടായിരുന്നു. ഈ മൂന്ന് സമരങ്ങളെയും വിപ്ലവ വായാടികളായ ഇടതു സംഘടനകൾ പിന്നിൽ നിന്ന് കുത്തി എന്നതാണത്. നായനാർ സർക്കാർ യുജിസി സ്കെയിൽ തത്വത്തിൽ അംഗീകരിച്ചു എന്ന് കൊട്ടിഘോഷിച്ചാണ് 1981ൽ ഇടത് സംഘടനകൾ സമരത്തെ ഒറ്റിക്കൊടുത്തത്. ഫലത്തിൽ യാതൊരു മാറ്റവും ഉണ്ടായില്ല.

യുജിസി നിരക്കുകൾ അനുവദിക്കുക, ജൂനിയർ കോളേജുകൾ അപ്ഗ്രേഡ് ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 1987 ഓഗസ്റ്റ്

GOVERNMENT OF KERALA

**Abstract**

G.C. Scheme—Implementation for teachers in Universities, affiliated Colleges, teachers in Law Colleges and Engineering Colleges and Kerala Agricultural University and qualified teachers in Physical Education and qualified Librarians—Orders Issued

HIGHER EDUCATION (B) DEPARTMENT

O. Ms. No. 66/90/H. Edn. *Dated, Thiruvananthapuram, 13th March, 1990.*

*Read:*—Letter No. F1-21/87—Ul dated 22-7-1988 from Government of India, Ministry of Human Resources and Development (Department of Education).

ORDER

Government are pleased to order that the University Grants Commission Scheme including revision of Scale Pay will be implemented for teachers in Universities including Kerala Agricultural University, affiliated Colleges, w Colleges, Engineering Colleges and qualified Librarians and qualified Physical Education Teachers with effect m 1-1-1986.

2. The University Grants Commission Scale of Pay will be extended to other College teachers who have mpleted 10 years service.

3. The retirement age will continue as at present.

4. Detailed orders in this matter will be issued separately.

By order of the Governor,

O. Mohammed Meeran,

*Joint Secretary to Government.*

നാലിന് പി.സി.ടി.എ. പണിമുടക്ക് സമരം ആരംഭിച്ചു. അന്നു തന്നെ ഇന്ത്യയിലെമ്പാടും യുജിസി നിരക്കുകൾ നടപ്പാക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് 'അയ്ഫക്റ്റോ' ആഹ്വാനപ്രകാരം ഇടതു സംഘടനകളും പണിമുടക്ക് സമരം ആരംഭിച്ചു. കേരളത്തിൽ യുജിസി സ്കെയിൽ നടപ്പാക്കുമെന്ന് ഉറപ്പു ലഭിക്കാതെ സമരരംഗത്തുനിന്ന് മാറില്ലെന്ന് അവർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ യുജിസി സ്കെയിൽ പദ്ധതി നടപ്പാക്കാനുള്ള കേരളസർക്കാരിന്റെ സന്നദ്ധയില്ലായ്മയെ അധ്യാപകരുടെയിടയിൽ സർക്കാർ യു.ജി.സി. നടപ്പിലാക്കിയാൽ അബദ്ധമാവുമെന്ന് വ്യാജപ്രചാരണം നടത്തി അധ്യാപകരെ സമരത്തിൽ നിന്ന് മാറ്റിനിർത്താനാണിവർ ശ്രമിച്ചത്. യുജിസി പദ്ധതിയിലെ അപാകതകൾ

മാറ്റിയതിനുശേഷം സ്കെയിൽ നടപ്പാക്കിയാൽ മതിയെന്ന് അയ്ഫക്ടോ പോലും പറയാത്തവാദം കേരളത്തിൽ മാത്രമായി ഇവർ ഉന്നയിച്ചത് ഇതിന്റെ ഭാഗമായിരുന്നു. മാത്രമല്ല, യുജിസി സ്കെയിൽ നടപ്പാക്കാമെന്ന ഉറപ്പ് നൽകാൻ പോലും സംസ്ഥാന സർക്കാരിന് സാവകാശം നൽകണമെന്നുള്ള ഈ സർക്കാർ വിലാസ സംഘടനകളുടെ അഭിപ്രായം ആനുകൂല്യങ്ങൾ നൽകുന്നത് നീട്ടിക്കൊണ്ടുപോയി നിഷേധിക്കുക എന്ന ഗൂഢാലോചനയുടെ ഫലമായിട്ടായിരുന്നു. കേന്ദ്രഭരണ പ്രദേശമായ ഡൽഹിയിലും, രാജസ്ഥാൻ, പഞ്ചാബ്, ഹരിയാ, ഹിമാചൽ പ്രദേശ്, നാഗാലാന്റ്, അരുണാചൽ പ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലും യുജിസി സ്കെയിൽ നൽകാൻ സംസ്ഥാന സർക്കാറുകൾ തീരുമാനിച്ചിരിക്കെ ഇന്ത്യയിൽ ഒരിടത്തും യുജിസി സ്കെയിൽ നടപ്പാക്കിയില്ലെന്ന് പ്രസ്താവനയിറക്കി കേരളസർക്കാറിന്റെ നിഷേധാത്മകനയത്തെ വെള്ളപൂശാൻ ശ്രമിക്കുകയാണ് സർക്കാർ വിലാസം സംഘടനാ നേതാക്കൾ ചെയ്തത്.

അയ്ഫക്ടോ സെപ്റ്റംബർ നാലിന് പണിമുടക്ക് പിൻവലിച്ചപ്പോൾ കേരളത്തിൽ യുജിസി പദ്ധതി നടപ്പാക്കുമെന്ന ഉറപ്പു പോലും ലഭിക്കാതെ തന്നെ രാഷ്ട്രീയ യജമാനന്മാരെ തൃപ്തിപ്പെടുത്താനായി ഇടതു സംഘടനാനേതാക്കൾ കേരളത്തിലും സമരം പിൻവലിച്ചു. തുടർന്ന് മറ്റു സംഘടനകളെല്ലാം ഒന്നൊന്നായി സമരം പിൻവലിച്ച സാഹചര്യത്തിൽ സ്വകാര്യ കോളേജിൽ മാത്രമായി സമരം തുടരേണ്ടതില്ലെന്ന് പി.സി.ടി.എ. ആക്ഷൻ കൗൺസിൽ തീരുമാനിക്കുകയും 10 ദിവസം കഴിഞ്ഞ് സെപ്റ്റംബർ 14ന് സമരം പിൻവലിക്കുകയും ചെയ്തു.

## കാലിക്കറ്റ് സർവ്വകലാശാലയുടെ നീക്കങ്ങൾ

കാലിക്കറ്റ് യൂണിവേഴ്സിറ്റി അധ്യാപകർക്ക് യുജിസി സ്കെയിൽ നൽകാൻ സിൻഡിക്കറ്റ് തീരുമാനിച്ചത് അന്ന് വലിയ വിവാദമുണ്ടാക്കിയ ഒരു സംഭവമാണ്. സിൻഡിക്കറ്റിൽ ഈ തീരുമാനത്തെ എ കെ പി സി ടി എ അംഗം എതിർക്കുകയും വിയോജിപ്പ് രേഖപ്പെടുത്തി ഇറങ്ങിപ്പോവുകയും ചെയ്തു. രാഷ്ട്രീയ നേതൃത്വത്തെ തൃപ്തിപ്പെടുത്താനായി എടുത്ത തീരുമാനം പക്ഷേ അണികളുടെ രൂക്ഷമായ എതിർപ്പിന് കാരണമായി. അജണ്ടയിൽ ഇല്ല, സർവകലാശാല ചട്ടങ്ങൾക്കും കീഴ് വഴക്കങ്ങൾക്കും എതിര്, ഇന്റർ യൂനി: കൺസൾട്ടേറ്റീവ് കമ്മ്യൂണിറ്റിയോടാലോചിച്ചില്ല തുടങ്ങിയ ബാലിശമായ കാരണങ്ങൾ ഉന്നയിച്ചായിരുന്നു എതിർപ്പും ഇറങ്ങിപ്പോക്കും. തുടർന്ന് എ കെ പി സി ടി എ നേതാക്കൾ കോഴിക്കോട്ട് വെച്ച് നടത്തിയ പത്രസമ്മേളനത്തിൽ തട്ടിവിട്ടത് കാലിക്കറ്റ് യൂണിവേഴ്സിറ്റി അധ്യാപകർക്ക് യുജിസി സ്കെയിൽ നടപ്പാക്കിയാൽ സ്വകാര്യ കോളേജ് അധ്യാപകർക്ക് ഈ ആനുകൂല്യം ലഭിക്കാനുള്ള സാഹചര്യം വിരളമാകുമെന്നതിനാലാണ് സിൻഡിക്കേറ്റിൽ എതിർത്തതെന്നാണ്. എന്നാൽ ഇതിനുശേഷം വിദ്യാഭ്യാസമന്ത്രി തിരുവനന്തപുരത്ത് വച്ച് പത്രക്കാരോട് പറഞ്ഞത് യൂണിവേഴ്സിറ്റി അധ്യാപകർക്ക് യുജിസി സ്കെയിൽ നൽകിയാൽ അത് സ്വകാര്യകോളേജ് അധ്യാപകർക്കും നൽകേണ്ടി വരുമെന്നാണ്, ഇടതു നേതാക്കളുടെ വർഗ്ഗവഞ്ചന അങ്ങിനെ അറിയാതെയാണെങ്കിൽ കൂടി, വിദ്യാഭ്യാസ മന്ത്രി അന്ന് പറഞ്ഞത്.

## വി. സി. ക്കെതിരെ സർക്കാർ

യുജിസി സ്കെയിൽ നടപ്പാക്കാനുള്ള തീരുമാനമെടുക്കുന്നതിന് മുൻകയ്യെടുത്തു എന്നതിന്റെ പേരിൽ സർക്കാരിന്റെ അപ്രീതിക്ക് കഥാപാത്രമായ കാലിക്കറ്റ് യൂണിവേഴ്സിറ്റി വിസി ഡോക്ടർ ടി കെ രവീന്ദ്രനെ ഓർഡിനൻസിലൂടെ പിരിച്ചുവിടാൻ ശ്രമിക്കുകയും സർവ്വകലാശാലയ്ക്ക് പ്രതിമാസ ഗ്രാന്റ് നിഷേധിക്കുകയും ചെയ്തുകൊണ്ട് സർവ്വകലാശാല സ്വയം ഭരണത്തിൻമേലുള്ള കയ്യേറ്റത്തിന് സർക്കാർ പുതിയ മാനം കുറിച്ചു. വി. സി മാരെ സർക്കാറിന് യുക്തം പോലെ പിരിച്ചു വിടാമെന്ന ഓർഡിനൻസിൽ ഒപ്പുവെക്കാൻ ഗവർണർ വിസമ്മതിച്ചതോടെ ഡോക്ടർ രവീന്ദ്രനെ പിരിച്ചുവിടാനുള്ള സർക്കാരിന്റെ നീക്കം പൊളിയുകയായിരുന്നു. എന്നാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് യൂണിവേഴ്സിറ്റി അധ്യാപകർക്ക് യുജിസി ശമ്പളം താൽക്കാലികമായെങ്കിലും നിഷേധിക്കാൻ സർക്കാറിനു കഴിഞ്ഞു.

യുജിസി സ്കെയിൽ നടപ്പിലാക്കാനുള്ള അധികച്ചെലവിന്റെ 80% 1990 മാർച്ച് വരെ മാത്രമേ യുജിസി വഹിക്കുകയുള്ളൂ. അതിനുശേഷമുള്ള സഹായം കമ്മിറ്റഡ് എക്സ്പ്പെൻഡിച്ചറായി ലഭിക്കണമെങ്കിൽ ഈ ഇനത്തിൽ അധികച്ചെലവിന്റെ കണക്ക് അടുത്ത റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പായി കേന്ദ്ര ഫിനാൻസ്

2

GOVERNMENT OF KERALA

**Abstract**

U.G.C. SCHEME—EXTENSION OF BENEFITS FOR TEACHERS IN AFFILIATED COLLEGES NOT COVERED BY THE SCHEME—FURTHER ORDERS ISSUED

HIGHER EDUCATION (B) DEPARTMENT

G.O. Ms. No. 76/90/H.Edn. *Dated, Thiruvananthapuram, 23rd March, 199*

*Read:*—G.O. Ms. 66/90/H. Edn. dated 13-03-1990.

ORDER

In the G.O. read above, Government have issued orders implementing U.G.C. Scheme including revisio of scales of pay to teachers in affiliated Colleges and U.G.C. Scale of Pay to the other category of teachers not covere by the Scheme.

2. Government are now pleased to issue the following orders extending benefits to those College teache at pre-degree level who are not covered by the U.G.C. Scheme:

(i) The College teachers in service will be bifurcated as 52% as coming under the U.G.C. Scheme and 48% as not coming under the Scheme.

(ii) In respect of the second category coming under 48%, those College teachers who have complete 8 years of service will be given the U.G.C. Scale of Pay and those who have more than 8 years of Service will be eligibl for increments in the U.G.C. Scale of Pay. Those who are eligible to be considered for higher posts in accordanc with their service will be getting the benefits envisaged in the U.G.C. Scheme.

(iii) The vacancies occuring in future in the U.G.C. Pool will be filled up as indicated below:

(a) 25% of the vacancies will be filled up by direct recruitment.

(b) 75% of the vacancies will be filled up from those who come under 48% referred to above.

(c) All the above vacancies will be assessed on the basis of departments.

3. While assessing the number of vacancies, the total number of department-wise vacancies occurring in a Colleges under a Corporate Management will be taken together.

4. The following rotation will be followed in filling up the above vacancies:

(a) The first vacancy will be filled up from among the College teachers who come under the category of 48%

(b) The second vacancy will be filled up by direct recruitment.

(c) The third and fourth vacancies will be filled up from among the College teachers coming under th category of 48%.

(d) The above rotation will be repeated.

5. Those who will be appointed in vacancies relating to pre-degree classes after the issue of this order will b eligible to take classes for pre-degree course only in future and they will not be eligible for taking class in degr courses. Their qualifications, method of appointment and service conditions will be decided by Government.

6. The above benefits will be available only to those who are appointed on a regular basis against permane vacancies.

7. Government will take necessary steps to reorganise Secondary and Collegiate Education in accordan with the National Education Policy.

By order of the Governor,

T. N. JAYACHANDRAN,

*Commissioner and Secretary to Governm*

To

The Director of Collegiate Education, Thiruvananthapuram

3

## GOVERNMENT OF KERALA

**Abstract**

UNIVERSITIES AND COLLEGES—SCHEME OF REVISION OF PAY SCALES OF TEACHERS IN UNIVERSITIES AND COLLEGES INCLUDING ENGINEERING COLLEGES IN KERALA AND OTHER MEASURES FOR MAINTENANCE OF STANDARDS IN HIGHER EDUCATION ON THE BASIS OF THE RECOMMENDATIONS OF THE UNIVERSITY GRANTS COMMISSION AND THE ALL INDIA COUNCIL FOR TECHNICAL EDUCATION AND ORDERS OF GOVERNMENT OF INDIA—ORDERS ISSUED.

HIGHER EDUCATION (B) DEPARTMENT

**O. (P) No. 79/90/H.Edn.** **Dated, Thiruvananthapuram, 27th March, 1990.**

*Read:*—1. Letter No. F1-21/87/UI dated 22-7-1988 from Government of India, Ministry of Human Resource Development (Department of Education).

2. Letter No. F-6-1/88-T.5 dated 28-2-1989 from Government of India, Ministry of Human Resource Development (Department of Education).

3. G.O. (MS) 66/90/Higher Education dated 13-3-1990.

4. G.O. (MS) 76/90/H.Edn. dated 23-3-1990.

ORDER

In recognition of the importance of University and College Education in developing the nation's human and terial resources, Government of India appointed the Mehrotra Committee for reviewing the status of higher ication in the country. The Committee suggested various measures for improving the quality of higher education the country and also recommended revision of pay scales of College and University teachers. The University ants Commission accepted the scheme and commended it for implementation. The scheme is known as the .C. Scheme, 1986. The Government of India decided to implement the scheme including the revision of scales pay with effect from 1st January 1986 and have also offered financial assistance to the State Government for pting the revised scheme under the following terms and conditions:—

(i) The Central Government will provide assistance to the State Government to the extent of 80% of the additional expenditure involved in giving effect to the revision of scales of pay.

(ii) The Central assistance to the extent indicated above will be available for the period from 1-1-1986 to 31-3-1990.

കമ്മീഷന് നൽകണം. പ്രസ്തുത അവധി കഴിയുന്നതുവരെ തീരുമാനമെടുക്കാതെ അതിനു ശേഷം കേന്ദ്രത്തെ പഴിചാരി അധ്യാപകരുടെ വികാരം കേന്ദ്രത്തിനെതിരെ തിരിച്ചു വിട്ട് രാഷ്ട്രീയ മുതലെടുപ്പ് നടത്താനായിരുന്നു ഇടതുസംഘടന നേതാക്കളുടെ നീക്കം. കേരളത്തിലെ കോളേജ് അധ്യാപകർക്ക് യുജിസി ശമ്പള നിരക്കുകൾ ലഭ്യമാക്കാൻ ഇടതുസംഘടനാ നേതൃത്വത്തിന് ഒട്ടും താല്പര്യമില്ലായിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നുണ്ട്.

ഇത് മനസ്സിലാക്കിയാണ് കേരളത്തിൽ യുജിസി പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ 1990 ഫെബ്രുവരി 6 മുതൽ അനിശ്ചിതകാല പണിമുടക്ക് സമരം ആരംഭിച്ചത്. അതുകൊണ്ടുതന്നെ ഈ സമരത്തെ ഇടതുസംഘടനകൾ സമര പ്രഹസനമെന്നും രാഷ്ട്രീയ പ്രേരിതമെന്നും മറ്റും പറഞ്ഞ് അപഹസിക്കുകയും സമരത്തെ പരാജയപ്പെടുത്താൻ കിണഞ്ഞു ശ്രമിക്കുകയും ചെയ്തു. എന്നാൽ നേതാക്കളുടെ വിലക്കുകളെ അവഗണിച്ചുകൊണ്ട് അവരുടെ തന്നെ അണികളും സമരത്തിൽ ചേർന്നു തുടങ്ങിയപ്പോൾ ഗത്യന്തരമില്ലാതായി. ഇവരും പേരിന് സമരം പ്രഖ്യാപിച്ചു. കോളേജുകളിൽ അന്ന് പ്രീഡിഗ്രി ഉള്ള കാലമായിരുന്നു. പ്രീഡിഗ്രി അധ്യാപകർ യുജിസി വേതനത്തിന് യോഗ്യരല്ല എന്ന നിലപാടായിരുന്നു സർ

ക്കാരിനും ഇടതുസംഘടന നേതാക്കൾക്കും. യുജിസി ശമ്പളം ഗുജറാത്ത് അടക്കമുള്ള മറ്റ് സംസ്ഥാനങ്ങളിൽ എല്ലാ അധ്യാപകർക്കും നൽകിയിട്ടുള്ളതിനാൽ കേരളത്തിലും എല്ലാ അധ്യാപകർക്കും യുജിസി ലഭ്യമാകണമെന്നതായിരുന്നു സംഘടനയുടെ ആവശ്യം. നിലവിലുള്ള അധ്യാപകരിൽ 2 തട്ട് ഉണ്ടാകുന്നതിന് സംഘടന പൂർണമായും എതിരായിരുന്നു. ഈ സാഹചര്യത്തിൽ പത്ത് വർഷം സർവീസുള്ളവർക്ക് യുജിസി ലഭ്യമാക്കാം എന്നത് പി.സി. ടി.എ.ക്ക് അംഗീകരിക്കാൻ പറ്റാത്തതായിരുന്നു. എന്നാൽ പത്ത് വർഷം സേവനം ചെയ്ത അധ്യാപകർക്ക യു.ജി.സി നൽകാൻ സർക്കാറെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇടതു സംഘടനകൾ സമരത്തിൽ നിന്ന് പിൻമാറി. അങ്ങനെ ഇവർ സമരം പത്ത് ദിവസത്തിൽ തീർത്തു വഞ്ചനാപരമായി പിൻമാറി. ഐക്യവേദി കൂടുതൽ വീറോടെ സമരമുഖത്ത് നിലകൊണ്ടു. സമരത്തിന്റെ 46–ആം ദിവസമാണ് യുജിസി പദ്ധതി നടപ്പാക്കി കൊണ്ടുള്ള സർക്കാരിന്റെ ആദ്യ ഉത്തരവ് പുറത്തിറങ്ങുന്നത്. അന്നാണ് ഐക്യവേദി പണിമുടക്ക് പിൻവലിച്ചത്. എട്ടു വർഷം സർവ്വീസുള്ള എല്ലാവർക്കും യു.ജി.സി. ലഭിക്കുവാനുള്ള തീരുമാനമുണ്ടായി. മാത്രവുമല്ല, നിലവിലെ അധ്യാപകരെ പരിഗണിക്കാതെ, നേരിട്ട് യു.ജി. സി. സ്കീമിലേക്ക് നിയമനം നടത്തുന്നതിനും നിയന്ത്രണങ്ങളുണ്ടായി.

യുജിസി നിരക്കുകൾ നടപ്പാക്കാൻ വിസമ്മതിച്ച സർക്കാറിനെക്കൊണ്ട് അതു നടപ്പാക്കിക്കൊണ്ടുള്ള ഉത്തരവുകൾ ഇറക്കാൻ കഴിഞ്ഞുവെന്നതായിരുന്നു ഐക്യവേദിയുടെ സമരത്തിന്റെ പ്രധാന നേട്ടം. പക്ഷേ ഉത്തരവിൽ ഒരുപാട് അപാകതകളും നീതികേടുകളുമുണ്ടായിരുന്നു. കോളേജ് അധ്യാപകരെ ഡിഗ്രി അധ്യാപകരെന്നും പ്രീഡിഗ്രി അധ്യാപകരെന്നും ഈ രണ്ടിലും പെടാത്തവരെന്നുമൊക്കെ തരംതിരിച്ചുകൊണ്ട് നായനാർ സർക്കാർ ഉത്തരവിറക്കിയപ്പോൾ അതിനെതിരെ ഒരക്ഷരം ഉരിയാടി യില്ലെന്നു മാത്രമല്ല, ഇന്ത്യയിൽ ഏറ്റവും ഭംഗിയായി യുജിസി നടപ്പാക്കിയത് കേരളത്തിലാണെന്ന് കൂടി, അന്ധമായ രാഷ്ട്രീയവിധേയത്വം മൂലം ഇടതുസംഘടനാ നേതാക്കൾ തട്ടിവിട്ടു. അധ്യാപകരെ തരംതിരിച്ച് ഒരു വിഭാഗത്തിന് മാത്രം സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നതിന് സ്വന്തം അണികളുടെ പിന്തുണ നേടാനായി അന്ന് നേതാക്കൾ ജില്ലകൾതോറും നെട്ടോട്ടം ഓടിയിരുന്നു. കശുവണ്ടി കുത്തക സംഭരണം കാരണം സാമ്പത്തികപ്രതിസന്ധിയിലായ സർക്കാറിനോട് യു.ജി.സി. നിരക്കിൽ വേതനം ചോദിക്കുന്നത് ശരിയല്ല എന്ന് പ്രചരിപ്പിക്കുവാൻ പോലും ശ്രമങ്ങളുണ്ടായി.

## ജനാധിപത്യ ചേരി ശക്തിപ്രാപിക്കുന്നു

യുജിസി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസമന്ത്രിയുമായും മറ്റും നടന്ന ചർച്ചകളിലും ഇടതുസംഘടനാ നേതാക്കളുടെ സ്കെയിൽ വിഭാഗത്തിൽപ്പെട്ട അധ്യാപകരോടുള്ള പരമപുച്ഛവും, അവഗണനയും, അവജ്ഞയും, വ്യക്തമായിരുന്നു. യുജിസി സ്കെയിലിലുള്ള (സ്കീംമിലല്ല) അധ്യാപകരുടെ സീനിയോറിറ്റി മറികടന്ന് സ്കീമിലേക്ക് പുറത്തുനിന്നുള്ളവരെ നേരിട്ട് റിക്രൂട്ട് ചെയ്യരുതെന്ന് പിസിടിഎ പ്രതിനിധികൾ ശക്തിയുക്തം വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ കെ. ചന്ദ്രശേഖരനോട് ചർച്ചവേളയിൽ ആവശ്യപ്പെട്ടപ്പോൾ സ്കെയിലിലുള്ളവർ മണ്ടന്മാരാണെന്ന വ്യംഗ്യത്തിൽ പ്രതിഭകൾക്ക് വരാൻ അവസരം നൽകണമെന്ന് പറഞ്ഞു എ കെ പി സി ടി എ നേതാവ് സർവീസിലുള്ളവരെ എതിർത്തു.

സ്കെയിൽ വിഭാഗത്തിൽ പെടുന്നവർക്ക് യുജിസി ശമ്പളം നൽകാൻ സർക്കാറിനോട ഭ്യർത്ഥിക്കുന്ന പ്രമേയം കേരള യൂണിവേഴ്സിറ്റി സെനറ്റിൽ അവതരിപ്പിച്ച പി സി ടി എ അംഗത്തിനു നേരെ എ കെ പി സി ടി യുടെ സിൻഡിക്കേറ്റ് അംഗം ചോദിച്ചത് “പ്രീഡിഗ്രി മാത്രം പഠിപ്പിക്കുന്നവർക്ക് യുജിസി ശമ്പളമോ?” എന്നായിരുന്നു.

സർക്കാറിനെ സംരക്ഷിക്കുവാൻ അധ്യാപകരെ വഞ്ചിച്ചു കൊണ്ടിരുന്ന സർക്കാർ വിലാസം സംഘടനകൾക്ക് അധ്യാപകരുടെ ഭാഗത്ത് നിന്ന് വമ്പിച്ച പ്രതിഷേധവും തിരിച്ചടിയുമുണ്ടായത് യു.ജി. സി. സമരത്തിലുണ്ടായ വിജയത്തോടെ യാണ്. പി.സി.ടി.എ .യുടെ നേതൃത്വത്തിലെ ജനാധിപത്യ സംഘശക്തിയിൽ അധ്യാപകർ ആവേശത്തോടെ പ്രവർത്തിക്കാൻ തുടങ്ങിയതും അത് വഴി അന്നത്തെ പി.സി.ടി.എ. യും കെ.പി.സി.ടി. യും ഒരുമിച്ച് കെ.പി.സി.ടി.എ. രൂപം കൊള്ളുവാനും കാരണമായത് ഐതിഹാസികമായ യു.ജി.സി. സമരമാണ്.



**ഡോ. ജൈനിമോൾ കെ.വി.**
അസി. പ്രൊഫസ്സർ
മലയാളവിഭാഗം
കോ-ഓപ്പറേറ്റീവ് ആട്സ്
ആന്റ് സയൻസ് കോളേജ്, മാടായി.

## ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണത്തിന് 100 വർഷം




# കേൾവിസംസ്കാരവും ആകാശവാണിയും

1923 ജൂണിലാണ് ഇന്ത്യയിൽ റേഡിയോ പ്രക്ഷേപണം തുടങ്ങുന്നത്. ബോംബെയിലെറേഡിയോ ക്ലബ്ബ് പരിപാടികളാണ് പ്രക്ഷേപണം തുടങ്ങിയത്. ഇന്ത്യയിൽ ആകാശവാണി പ്രക്ഷേപണം ആദ്യമായി തുടങ്ങുന്നത് 1927 ൽ ആണ്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ ആകാശവാണിയുടെ സാംസ്കാരികചരിത്രം പറയുകയാണ് ഈ ലേഖനം

മലയാളഭാഷയിലുള്ള റേഡിയോ പരിപാടികളുടെ തുടക്കം 1939 ൽ മദിരാശി നിലയത്തിൽ നിന്നാണ്. നിരവധി മലയാളം പരിപാടികൾ ഈ നിലയം പ്രക്ഷേപണം ചെയ്തു. രണ്ടാം ലോകമഹായുദ്ധകാലത്താണ് കേരളത്തിൽ തിരുവനന്തപുരത്ത് ഒരു സ്റ്റേഷൻ ആരംഭിക്കുന്നത്. 1943 മാർച്ച് 12ന് ശ്രീ.ചിത്തിരതിരുനാൾ മഹാരാജാവ് തിരുവിതാംകൂർ ഭരിച്ചിരുന്ന കാലഘട്ടത്തിൽ സ്ഥാപിച്ച ഈ റേഡിയോ നിലയം തിരുവിതാംകൂർ റേഡിയോ' എന്നാണ് അറിയപ്പെട്ടത്. രാജഭരണത്തിനെതിരെയുള്ള പ്രചരണങ്ങളെ ചെറുക്കുക എന്നതായിരുന്നു തിരുവിതാംകൂർ റേഡിയോ സ്ഥാപിച്ചതിന് പിന്നിലെ പ്രധാന ഉദ്ദേശ്യം. ഈ




നിലയത്തിൽ സ്വാതിതിരുനാൾ കൃതിയുടെ ആലാപനത്തോടെ പരിപാടികൾ തുടങ്ങുകയും മഹാരാജാവിനെ സ്തുതിച്ചു കൊണ്ടുള്ള 'വഞ്ചീശമംഗളം' പരിപാടിയോടെ ഓരോ ദിവസ ത്തേയും പ്രക്ഷേപണംഅവസാ നിപ്പിക്കുകയും ചെയ്തു.

ഇന്ത്യ സ്വാതന്ത്ര്യം നേടിയ തോട്ടുകൂടി നാട്ടുരാജ്യങ്ങളിൽ പ്രവർത്തിക്കുന്ന റേഡിയോ നിലയങ്ങൾ ഇന്ത്യാഗവൺ മെന്റ് ഏറ്റെടുക്കുകയും അവ 'ആൾ ഇന്ത്യാ റേഡിയോയുടെ ഭാഗമാവുകയും ചെയ്തു. തിരു വനന്തപുരം, കൊച്ചി, ഇടുക്കി (ദേവികുളം) തൃശ്ശൂർ, കോഴിക്കോ ട്, കണ്ണൂർ എന്നീ ജില്ലകളിലാ ണ് നിലവിൽ ആകാശവാണി പ്രക്ഷേപണനിലയങ്ങളുള്ളത്.

എല്ലാതരത്തിലുമുള്ള ശ്രോതാ ക്കളെയും ഉദ്ദേശിച്ചുകൊണ്ട് പൊതുവിഷയങ്ങൾ ചർച്ചചെ യ്യുന്ന പൊതുപരിപാടികൾ (General Programmes), പ്രത്യേക വിഭാഗങ്ങളിലുള്ള ശ്രോതാക്കളെ ലക്ഷ്യമിട്ടുകൊ ണ്ടുള്ള വിശേഷാൽ പരിപാടികൾ (Special / specific audience programme) എന്നിങ്ങനെ രണ്ടുവിധത്തിലാണ് ആകാശവാണി പരിപാ ടികൾ പ്രക്ഷേപണം ചെയ്യുന്നത്. സംഗീതം, സാഹിത്യം, ചിത്രകല, ശാസ്ത്രം, വ്യവസായം എന്നിങ്ങനെയുള്ളവ പൊതുപരിപാടികളിൽ ഉൾപ്പെടുന്നു. യുവവാണി, വയലും വീടും, മഹിളാ ലയം, വിദ്യാഭ്യാസരംഗം തുടങ്ങിയവ 'സ്പെഷ്യൽ ഓഡിയൻസ് പ്രോഗ്രാം' എന്ന വിഭാഗത്തിലാ ണ് ഉൾപ്പെടുന്നത്.

കേരളത്തിന്റെ സാമൂഹ്യസാംസ്കാരിക പുരോ ഗതിയിൽ വലിയ പങ്കുവഹിക്കാൻ ആകാശവാ ണി സൃഷ്ടിച്ച ശ്രവ്യസംസ്കാരത്തിന് സാധിച്ചു. കേരളീയ പൗരസമൂഹത്തെയും പൊതുമണ്ഡല രൂപീകരണത്തെയും നിർമ്മിച്ചെടുക്കുന്നതിൽ ആകാശവാണിയിലൂടെ റേഡിയോ എന്ന മാധ്യമം വഹിച്ച പങ്ക് നിർണ്ണായകമാണ്. ഓരോകാലഘട്ടത്തിലും സമൂഹത്തിന്റെ സാം സ്കാരികവും രാഷ്ട്രീയവുമായ മുന്നേറ്റങ്ങളിൽ റേഡിയോ പ്രവർത്തിച്ചത് വ്യത്യസ്തരീതിയിലാ ണ്. ഗ്രാമീണർ, കൃഷിക്കാർ, സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ എന്നിങ്ങനെ ഓരോ വിഭാഗം ശ്രോതാക്കളെയും ലക്ഷ്യം വെച്ചുകൊണ്ട് വി ദ്യാഭ്യാസത്തിനും വിനോദത്തിനും കൃഷിക്കും നൽകിയ പ്രാധാന്യം റേഡിയോയുടെ ജനപ്രി യതയ്ക്ക് കാരണമായി. അയൽപക്കങ്ങളുടെ സൗഹൃദ സംഭാഷണങ്ങളും പരസ്പരം ഉച്ചത്തി

ലുള്ള വിളിച്ചു പറയലുകളും നിലനിന്നിരുന്ന കേരളീയ ഗ്രാമാന്തരീക്ഷത്തിൽ ആകാശവാണി സുഹൃത്തോ അയൽക്കാരനോ ഒക്കെയായി മാറി. ആ മാറ്റം ചടുലമോ യാന്ത്രികമോ ആയിരുന്നില്ല. തീർത്തും സ്വാഭാവികമായി പതിയെ മനുഷ്യജീവിതങ്ങളുടെ ഭാഗമാകുകയായിരുന്നു ആകാശവാണിയുടെ പരിപാടികൾ. തുടക്കത്തിൽ കേരളത്തിലെ എല്ലാ വീടുകളിലും റേഡിയോ ഉണ്ടായിരുന്നില്ല. ആദ്യം 'ആർഭാടം എന്ന് വിശേഷിക്കപ്പെട്ട റേഡിയോ എന്ന യന്ത്രം ജനകീയമായത് ആകാശവാണിയുടെ പരിപാടികൾ ജനകീയമായതിലൂടെയാണ്. വിനോദം, വിജ്ഞാനം ഉദ്ദേശിച്ചുള്ള പരിപാടികൾ അവയുടെ ഉദ്ദേശ്യങ്ങൾക്കൊപ്പം മനുഷ്യജീവിതത്തിന്റെ ഘടികാരത്തിന്റെ ഭാഗമായി. ഓരോ പരിപാടിയുടെയും സമയം കൃത്യമായി മനസ്സിലാക്കിയ ആളുകൾ സമയമറിയാൻ ക്ലോക്കിനെക്കാളും റേഡിയോയെ ആശ്രയിച്ച് തുടങ്ങി. ആകാശവാണി ഒരു ദിവസം രാവിലെ പ്രക്ഷേപണം തുടങ്ങുന്നത് ഇത്രമണിക്ക്, ആദ്യത്തെ പരിപാടി ഇത്രമണിക്ക് എന്നിങ്ങനെ പറഞ്ഞോ പറയാതെയോ ആളുകൾക്ക് ഹൃദിസ്ഥമായി മാറി. 6.50 ന്റെ പ്രാദേശിക വാർത്തകൾ തുടങ്ങുമ്പോൾ പ്രഭാത ഭക്ഷണം കഴിച്ച്, തുടർന്ന് ഡൽഹിയിലെ സംസ്കൃത വാർത്ത ആരംഭിക്കുമ്പോൾ വീട്ടിൽ നിന്നിറങ്ങിയാൽ ബസ്സ് കിട്ടും എന്ന രീതിയിൽ ജീവിതക്രമങ്ങൾ മാറ്റം ചെയ്യപ്പെട്ടു.

ഞാൻ എന്ന വാക്കിനെ എല്ലാവർക്കുമായി ഉണ്ടാക്കിയത് ആകാശവാണിയാണ്. ഏൻ, അടിയൻ, നോം തുടങ്ങിയ വാക്കുകൾക്ക് പകരം ഉയർന്നുവന്ന "ഞാൻ" സാമൂഹ്യഘടനയെ തകർത്തു. ഇന്ദുലേഖ സൂരിനമ്പൂതിരിപ്പാടിനോട് ഞാൻ' എന്ന് പറഞ്ഞത് ഉയർത്തിയതിനേക്കാളധികം, ആകാശവാണി ഓരോ മനുഷ്യനേയും സമനാക്കിയത് "ഞാൻ' എന്ന വാക്ക് നൽകിയാണ്. ഭാഷാമാനകീകരണം നടപ്പിൽ വരുത്തുന്നതിന് അച്ചടിമാധ്യമങ്ങളോടൊപ്പം ആകാശവാണിയും പ്രയത്നിച്ചു. പൊതു സംബോധനാരൂപങ്ങളും പൊതുവായ സംഭാഷണ ഭാഷയും കൊണ്ടുവരുന്നതിൽ ആകാശവാണി പങ്കുവെച്ചു. ജാതി, മതം എന്നിവയിലധിഷ്ഠിതമായ ഭാഷാരീതി ഇല്ലാതായി. ഇന്ത്യക്കാരെല്ലാവരും ഒന്നാണ് എന്ന അർത്ഥത്തിലുള്ള 'നാനാത്വത്തിൽ ഏകത്വം' എന്ന നെഹ്റുവിന്റെ ആശയത്തെ പ്രചരിപ്പിക്കുകയും ഭാരതീയർ എന്ന ഒറ്റവികാരം ജനങ്ങളിൽ വളർത്തിയതും ആകാശവാണിയാണ്. കേരളീയരുടെ ഭക്ഷണരീതി, കായികവിനോദങ്ങൾ എന്നിവ നവീകരിക്കുകയും ഫുട്ബോൾ, ക്രിക്കറ്റ്, പോലുള്ള കളികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ ആകാശവാണി പങ്കുവഹിച്ചു. മകരവിളക്ക് കമന്ററി, ചെമ്പൈ സംഗീതോത്സവം തുടങ്ങിയവയുടെ തത്സമയ പ്രക്ഷേപണങ്ങളിലൂടെ സവർണ്ണരുടെ കലാരൂപങ്ങളെ ജനകീയ ഉത്സവമാക്കി മാറ്റി.

ജനങ്ങളിലെത്തിക്കുന്ന വിവരങ്ങൾക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആകാശവാണി ഒരു പെരുമാറ്റചട്ടം (AIR Code) കൊണ്ടുവന്നു. 1967 ലാണ് ആകാശവാണിക്കും ദൂരദർശനും ഒരുപോലെ ബാധകമായ പെരുമാറ്റച്ചട്ടം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കുന്നത്. അതനുസരിച്ച് അശ്ലീലവും അപകീർത്തികരവുമായ രീതിയിൽ അവതരിപ്പിക്കുക, അക്രമത്തെ പ്രോത്സാഹിപ്പിക്കുക, മതത്തെ ആക്രമിക്കുക, ഭരണഘടനാവിരുദ്ധമായ വിഷയങ്ങൾ പ്രചരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ആകാശവാണി പരിപാടികളിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന പരിപാടികളെ ശ്രീ. എം.കെ.ശിവശങ്കരൻ മൂന്നു വിഭാഗങ്ങളായി തരംതിരിക്കുന്നു.

1. ഭാഷിതവാങ്മയം (പ്രഭാഷണങ്ങൾ, ചർച്ചകൾ, സാഹിത്യ പരിപാടികൾ, ദൃക്സാക്ഷിവിവരണം)

2. റേഡിയോ നാടകങ്ങൾ, ചിത്രീകരണങ്ങൾ

3. സംഗീതപരിപാടികൾ, നാടോടിപ്പാട്ടുകൾ, ശാസ്ത്രീയ സംഗീതം, ലളിത ഗാനം, മറ്റിനങ്ങൾ എന്നിവയാണവ.

വാമൊഴി എന്ന അർത്ഥത്തിലാണ് ഭാഷിതവാങ്മയം എന്ന് വിളിക്കുന്നത്. 'ചുണ്ടിൽ നിന്ന് ചെവിയിലേക്ക്, ചെവിയിൽ നിന്ന് ശ്രോതാവിന്റെ മനസ്സിലേക്ക്' എന്ന വാമൊഴിയുടെ രീതിയാണ് റേഡിയോയിലൂടെയും സംഭവിക്കുന്നത്. ഇത്തരത്തിലുള്ള ഭാഷിതവാങ്മയങ്ങളെ രസകരമാക്കിത്തീർക്കുന്നത് പരിപാടികളുടെ മൗലികത (originality) ലാളിത്യം (Simplicity) വ്യക്തിത്വം (Personality) വിശ്വാസ്യത (credibility) എന്നിവ കൊണ്ടാണ്. സാധാരണക്കാരായ ശ്രോതാക്കളെ മുന്നിൽ കണ്ടുകൊണ്ട് ലളിതമായ രീതിയിൽ പരിപാടികൾ രസകരവും ആകർഷകവുമായി അവതരിപ്പിക്കുന്ന രീതിയാണ് ഭാഷിത വാങ്മയങ്ങളിൽ പിന്തുടരുന്നത്.

റേഡിയോ ശ്രോതാക്കളെ ഏറ്റവും കൂടുതൽ ആകർഷിച്ച ഒരു വിഭാഗമാണ് റേഡിയോ നാടകങ്ങൾ. ചതുർവിധാഭിനയങ്ങളിൽ വാചികം' ഉപയോഗിച്ച് കൊണ്ട് സംഭാഷണവും മറ്റ് സൗണ്ട് എഫക്റ്റുകളും ഉപയോഗിച്ച് നാടകീയ മുഹൂർത്തങ്ങൾ ഒരുക്കുകയാണ് റേഡിയോ നാടകത്തിൽ ചെയ്യുന്നത്. റേഡിയോ നാടകങ്ങളിൽ സ്ക്രിപ്റ്റിനാണ് പ്രാധാന്യം. സംഭാഷണ ഭാഷയ്ക്ക് ചേരുന്ന വിധത്തിൽ വാക്കുകളും ശബ്ദസൂചകങ്ങളും സംഗീതശകലങ്ങളും ഒക്കെ ചേർത്താണ് റേഡിയോ നാടകങ്ങൾ തയ്യാറാക്കുന്നത്. ഇന്ത്യയിൽ റേഡിയോ നാടക പ്രസ്ഥാനം രൂപംകൊള്ളുന്നത് ആകാശവാണിയിലൂടെയാണ്. ടെലിവിഷനിലെ സീരിയലുകളും മാസികകളിലെ തുടർക്കഥകളും പോലെ തുടർനാടകങ്ങളും ആകാശവാണി പ്രക്ഷേപണം ചെയ്തു. വൻജനപ്രിയതയായിരുന്നു ഈ തുടർനാടകങ്ങൾക്ക്. റേഡിയോ നാടകങ്ങൾക്ക് കിട്ടിയ ഈ ജനപ്രിയതയും അംഗീകാരവും കണക്കിലെടുത്ത് റേഡിയോ നാടകവാരം എന്ന പരിപാടിയും ആകാശവാണി സംഘടിപ്പിച്ചു. എസ്.കെ. പൊറ്റക്കാട്, എൻ.വി. കൃഷ്ണവാരിയർ, ഇടശ്ശേരി, കപ്പന കൃഷ്ണമേനോൻ, വി. ഉണ്ണികൃഷ്ണൻ നായർ, പി.സി. കുട്ടികൃഷ്ണൻ തുടങ്ങിയ സാഹിത്യകാരന്മാരുടെ നാടകങ്ങൾ ആകാശവാണിയിലൂടെ അക്കാലത്ത് പ്രക്ഷേപണം ചെയ്യുകയുണ്ടായി. നോവൽ, ചെറുകഥ, സ്റ്റേജ് നാടകം, തുടങ്ങിയ, വിഭാഗങ്ങളിൽപ്പെടുന്ന സാഹിത്യകൃതികൾ റേഡിയോയ്ക്കു വേണ്ടി രൂപാന്തരം ചെയ്യുകയും ഉണ്ടായി.

ചലച്ചിത്രഗാനങ്ങൾ കഴിഞ്ഞാൽ ജനങ്ങളെ ഏറെ ആകർഷിച്ച പരിപാടിയായിരുന്നു റേഡിയോ നാടകങ്ങൾ. വിശ്വസാഹിത്യകൃതികളെല്ലാം തന്നെ മലയാളികളെ പരിചയപ്പെടുത്താനും സാമൂഹികവും സാംസ്കാരികവുമായ നവീകരണത്തിൽ പങ്കുവഹിക്കാനും ഇവയ്ക്ക് സാധിച്ചു. ചലച്ചിത്രഗാനങ്ങളുടെ ഏറ്റെടുക്കലാണ് റേഡിയോയെ വിനോദസംസ്കാരത്തിന്റെ ഭാഗമാക്കിയത്.

ആകാശവാണി പരിപാടികളിൽ സംഗീതത്തിനും സംഗീതസംബന്ധിയായ പരിപാടികൾക്കും നല്ല പ്രാധാന്യമുണ്ട്. സംഗീതപരിപാടികളിൽ പ്രമുഖമായൊരു സ്ഥാനം നാടൻകലകൾക്കും നാടൻപാട്ടുകൾക്കുമുണ്ട്. നാടൻപാട്ടുകൾ ശേഖരിച്ച് സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് 'നാടൻ കലായൂനിറ്റുകൾ പ്രധാനപ്പെട്ട നിലയങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രീയ സംഗീതത്തിന്റെ മേഖലയിലും ആകാശവാണി നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. ശാസ്ത്രീയസംഗീതം ബഹുജനമധ്യത്തിലെത്തിക്കുന്നതിനും ജനകീയമാക്കുന്നതിനും ആകാശവാണി ശ്രമിച്ചു. 1957 ഒക്ടോബർ 3 ന് വിവിധ്ഭാരതി ഉദ്ഘാടനം ചെയ്തതോടെ ലളിത സംഗീതം, ചലച്ചിത്രഗാനങ്ങൾ, നാടോടിപ്പാട്ടുകൾ എന്നീ പരിപാടികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രക്ഷേപണം ആരംഭിച്ചു.

വാണിജ്യപ്രക്ഷേപണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് വിവിധ്ഭാരതി ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ ആകാശവാണി കൂടുതൽ ജനകീയമായി. ഗ്രാമീണപരിപാടികൾ, സ്ത്രീകൾക്കുള്ള പരിപാടികൾ, കുട്ടികൾക്കുവേണ്ടിയുള്ള പരിപാടികൾ, ആരോഗ്യ കുടുംബക്ഷേമപരിപാടികൾ, വിദ്യാഭ്യാസ പരിപാടികൾ, യുവവാണി, ഭാഷാന്യൂനപക്ഷ പരിപാടികൾ എന്നിങ്ങനെ ഓരോ വിഭാഗം ജനങ്ങൾക്ക് വേണ്ടിയും ആകാശവാണി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി.

## ഗ്രാമീണ പരിപാടി

ഗ്രാമങ്ങളിലെ കൃഷിക്കാർ, തൊഴിലാളികൾ, സ്ത്രീകൾ, യുവാക്കൾ തുടങ്ങിയവരുടെ തൊഴിൽജീവിതം സംബന്ധിച്ച പ്രശ്നങ്ങളാണ് ഗ്രാമീണപരിപാടികളിൽ പ്രതിഫലിച്ചത്. ഗ്രാമീണ ജീവിതവും ഗ്രാമവികസനവും പ്രതിഫലിക്കുന്ന കണ്ണാടിയായി ഈ പരിപാടികൾ മാറി. കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യകൃഷി, കുടിൽ വ്യവസായങ്ങൾ തുടങ്ങിയ വിഷയങ്ങൾ നിരക്ഷരരായ ഗ്രാമീണ ജനതയെ ഉദ്ദേശിച്ചുകൊണ്ട് പ്രക്ഷേപണം ചെയ്തു. വൈകുന്നേരങ്ങളിൽ ഇത്തരം ഗ്രാമീണ പരിപാടികൾ കേൾക്കാൻ 'റേഡിയോ ബൂത്തുകളിൽ ആളുകൾ തിങ്ങിക്കൂ




ടി. കാർഷികരംഗം, വയലും വീടും, റേഡിയോഗ്രാമരംഗം, കൃഷിപാഠം എന്നിങ്ങനെയുള്ള പരിപാടികളിലൂടെ ഇന്ത്യൻ ഗ്രാമങ്ങളിൽ വികസനത്തെക്കുറിച്ചും വിജ്ഞാനത്തെക്കുറിച്ചുമുള്ള അവബോധവും മുന്നേറ്റവും ഉണ്ടാക്കാൻ സാധിച്ചു.

## സ്ത്രീകൾക്കായുള്ള പരിപാടികൾ

മഹിളാലയം, വനിതാലോകം, വനിതാവേദി എന്നിവയാണ് സ്ത്രീകൾക്കുവേണ്ടി മാത്രമായി ആകാശവാണി പ്രക്ഷേപണം ചെയ്ത പരിപാടികൾ. സ്ത്രീകളുടെ ബഹുമുഖമായ പുരോഗതിയാണ് ഈ പരിപാടികളുടെ ലക്ഷ്യം. സ്ത്രീകളുടെ പ്രശ്നങ്ങളും ജീവിതവീക്ഷണങ്ങളും ആശയങ്ങളും കണ്ടെത്തി അവതരിപ്പിക്കാനുള്ള വേദിയായി ഇത്തരം പരിപാടികൾ മാറി. നിരക്ഷരരായ സ്ത്രീകളെ ബോധവത്കരിക്കുക, അറിവുപകരുക, സ്വന്തം ശക്തി തിരിച്ചറിയാൻ പ്രാപ്തരാക്കുക എന്നിങ്ങനെ സ്ത്രീശാക്തീകരണമാണ് ഇതുവഴി സാധ്യമായത്. വീട്ടമ്മമാർ, ഗ്രാമീണസ്ത്രീകൾ, തൊഴിലാളിസ്ത്രീകൾ, ഉദ്യോഗസ്ഥകർ, സാഹിത്യകാരികൾ തുടങ്ങി. നിരവധി മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ചവർ ഈ പരിപാടികളിൽ പങ്കെടുത്തു. ലളിതാംബിക അന്തർജനത്തിന്റെ 'അഗ്നിസാക്ഷി എന്ന നോവൽ തിരുവനന്തപുരം ആകാശവാണി നിലയത്തിലൂടെ പ്രക്ഷേപണം ചെയ്താണ് ആദ്യമായി ജനങ്ങളിലേക്കെത്തിയത്. മഹിളാലയം പരിപാടികൾ ജനങ്ങളെ സ്വാധീനിച്ചതിന്റെ തെളിവാണ് അക്കാലത്ത് കേരളത്തിൽ ഗ്രാമങ്ങൾ തോറും രൂപീകരിക്കപ്പെട്ട മഹിളാസമാജങ്ങൾ.

## കുട്ടികൾക്കായുള്ള പരിപാടികൾ

ബാലപ്രതിഭകളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് കുട്ടികൾക്ക് വേണ്ടി മാത്രമായി ആകാശവാണി പരിപാടികൾ സംഘടിപ്പിച്ചത്. നാലുമുതൽ ഏഴുവയസ്സുവരെയുള്ള കുട്ടികൾ പങ്കെടുക്കുന്ന ശിശുലോകം, എട്ടിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കായി ബാലലോകം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് ഈ പരിപാടികൾ



നടത്തുന്നത്. കുട്ടികളുടെ എല്ലാ സർഗപരമായ കഴിവുകളും ഇതുവഴി പ്രോത്സാഹിപ്പിക്കപ്പെട്ടു. കുട്ടികളുടെ പരിപാടികൾ അവതരിപ്പിക്കുന്നത്'റേഡിയോ അമ്മാവൻ' 'ബാലേട്ടൻ' എന്നിങ്ങനെ അറിയപ്പെടുന്ന സ്ഥിരം കഥാപാത്രങ്ങളായിരുന്നു.

## ആരോഗ്യപരിപാടികൾ

ജനങ്ങളുടെ ആരോഗ്യം, കുടുംബക്ഷേമം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് വിവിധവിഷയങ്ങളിലുള്ള പരിപാടികൾ ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തു. കേന്ദ്ര സംസ്ഥാന ആരോഗ്യവകുപ്പ്, ആരോഗ്യസംരക്ഷണത്തിൽ ഏർപ്പെട്ടിട്ടുള്ള ഔദ്യോഗിക ഏജൻസികൾ എന്നിവയുമായി സഹകരിച്ചാണ് ഇത്തരം പരിപാടികൾ ആകാശവാണി ആസൂത്രണം ചെയ്തത്. 'ചെറിയ കുടുംബം സന്തുഷ്ട കുടുംബം' എന്ന ആശയം ആകാശവാണിയിലൂടെയാണ് സർക്കാർ പ്രചരിപ്പിച്ചത്. മുഖ്യമായും നിരക്ഷരരായ ഗ്രാമീണ ജനങ്ങളെ ലക്ഷ്യമിട്ടുകൊണ്ട് ആകാശവാണി റേഡിയോ പരമ്പരകൾ പ്രക്ഷേപണം ചെയ്തു. അമ്മയും കുഞ്ഞും (മാതൃശിശുസംരക്ഷണം) ജീവധാര (ശുദ്ധജലവും പരിസരവും) നല്ല നാളെ (ജനസംഖ്യാ വിദ്യാഭ്യാസം), ജീവിതസൗരഭ്യം (ദാമ്പത്യ പ്രശ്നങ്ങൾ), ജ്യോതിർഗമയ (എയ്ഡ്സ് ബോധവൽക്കരണം) താളം മനസ്സിന്റെ താളം (മാനസികരോഗം) റേഡിയോ ഡേറ്റ് (Drugs Alcohol Tobacco Education), പ്രകൃതിയുടെ മുറിവുകൾ (ഹൈറേഞ്ചിലെ പരിസ്ഥിതി സംരക്ഷണം) തുടങ്ങിയവയെല്ലാം പ്രശസ്തമായ റേഡിയോ പരമ്പരകളിൽ ചിലതാണ്.

## വിദ്യാഭ്യാസ പരിപാടികൾ

പ്രൈമറിതലം മുതൽ സർവകലാശാലതലം വരെയുള്ള വിദ്യാർത്ഥികളെയും വിദ്യാലയങ്ങളിൽ പോകാൻ സൗകര്യം ലഭിക്കാത്ത കുട്ടികളെയും വയോജനങ്ങളെയും മൊത്തത്തിൽ ലക്ഷ്യമിട്ടുകൊണ്ട് ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന പരിപാടിയാണ് വിദ്യാഭ്യാസരംഗം. ഓരോ സംസ്ഥാനത്തെയും വിദ്യാഭ്യാസവകുപ്പുമായും വിദ്യാഭ്യാസ വിദഗ്ധരുമായും ചർച്ച ചെയ്തതിനുശേഷമാണ് പരിപാടികൾക്ക് രൂപരേഖ തയ്യാറാക്കുന്നത്. 'ക്ലാസ് മുറിയിലെ പഠനത്തിന് അനുബന്ധമായി പാഠഭാഗങ്ങളിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുവാനും കൂടുതൽ വിജ്ഞാനപ്രദമായ അറിവുകളിലേക്ക് കുട്ടികളെ നയിക്കുവാനും വിദ്യാഭ്യാസ പ്രക്ഷേപണം ലക്ഷ്യം വെക്കുന്നു.' അനൗപചാരിക തുടർ വിദ്യാഭ്യാസം ലക്ഷ്യം

വെച്ച കൊണ്ടുള്ള റേഡിയോ പരമ്പരകളും വിദ്യാഭ്യാസ പരിപാടികളുടെ ഭാഗമായി പ്രക്ഷേപണം ചെയ്തു.

## യുവവാണി

യുവാക്കൾക്ക് വേണ്ടി യുവാക്കൾ ആസൂത്രണം ചെയ്ത് യുവാക്കൾ പങ്കെടുക്കുന്ന പരിപാടിയാണ് യുവവാണി. രാഷ്ട്രപുനർനിർമ്മാണത്തിൽ യുവജനങ്ങളെ പങ്കാളിയാക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. യുവവാണിയിലൂടെ പുത്തൻ ആശയങ്ങൾ പരീക്ഷിക്കപ്പെട്ടു. ഇന്ത്യൻ മാധ്യമ രംഗത്തെയും സാഹിത്യരംഗത്തെയും പല പ്രതിഭകൾക്കും വളരാനുള്ള വേദി കൂടിയായിരുന്നു യുവവാണി.

## ഭാഷാ ന്യൂനപക്ഷങ്ങൾക്കായുള്ള പരിപാടികൾ

ന്യൂനപക്ഷക്ഷേമം ആകാശവാണിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നാണ്. ഭാഷാ–മതന്യൂനപക്ഷങ്ങൾക്ക് സാമൂഹ്യനീതിയും സമത്വവും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി നിരവധി പരിപാടികൾ ആകാശവാണി ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തി. കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളിൽ അധിവസിക്കുന്ന തമിഴ് സംസാരിക്കുന്നവർക്ക് വേണ്ടി "തമിഴ്ച്ചോൽമാലൈ" എന്ന പരിപാടി പ്രക്ഷേപണം ചെയ്യുന്നു. തമിഴ് സാഹിത്യവും സംസ്കാരവും ആധാരമാക്കിയുള്ള ഈ പരിപാടിയിൽ തമിഴ് കലാകാരന്മാരും പങ്കെടുക്കുന്നു. തമിഴ്ച്ചോൽമാലൈ'പോലെതന്നെ ഈ വിഭാഗത്തിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു പരിപാടി ലക്ഷദ്വീപുകാർക്ക് വേണ്ടിയുള്ളതാണ്.

കോഴിക്കോട് നിലയം വഴി പ്രക്ഷേപണം ചെയ്യുന്ന ഈ പരിപാടിയിൽ മലയാളവും ദ്വീപ് ഭാഷയായ മഹലും ആണ് ബോധനമാധ്യമമായി ഉപയോഗിക്കുന്നത്. ഇന്ത്യയുടെ വൈവിധ്യമാർന്ന സംസ്കാരത്തെ സമന്വയിപ്പിച്ചുകൊണ്ട് രാജ്യത്തെ ശക്തിപ്പെടുത്തുക എന്നതാണ് ഭാഷാന്യൂനപക്ഷ പരിപാടികളുടെ ലക്ഷ്യം.

ഒറ്റപ്പെട്ട സമൂഹങ്ങളായി ഗ്രാമങ്ങളിൽ കഴിഞ്ഞുകൂടിയ ലക്ഷോപലക്ഷം ജനങ്ങൾക്ക് ബാഹ്യലോകത്തെ നേരിട്ടറിയാൻ ഉതകും വിധത്തിലുള്ള വാർത്താ–വാർത്താധിഷ്ഠിത പരിപാടികളും ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തു.

ആകാശവാണിയെ ജനപ്രിയമാക്കുന്നതിൽ ഏറെ പങ്കുവഹിച്ച പരിപാടികളെക്കുറിച്ചാണ് ഇതുവരെ ചർച്ചചെയ്തത്. കേൾവിയുടെ പുതുവഴികൾ മലയാളിയുടെ മാധ്യമബോധത്തിൽ കടന്നുവരാൻ ഈ പരിപാടികൾ കാരണമായി. അച്ചടിമാധ്യമങ്ങൾ സാക്ഷരരായ ജനങ്ങൾക്ക് മാത്രം ഉപകരിക്കപ്പെട്ടപ്പോൾ റേഡിയോ നിരക്ഷരരായ ബഹുഭൂരിപക്ഷം ജനതയെയും വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും വിശാലലോകത്തിലേക്കെത്തിച്ചു. ജനതയുടെ ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങളിൽ ഇടപെട്ടുകൊണ്ട് മലയാളി ജീവിതത്തിന്റെയും



സംസ്കാരത്തിന്റെയും ഭാഗമായിത്തീരാൻ ആകാശവാണി പരിപാടികൾക്ക് സാധിച്ചു. അച്ചടിമാധ്യമങ്ങൾ സാക്ഷരരേയും അഭ്യസ്തവിദ്യരേയും മാത്രം സങ്കീർണ്ണമായ ഭാഷ കൊണ്ടും ഉള്ളടക്കം കൊണ്ടും അഭിസംബോധന ചെയ്തപ്പോൾ ആകാശവാണി ആ ദൗത്യം ലളിതമായി ഏറ്റെടുത്ത് നടപ്പിൽവരുത്തി. ബോധവൽക്കരണം മാത്രം നടത്തിയാൽ റേഡിയോ സാമാന്യജനത്തിന് സ്വീകാര്യമാകുമായിരുന്നില്ല. അതുകൊണ്ട് തന്നെ ജനപ്രിയമായ ചലച്ചിത്രഗാനങ്ങളുടെയും നാടകങ്ങളുടെയും ഒപ്പം സാമൂഹ്യബോധവൽക്കരണ പരിപാടികളും അവതരിപ്പിച്ചു. ഈ രീതിയിൽ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പുനർനിർമ്മിതിയിൽ ആകാശവാണി മുഖ്യപങ്ക് വഹിച്ചു.

## റേഡിയോയും സാഹിത്യവും

ജനങ്ങളുടെ സാംസ്കാരികവും സാമൂഹികവുമായ പുരോഗതിയിൽ മാത്രമല്ല, സാഹിത്യപുരോഗതിയിലും അത്ഭുതകരമായ സംഭാവനകൾ നൽകിയ മാധ്യമമാണ് റേഡിയോ. മനുഷ്യശബ്ദത്തെ വൈദ്യുതശബ്ദതരംഗങ്ങളാക്കി മാറ്റി കമ്പിയില്ലാക്കമ്പി വഴി സന്ദേശങ്ങൾ കൈമാറുന്നതിനുള്ള ഉപാധിയായിട്ടായിരുന്നു ആദ്യകാലത്ത് റേഡിയോ തരംഗങ്ങളെ ഉപയോഗിച്ചിരുന്നത്. എന്നാൽ ഒരു ബഹുജനമാധ്യമമായി റേഡിയോ വളർന്നതിന് ശേഷം സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ റേഡിയോ പ്രസക്തമായി. അതോടുകൂടി പ്രക്ഷേപണത്തിന്റെ വളർച്ച ദ്രുതതരവും ഹൃദ്യവുമായി. വിനോദത്തിനും വിജ്ഞാനത്തിനും വിദ്യാഭ്യാസത്തിനും ഉതകുന്ന പരിപാടികളിലൂടെ ഒരു ജനസമൂഹത്തെ സാംസ്കാരികമായി ഉയർത്തുന്ന പ്രക്രിയ എന്ന തരത്തിലേക്ക് പ്രക്ഷേപണം എന്ന പദത്തിന്റെ അർത്ഥം മാറി.

സാഹിത്യത്തിന് അച്ചടിമാധ്യമങ്ങൾ നൽകിയിട്ടുള്ള സംഭാവനകളിൽ നിന്നും തീർത്തും വ്യത്യസ്തമായി വേണം റേഡിയോയെ വിലയിരുത്താൻ. കാരണം അച്ചടിമാധ്യമങ്ങളിലൂടെ പുറത്തുവരുന്ന സാഹിത്യകൃതികൾ സാക്ഷരരായ ഒരു ന്യൂനപക്ഷത്തിന് മാത്രമേ ഉപകാരപ്പെടുന്നുള്ളൂ. ഇന്ത്യയിൽ ബഹുഭൂരിപക്ഷം ജനങ്ങളും അക്കാലത്ത് നിരക്ഷരരായിരുന്നു. അതുകൊണ്ട് തന്നെ പ്രമുഖസാഹിത്യകൃതികൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യപ്പെട്ടപ്പോൾ അത് ജനങ്ങളുടെ മാനസിക പരിവർത്തനങ്ങളെവരെ സ്വാധീനിച്ചു. ചുണ്ടിൽ നിന്ന് ചെവിയിലേക്ക് പകർന്നു പ്രചരിച്ച ഭാരതത്തിന്റെ വാമൊഴി പാരമ്പര്യം നിലനിൽക്കുകയും പ്രക്ഷേപണ പ്രക്രിയയിലൂടെ അതിന് പുതിയ മാനം കൈവരുകയും ചെയ്തു. പ്രഭാഷണങ്ങൾ/സാഹിത്യപരിപാടികൾ, റേഡിയോ നാടകങ്ങൾ/ചിത്രീകരണങ്ങൾ, നാടൻപാട്ടുകൾ, ലളിതഗാനങ്ങൾ, സംഗീത പരിപാടികൾ എന്നിവയാണ് റേഡിയോ സാഹിത്യം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താനാവുക. പ്രഭാഷണങ്ങളിലൂടെ വിഷയങ്ങൾ ജനങ്ങളിലെക്കെത്തിച്ചിരുന്നു. ഓരോ കാലഘട്ടത്തിലെയും പ്രമുഖ കഥകൾ, നോവലുകൾ, കവിതകൾ, കൃഷിരീതികൾ തുടങ്ങിയ വിഷയങ്ങളിൽ അതത് മേഖലകളിലെ പ്രഗത്ഭർ സംസാരിച്ചു. സാഹിത്യരംഗം എന്ന പരിപാടിയിലൂടെ കഥ, കവിത, പുസ്തകനിരൂപണം, അക്ഷരശ്ലോകം എന്നിങ്ങനെ സാഹിത്യപ്രധാനങ്ങളായ പരിപാടികൾ പ്രക്ഷേപണം ചെയ്തു. ഭാഷിതവാങ്മയ പരിപാടികളിലൂടെ പ്രശസ്തരായ സാഹിത്യകാരന്മാരും സാംസ്കാരികപ്രവർത്തകരും ജനങ്ങളോട് സംവദിക്കുന്നു എന്നതും പ്രത്യേകതയാണ്. മഹാകവി ജി.ശങ്കരക്കുറുപ്പ്, കൈനിക്കര കുമാരപ്പിള്ള, ഉറൂബ്, നാഗവള്ളി.ആർ എസ്.കുറുപ്പ്, തുടങ്ങി ഒരു കാലഘട്ടത്തിലെ പ്രമുഖസാഹിത്യകാരന്മാർ ആകാശവാണിയിൽ സേവനമനുഷ്ഠിക്കുക കൂടി ചെയ്തിട്ടുണ്ട്.

റേഡിയോ സാഹിത്യത്തെ സമ്പന്നമാക്കിയ ഒരു സാഹിത്യശാഖയാണ് റേഡിയോ നാടകം. റേഡിയോക്ക് വേണ്ടിയെഴുതുന്ന നാടകങ്ങൾ കൂടാതെ പ്രശസ്തമായ നോവലുകളും ചെറുകഥകളും നാടകരൂപത്തിൽ ജനങ്ങളിലെത്തി. സാധാരണക്കാരും നിരക്ഷരരുമായ ജനങ്ങൾക്ക് പുരോഗമനാശയങ്ങളടങ്ങിയ നാടകങ്ങൾ

പുതുബോധം നൽകി. വിശ്വ സാഹിത്യകൃതികളായ യുദ്ധവും സമാധാനവും, അന്നാകരിനീന, പാവങ്ങൾ, ഷേക്സ്പിയർ നാടകങ്ങൾ തുടങ്ങി ഒ.ചന്തുമേനോൻ, സി.വി.രാമൻപിള്ള, കെ.സി.കേശവപിള്ള, ലളിതാംബികഅന്തർജ്ജനം, എം.ടി. വാസുദേവൻനായർ, ബഷീർ, മലയാറ്റൂർ രാമകൃഷ്ണൻ, തകഴി തുടങ്ങിയ അനേകം പ്രതിഭകളുടെ നോവലുകളും റേഡിയോ നാടകരൂപത്തിൽ പ്രക്ഷേപണം ചെയ്തു.

റേഡിയോ സാഹിത്യത്തിൽ വരുന്ന മറ്റൊരു വിഭാഗമാണ് റേഡിയോ ഫീച്ചർ അല്ലെങ്കിൽ ഡോക്യുമെന്ററി. യഥാർത്ഥ വസ്തുക്കളുടെ റെക്കോർഡിംഗുകളും, സംഗീതം, കവിത, ഗാനം എന്നിവയും ചേർത്താണ് ഫീച്ചറിന് രൂപം കൊടുക്കുന്നത്. ഐതിഹ്യങ്ങളും, ചരിത്രസംഭവങ്ങളും ഉൾപ്പെടെ നിരവധി വിഷയങ്ങളിൽ റേഡിയോ ഫീച്ചർ തയ്യാറാക്കുന്നു. യഥാർത്ഥ വസ്തുതകളുടെ ചിത്രീകരണമാണിത്. തികച്ചും വിശ്വസനീയമായ രീതിയിൽ കൃത്യമായി ഗവേഷണം ചെയ്ത് തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഫീച്ചർ തയ്യാറാക്കുന്നത്.

റേഡിയോ പ്രക്ഷേപണത്തിന്റെ ഏതാണ്ട് പകുതിയോളം സംഗീതപരിപാടികളാണ്.'ഓരോ സമുദായത്തിനും കാണാനും കേൾക്കാനും വേറെ വേറെ പാട്ട്, കല എന്ന രീതി മാറ്റി പൊതുവായ പാട്ട് കൊണ്ടു വന്നത് ആകാശവാണിയാണ്. മാത്രമല്ല, 'മറ്റു സംസ്ഥാനങ്ങളിലെ ഗാനപാരമ്പര്യം പരിചയപ്പെടുത്തുന്ന ദേശീയ സംഗീതപരിപാടികൾ, ഓരോ സംസ്ഥാനത്തെയും ജനങ്ങളെ ആന്തരികമായി മറ്റു സംസ്ഥാനങ്ങളുടെ കലകളെക്കൂടി ആസ്വദിക്കാൻ സജ്ജരാക്കി. ദേശീയ സംഗീത പരിപാടിയിലൂടെ ഹിന്ദുസ്ഥാനി /കർണ്ണാടക സംഗീത പാരമ്പര്യങ്ങൾ പരസ്പരം പരിചയപ്പെട്ടു. നാടോടി സംഗീതത്തിനു ഇടം നൽകിയ ദേശീയ സംഗീത നേരങ്ങൾ ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുക എന്നത് കലാകാരന് ഒരു ഗ്രേഡിംഗ് (Grading) ആയി. നാടോടിപ്പാട്ടുകൾ മുതൽ ലളിതഗാനങ്ങൾ വരെ സംഗീതപരിപാടിയിൽ ഉൾപ്പെടുന്നു. കേരളത്തിന്റെ മഹത്തായ നാടൻപാട്ടുകൾ സംരക്ഷിച്ച നിർത്തുന്നതിൽ ആകാശവാണിക്കുള്ള പങ്ക് വലുതാണ്. ശാസ്താംപാട്ട്, ഞാറ്റുപാട്ട്, കൊയ്ത്ത്പാട്ട്, പുള്ളുവൻപാട്ട്, തുമ്പിതുള്ളൽ പാട്ട്, വഞ്ചിപ്പാട്ട്, മാപ്പിളപ്പാട്ട്, എന്നിങ്ങനെ വിഭിന്നങ്ങളായ നാടൻപാട്ടുകളെക്കുറിച്ച് ജനങ്ങളെ ഓർമ്മിപ്പിക്കാനും അതിന്റെ തനിമ നിലനിർത്താനും ഇത്തരം പരിപാടികളിലൂടെ സാധിക്കുന്നു. നാടൻപാട്ടുകൾ കൂടാതെ ശാസ്ത്രീയ സംഗീതം, കഥകളിപദങ്ങൾ എന്നിവയും പ്രാധാന്യത്തോടെ ആകാശവാണിയിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്. സ്വാതിതിരുനാൾ, കുട്ടിക്കുഞ്ഞുതങ്കച്ചി, കെ.സി. കേശവപ്പിള്ള, കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ് തുടങ്ങിയ കേരളത്തിന്റെ സംഗീതപാരമ്പര്യം ലോകശ്രദ്ധയിലെത്തിച്ച സംഗീത പ്രതിഭകളുടെ കൃതികൾ ഗാനകൈരളി'എന്ന പരിപാടിയിലൂടെ പ്രക്ഷേപണം ചെയ്യുന്നു. കഥകളിപ്പദങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് റേഡിയോ എന്ന മാധ്യമമല്ലാതെ മറ്റ് മാധ്യമങ്ങളൊന്നും ശ്രമിച്ചിട്ടില്ല എന്ന് കാണാം. പ്രഗല്ഭരായ ആട്ടക്കഥാകാരന്മാർ രചിച്ച കഥകളിപ്പദങ്ങൾ ആകാശവാണി പരിപാടികളിൽ ഉൾപ്പെടുത്തി. ഇത്തരത്തിൽ സമ്പന്നമായ കേരളീയ സംഗീതപാരമ്പര്യത്തെ ശ്രോതാക്കൾക്ക് പരിചയപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ആകാശവാണി വലിയ പങ്കുവഹിച്ചു.

ദരിദ്രരും നിരക്ഷരരുമായ വലിയവിഭാഗം ജനതയെ സാഹിത്യത്തിന്റെ വലിയലോകത്തേക്ക് എത്തിക്കുന്നതിന് റേഡിയോ മുൻകയ്യെടുത്ത് പ്രവർത്തിച്ചു. സംഗീതത്തിലും നാടകത്തിലും താൽപര്യമുള്ള പുതിയ ജനസമൂഹത്തെ അത് വാർത്തെടുത്തു. ജനതയ്ക്ക് വിപുലമായ വിജ്ഞാനമേഖലകളുമായി സമ്പർക്കത്തിലേർപ്പെടാനും പുതിയ ക്ഷണങ്ങളിലേക്കെത്തിച്ചേരുന്നതിനും ഇത്തരം സാഹിത്യ പരിപാടികളിലൂടെ സാധിച്ചു. ഗ്രാമീണർ, കൃഷിക്കാർ, സ്ത്രീകൾ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നിങ്ങനെ എല്ലാ ജനവിഭാഗങ്ങൾക്കും വിജ്ഞാനവും വിനോദവും പകർന്നു നൽകുക വഴി ഒരു അനൗപചാരിക സർവ്വകലാശാലയായി റേഡിയോ മാറി.

റഫറൻസ്
ശിവശങ്കരൻ, എം.കെ. 2004 പ്രക്ഷേപണകലാചരിത്രം, കേരളസാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരുവനന്തപുരം.



**രാഗി ശേഖരൻ കെ.**
അസിസ്റ്റന്റ് പ്രൊഫസ്സർ
മലയാളവിഭാഗം
എസ്. എൻ. എം. കോളേജ്, മാല്യങ്കര.

# കഥയിലെ ട്രാൻസ് റിയലിസം



ജീവിതയാഥാർത്ഥ്യങ്ങളെ അതുപോലെ ചിത്രീകരിക്കുന്നതോടൊപ്പം ശാസ്ത്രത്തിന്റെ പിൻബലത്തോടെ അത്ഭുതകരമായ ചിലതിനെ കണ്ടെത്തുകയെന്നതാണ് ട്രാൻസ് റിയലിസത്തിന്റെ കാതൽ. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സാഹിത്യപ്രവണതയാണിതെന്ന് ഫിലിപ്പ് കെഡിക്കിന്റെ 'എ സ്കാനർ ഡാർക്ക്ലി' എന്ന പുസ്തകത്തെ അധികരിച്ച് പ്രശസ്ത നോവലിസ്റ്റ് സി. രാധാകൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്. യാഥാർത്ഥ്യങ്ങളുടെ ചുറ്റുപാടിൽ നിന്ന് പ്രതീക്ഷാനിർഭരമായ അയഥാർത്ഥ തലത്തിലേയ്ക്ക് ശാസ്ത്രത്തിന്റെ സഹായത്തോടെ കൊണ്ടുപോകാനുള്ള ശ്രമമാണ് സാഹിത്യത്തിലെ ട്രാൻസ്

റിയലിസം. സോക്രട്ടീസ് കെ.വാലത്തിന്റെ 'രാസമഴ' എന്ന കഥയിൽ കാലഘട്ടങ്ങളുടെ യഥാർത്ഥ്യബോധങ്ങൾ തമ്മിലുള്ള സംഘർഷം റിയലിസത്തിൽ വന്ന മാറ്റത്തിലൂടെ അവതരിപ്പിക്കുന്നു.

സോക്രട്ടീസ് കെ. വാലത്ത് എഴുതിയ രാസമഴ എന്ന കഥ സമകാല ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്. രണ്ട് തലമുറകളുടെ വിചാര–വീക്ഷണങ്ങളിലുള്ള മാറ്റമാണ് കഥയുടെ മുഖ്യപ്രമേയമായി കഥാകൃത്ത് അവതരിപ്പിക്കുന്നത്. കേന്ദ്രകഥാപാത്രങ്ങളായ മാതാപിതാക്കളിൽ നിന്ന് പുതിയ തലമുറയുടെ പ്രതിനിധികളായ മകളിലേയ്ക്കും കാമുകനിലേയ്ക്കും ഉള്ള വൈകാരികഭാവമാറ്റത്തെയാണ് 'രാസമഴ'യിലൂടെ എഴുത്തുകാരൻ പറഞ്ഞു വെയ്ക്കുന്നത്. പ്രണയത്തിന്റെ രസതന്ത്രത്തിന് വന്ന മാറ്റമാണ് പ്രധാന കഥാതന്തു. ആ രാസമാറ്റം പിതാവായ രമേശനിൽ ആകുലതകളായി പരിണമിക്കുന്നു. പ്രണയ വിവാഹിതരായ ദമ്പതികളാണ് രമേശനും ജലജയും അവരുടെ മകൾ രമ്യയും കാമുകനായ സുന്ദരനും ഇടകലർന്നുവരുന്ന പ്രമേയാവതരണം എഴുത്തിനെ സമകാലീനമാക്കുന്നു.

പ്രണയവിവാഹിതരായ മാതാപിതാക്കളിൽ കാലക്രമേണ പ്രണയം വറ്റിപ്പോകുന്നു. തങ്ങളുടെ ഭൂതകാല പ്രണയ നിമിഷങ്ങൾ ഓർത്തെടുക്കാൻ ശ്രമിക്കുന്ന രമേശന് പരാജയം രുചിക്കുന്നു. രമേശന്റെയും ജലജയുടെയും ദാമ്പത്യത്തിനിടയിലെ വരൾച്ച തന്നെയാണ് അതിന് കാരണഭൂതമാക്കുന്നത്. പത്തിരുപതു കൊല്ലം പഴക്കമുള്ള വിഷയമായതുകൊണ്ടുതന്നെ പ്രണയം ഉടലെടുക്കാനിടയാക്കിയ പരസ്പരാകർഷണീയ ഘടകങ്ങളെയൊന്നും ഓർത്തെടുക്കാൻ രമേശന് ആകുന്നില്ല. അത്രമാത്രം ആ പ്രണയം കെട്ടുപോയിരുന്നു. മകളുടെ പ്രണയവിഷയത്തോടുള്ള ജലജയുടെ നിസംഗതാഭാവം രമേശനെ കൂടുതൽ തളർത്തുന്നു. നാം പ്രണയിച്ചിരുന്ന കാലം മാറിയെന്നും അവർ പരസ്പരം മിണ്ടിയും പറഞ്ഞും നടന്ന് പരസ്പരം മനസിലാക്കട്ടേ എന്നുമാണ് ജലജ അഭിപ്രായപ്പെടുന്നത്. "തമ്മിൽ ശരിയ്ക്ക് അറിയാതെ ഒരുമിച്ച് കഴിഞ്ഞിട്ട് എന്ത് കിട്ടാൻ" എന്ന ഒറ്റ വാക്യത്തിലൂടെ രമേശനും ജലജയും തമ്മിലുള്ള പ്രണയശൂന്യത വ്യക്തമാകുന്നു. ജീവിതപ്രാരാബ്ധങ്ങൾക്കിടയിൽപ്പെട്ട് പ്രണയം വറ്റിപ്പോയതായി ആശ്വസിച്ചിരുന്ന രമേശന് ജലജയുടെ വാക്കുകൾ തീമഴയായി അനുഭവപ്പെടുന്നു.

മകളുടെ പ്രണയം കെട്ടകാലത്തിലാണെന്ന ചിന്തയാണ് രമേശനെ തളർത്തുന്നത്. ജീവിതമാർഗമായ ജോലി കളഞ്ഞിട്ടാണ് മകളുടെ പ്രണയത്തിനു പിറകേ രമേശൻ സഞ്ചരിക്കുന്നത്. മകളെ പ്രണയബന്ധത്തിൽ നിന്നു വേർപ്പെടുത്താനായി രമേശന്റെ ചിന്തകൾ പലവഴിയ്ക്കായി ഇറങ്ങി തിരിക്കുന്നു. ഒരിടത്തുനിന്നും സ്വസ്ഥത ലഭിക്കാതിരുന്ന രമേശൻ തന്റെ മനസാക്ഷിയോട് പലവട്ടം കയർക്കുന്നു. പലവഴിയിലൂടെയുള്ള ചിന്താപ്രയാണത്തിന്റെ ഭാഗമായി കെട്ടകാല പ്രണയത്തിന്റെ പ്രതിനിധികളായ സുന്ദരനോടും രമ്യയോടും രമേശൻ സംവദിക്കുന്നു. ആദ്യകാഴ്ചയിൽ തന്നെ സുന്ദരന്റെ സുന്ദരരൂപം രമേശനിൽ അരോചകമുളവാക്കുന്നു. ന്യൂജനറേഷൻ പ്രതിനിധിയുടെ രൂപസൗന്ദര്യം ഉൾക്കൊള്ളാൻ രമേശന് കഴിയുന്നില്ല. മകളുടെ സൗന്ദര്യസങ്കല്പം രമേശന്റെ മുന്നിൽ ചോദ്യചിഹ്നമാകുന്നു. സുന്ദരനെ ആദ്യമായി കാണുന്ന രമേശൻ അമ്പരക്കുന്നു. അതോടു കൂടി രമേശന്റെ സൗന്ദര്യസങ്കല്പം കാറ്റെടുത്തിരുന്നു.

പുതിയ കാലത്തിന്റെ രൂപഭാവ– സവിശേഷതകളെല്ലാം തന്നെ കാമുകനായ സുന്ദരനിൽ മനോഹരമായി സന്നിവേശിപ്പിക്കുന്നതിൽ എഴുത്തുകാരൻ വിജയിച്ചിട്ടുണ്ട്. ഇരമ്പിപ്പായുന്ന ബൈക്കും, നീട്ടിവളർത്തിയ മുടിയും, വഴക്കാളിയാകുന്ന യുവത്വത്തിന്റെ ഉശിരും, പ്രണയത്തിൽ നിന്നും പിൻമാറിയാൽ കാമുകിയെ ഇല്ലാതാക്കുമെന്ന ചിന്തയും, കാമുകനിൽ ഒത്തുചേർന്നിരിക്കുന്നു.

വളരെ ലളിതവും സരസവുമായിട്ടാണ് കഥാകൃത്ത് സമകാലപ്രസക്തമായ ഈ വിഷയത്തെ അവതരിപ്പിച്ചിരിക്കുന്നത്. കാമുകന്റെ കുലത്തൊഴിലിനെ കുറിച്ചുള്ള സൂചനയിലൂടെ അവന്റെ ജാതിയെ കഥാകൃത്ത് അനാവരണം ചെയ്യുന്നുണ്ട്. ഭാഷാപരമായ ചിത്രീകരണ സവിശേഷത

വ്യക്തമാക്കുന്ന ഒന്നാണ് സുന്ദരന്റെ സൗന്ദര്യാ വിഷ്ക്കാരം. "മെലിഞ്ഞ് നീണ്ട് കറുത്ത് കരുവാളിച്ച ഉരുക്കുകമ്പിപോലെ ദേഹം, കൊലപാതകിയ്ക്ക് ചേർന്ന വളഞ്ഞ് അഗ്രം മുട്ടുന്ന കട്ടിപ്പുരികം, സദാ ചുറ്റിനും വെട്ടിപരതുന്ന പാതിയടഞ്ഞ സർപ്പകണ്ണുകൾ, അവനിൽ നിറഞ്ഞു നിൽക്കുന്ന കൂസലില്ലായ്മയും... ചെമ്പിച്ചും അല്ലാതെയും കാടുപിടിച്ച ചിതറിയ തലമുടി" ഇങ്ങനെ പോകുന്നു ആ വർണ്ണന

വർത്തമാനകാലത്തിന്റെ നേർക്കു പിടിച്ച ഒരു കണ്ണാടിയായി ഈ കഥ മാറുന്നു. രമേശൻ തന്റെ മകളെ ജീവനായി കരുതി കഷ്ടപ്പെട്ട് വളർത്തുന്നതിനിടയ്ക്ക് അശനിപാതം പോലെ പ്രണയം അവളെ തട്ടിയെടുക്കുന്നത്. തന്റെ പ്രണയവിവാഹത്തെ ന്യായീകരിക്കുന്ന രമേശന് മകളുടെ പ്രണയത്തെ അംഗീകരിക്കാനാവുന്നില്ല. തന്റെ പ്രണയകാലത്തോട് താരതമ്യപ്പെടുത്തിയാണ് രമേശന്റെ ചിന്തകൾ കാടുകയറുന്നത്. മകളുടെ ജനനം മുതലുള്ള വളർച്ചയുടെ ഓരോ ഘട്ടവും കൗതുകത്തോടെയും വാത്സല്യത്തോടെയും അനുഭവിച്ചും ആസ്വദിച്ചുമാണ് രമേശൻ ജീവിച്ചത്. ആ മകളാണ് രമേശന്റെ ചിന്തയിൽ തീമഴ ചൊരിഞ്ഞ് ഉറക്കമില്ലാരാത്രികളെ സമ്മാനിച്ചത്. മകളുടെ ബാല്യത്തെ കുറിച്ചുള്ള ഓർമ്മകൾ രമേശനെ കൂടുതൽ തളർത്തുന്നു. പ്രണയബന്ധത്തിൽ നിന്ന് പിൻമാറാനായി ആവശ്യപ്പെടുന്ന അച്ഛനെ ആത്മഹത്യാഭീഷണി മുഴക്കി മകൾ പരാജയപ്പെടുത്തുന്നു. സുന്ദരനോട് ഇക്കാര്യത്തിനായി സംസാരിക്കുന്ന രമേശന് കിട്ടുന്ന മറുപടി ഭയം ജനിപ്പിക്കുന്ന ഒന്നാണ്. ബൈക്കിന്റെ പെട്രോൾ ബങ്കിന്റെ മുകളിലെ അറയിൽ നിന്നും ഒരു കുപ്പി സ്പ്രേ വലിച്ചെടുത്താണ് സുന്ദരൻ കൊലവിളി നടത്തുന്നത്.




വർത്തമാനത്തിന്റെ സജീവമായ മുഖം ഒപ്പിയെടുത്ത പ്രമേയാവതരണം എഴുത്തിന്റെ മികവിനെ വിളിച്ചോതുന്നതാണ്. കഥാന്ത്യത്തിലെ പ്രണയജ്വാലയുടെ പ്രതീകാത്മകമായ ആവിഷ്ക്കാരം രണ്ട് തലമുറകൾ തമ്മിലുള്ള ചിന്തകളുടേയും വൈകാരികതയുടെയും വീക്ഷണത്തിന്റെയും യഥാതഥാന്തരത്വം വിളിച്ചോതുന്നതാണ്. പ്രണയജ്വാല രമേശന്റെ ചിന്തകളിൽ ആളിപ്പടർന്ന് അയാളെ തന്നെ ഇല്ലാതാക്കുന്നു. കഥയുടെ വൈകാരികതലത്തെ ഒട്ടും ചോർന്ന് പോകാതെതന്നെ കഥാകൃത്ത് ആവിഷ്കരിച്ചതായി കാണാം.

'രാസമഴ' പ്രണയത്തിനു സംഭവിച്ച രാസമാറ്റത്തെ സൂചിപ്പിക്കുന്നു. പ്രണയം ഉറഞ്ഞു തുള്ളുന്ന ഭീകരസത്വമായി തീമഴ പെയ്യിക്കുന്ന അനുഭവമായി മാറുന്നതാണ് കഥാന്ത്യത്തിൽ കാണാനാവുന്നത്. സർവ്വനാശകാരിണിയായ അഗ്നിജ്വാലയായി മാറുന്ന പ്രണയമഴയാണ് രാസമഴ.



**Dr. Rakesh S**
Assistant Professor of Commerce
Mahatma Gandhi College, Trivandrum




# A Study on the Role of Public- Private Partnerships (PPP) in Boosting Indian Economy

## Introduction

Both central government and the states are aiming to use public private partnerships (PPPs) more intensively to meet gaps in the provision of basic services. India has seen real progress over the last 10 years in attracting private investment into the infrastructure sectors, first in telecommunications, and now in ports and roads, and in individual projects in other sectors. There is the potential for PPPs to contribute more and help meet the infrastructure gap in India. But PPPs are not a

panacea for all the ills. They represent a claim on public resources that needs to be understood and assessed by the government, and are often complex and long -term transactions in which mistakes in design can be costly.

A Public-private partnership (PPP or 3P) is a commercial legal relationship defined by the Government of India in 2011 as "an arrangement between a government / statutory entity / government owned entity on one side and a private sector entity on the other, for the provision of public assets and/or public services, through investments being made and/or management being undertaken by the private sector entity, for a specified period of time, where there is well defined allocation of risk between the private sector and the public entity and the private entity receives performance linked payments that conform to specified and pre -determined performance standards, measurable by the public entity or its representative". PPPs broadly refer to long term, contractual partnerships between the public and private sector agencies, specially targeted towards financing, designing, implementing, and operating infrastructure facilities and services that were traditionally provided by the Government and/ or its agencies. These collaborative ventures are built around the expertise and capacity of the project partners and are based on a contractual agreement, which ensures appropriate and mutually agreed allocation of resources, risks, and returns. This approach of developing and operating public utilities and infrastructure by the private sector under terms and conditions agreeable to both the government and the private sector is called PPP.



As outlined in its XII Five Year Plan (2012-2017), India has an aspiring target of infrastructure investment (estimated at US$1 trillion). In the face of such an enormous investment requirement, the Government of India is actively promoting PPPs in many sectors of the economy. According to the World Bank, about 824 PPP projects have reached financial closure since 1990 in India.

## Need for Public-Private Partnerships.


Provision of public services and infrastructure has traditionally been the exclusive domain of the government (Government will continue to be the main provider of public goods and services). However, with increasing budgetary demands for social welfare schemes coupled with growing aspiration of the people, the government's ability to adequately address infrastructure needs through traditional means has been severely constrained. This has led the governments across the world to increasingly facilitate the private sector to be a partner in supplementing public investments and provide public services through Public Private Partnerships (PPP). As outlined in its XII Five Year Plan (2012-2017), India has an ambitious

target of infrastructure investment (estimated at US$1 trillion). In the face of such an enormous investment requirement, the Government of India is actively promoting PPPs in many sectors of the economy. In a competitive global environment, governments around the world are focusing on new ways to finance projects, build infrastructure and deliver services. Public -Private Partnerships (PPP's or P3's) are becoming a common tool to bring together the strengths of both sectors. In addition to maximizing efficiencies and innovations of private enterprise, PPPs can provide needed capital to finance government programs and projects, thereby freeing public funds for core economic and social programs.

The PPPs also plays role in e-Government for longer-term contracts between public contracting authority and private provider for delivery of specified outputs" (typically combining investment and service provision). Electronic processing enables easy hand shake amongst partners and different models outsourcing discreet tasks. The Risk transfer to private sector, commercial know-how and managerial skills. The Best-practice technologies and innovation can be made PPP into successful infrastructure project for our country. The private sector participation is expected to be about more than 40 billion USD and of which 10 billion dollar is expected from the foreign investors. Urging the foreign investors to come forward and avail the vast investment opportunities in the country. According to the World Bank, about 824 PPP projects have reached financial closure since 1990 in India. The Government of India recognizes several types of PPPs, including: User-fee based BOT models, User-fee based BOT model, Performance based management/ maintenance contracts and Modified design-build (turnkey) contracts. Today, there are hundreds of PPP projects in various stages of implementation throughout the country.

## PPP Policies in India

The Ministry of Finance centralizes the coordination of PPPs, through its Department of Economic Affairs' (DEA) PPP Cell. In 2011, the DEA published guidelines for the formulation and approval of PPP projects. This was part of an attempt to streamline PPP procedures and strengthen the regulatory framework at the national level to expedite PPP projects approval, reassure private parties and encourage them to enter into PPPs in India. This was one of the main roles of the Public Private Partnership Appraisal Committee (PPPAC) which is responsible for PPP project appraisal at the central level. The Government also created a Viability Gap Funding Scheme for PPP projects to help promote the sustainability of the infrastructure projects. This scheme provides financial support (grants) to infrastructure projects, normally in the form of a capital grant at the stage of project construction (up to 20 percent of the total project). The Government has also set up India Infrastructure Finance Company Limited (IIFCL) which provides long-term debt for financing infrastructure projects. Set up in 2006, IIFCL provides financial assistance in the following sectors: transportation, energy, water, sanitation, communication, social and commercial infrastructure. To help finance the cost incurred towards development of PPP projects (which can be significant, and particularly the costs of transaction advisors), the Government of India has launched in 2007 the 'India Infrastructure Project Development Fund' (IIPDF) which supports up to 75 % of the project development expenses. Finally, the PPP Cell has produced a series of guidance papers and



a 'PPP Toolkit' to support project preparation and decision-making processes. The objective is to help improve decision-making for infrastructure PPPs in India and to improve the quality of the PPPs that are developed. This has been designed with a focus on helping decision -making at the Central, State and Municipal levels.

There has been considerable innovation in the design of measures, with different structures now being developed to attract private participation. But at the same time it is clear that this has been uneven, with some states having undertaken far more PPPs than others, and a much heavier use of PPPs in some sectors (roads by number of projects and ports by project size) than others. While there are a number of successful projects, there have also been a number of poorly conceptualized PPPs brought to the market that stood little chance of reaching financial closure. Some states have made more attempts to develop a broad framework for PPPs, including cross -cutting legislation and the development of cross -sectorial units that play a role in the identification and preparation of PPPs. There is the potential for PPPs to play a greater role in the provision of infrastructure services in India. A number of issues have to be addressed, however, including basic questions such as the extent to which these projects will be paid for by taxpayers or by users, and if so whether the resources are available, and whether it will be possible, commercially and politically, to charge the required user fees. Improving

capacities to identify potential PPPs will be critical, to bring them to the market properly structured, have them efficiently and competitively procured, and to monitor their performance and cost.

## Potential Benefits of Public Private Partnerships

The financial crisis of 2008 onwards brought about renewed interest in PPP in both developed and developing countries. Facing constraints on public resources and fiscal space, while recognizing the importance of investment in infrastructure to help their economies grow, governments are increasingly turning to the private sector as an

alternative additional source of funding to meet the funding gap. While recent attention has been focused on fiscal risk, governments look to the private sector for other reasons:

• Exploring PPPs as a way of introducing private sector technology and innovation in providing better public services through improved operational efficiency

• Utilizing PPPs as a way of developing local private sector capabilities through joint ventures with large international firms, as well as sub-contracting opportunities for local firms in areas such as civil works, electrical works, facilities management, security services, cleaning services, maintenance services

• Creating versification in the economy by making the country more competitive.

• Supplementing limited public sector capacities to meet the growing demand for infrastructure development

• Extracting long-term value-for-money through appropriate risk transfer to the private sector over the life of the project - from design/ construction to operations/ maintenance

• Ensure the necessary investments into public sector and more effective public resources management;

• Ensure higher quality and timely provision of public services;

• Mostly investment projects are implemented in due terms and do not impose unforeseen public sectors extra expenditures;

• A private entity is granted the opportunity to obtain a long-term remuneration;

• Private sector expertise and experience are utilized in PPP projects implementation;

• Appropriate PPP project risks allocation enables to reduce the risk management expenditures;

• In many cases assets designed under PPP agreements could be classified off the public sector balance sheet.

## Conclusion

Public Private Partnerships (PPP) was adapted to auger growth in infrastructure development in the country and thereby giving a positive thrust to the Indian economy. The Government took the PPP route for implementation of projects in roads, ports, airports, railways, power and urban utilities as well as in social sectors. The contribution of PPPs in the infrastructure development across the country has been immense. However, poor planning towards implementation of the PPP model has led to faulty contractual structures and absence of remedial tools. Good governance is critical for success of PPPs.• Training is critical to develop action orientated PPPs, that are economically feasible and can attract the private sector • Focus of training should be on making PPPs work.

References

1. Aggarwal, M., and B. Ladda. 2010. 'PPP in Education: Workshop on PPP in Urban and Social Sectors'. CRISIL Risk and Infrastructure Solutions Limited, 21 May. CRISIL Infrastructure Advisory. Available at http:// www.crisil.com/pdf/infra-advisory/6-ppps-ineducation. pdf.

2. Akkawi, A. 2010. 'INSEAD—PPPs as Policy Instruments'. 29 November. Ernst & Young.

3. Bertig, E., J. O'Connor, P. Stambor, L. Steers, and I.Wall. 2001. 'Public-Private Partnerships in Seattle: A Supplement to the Seattle Voter'.May.

4. Bhattacharya, D., and M. Rahman. 2010. 'Delivering Social Infrastructure Through PPP: The Role of Non-Profit Organisation'. Presentation of the Centre for Policy Dialogue at the OECD Global Forum on Development, Paris,. 10-12



**Dr. G.S. Sandhya Nair**
Assistant Professor
Department of Commerce
Sree Vivekananda College
Kunnamkulam



# A Teachers Self Retreat...

Getting satisfaction when we witness our students progressing and reaching all heights, making a positive impact by giving more than expected, is all a part of teaching; a profession that comes with a lot of responsibility and commitment. It is the belief that the students can – and will – learn what is being taught, and much more. The teacher as a facilitator can bring a new unseen, unexplored world into the classroom. The inspiration given by the teacher, touches the life of all students in some way or the other. The present teaching–learning environment

is being invaded by the toxic work culture, which threatens and paralyses people with a creative mind set. Politics, ego, professional jealousy, etc. among teachers could be listed as the constituents of a toxic environment.

At both the good and bad times in this profession, there is always an unintentional comparison of the present teaching and learning environment, with those of the 1980's and 90's, when teachers were our role models, our inspirations and a powerful source of direction in life.

Our memories, hopes and dreams, light up the present with a lot of creative ideas. There are always goals in one's life, whether they are short or long term. How exactly to fix our focus on these goals without distractions, is to be taught to the present generation. This is not merely for preaching, but for practicing and experiencing. Sharing these experiences in classroom will have a great impact on a student's engagement.

When things happen in our life according to our expectations, our confidence gets boosted, but sometimes we overrate our success, get excited and be carried away. But when things do not happen as we look forward, then our confidence dips. What is the solution? To maintain the focus. Overcoming the challenge effortlessly is what is important. The practicality in achieving our set goals and expected results, is possible only when the effort taken seems to be effortless, and only then it can sustain. We should ask ourself before setting the goals in our lives, is the effort to be put in for success interesting enough to be carried out? If we lose interest in the efforts we put in, the goal cannot be achieved. When something is unnatural it cannot be sustained.

The most intelligent way of living, is by doing things that we are passionate about. The life has meaning, when we can improve the life of somebody else. There is no other profession which can materialise this life mission. The desire to make some one's life better, without getting carried away in petty issues, which we won't even remember a few years down the lane; all those which are considered big issues at present, which give us sleepless nights, which become irrelevant as time moves on. We should not spoil our inner peace and happiness.

A happy person cannot do wrong to anyone. The basic problems in life are at times we deviate from our focus and get addicted to certain things. A fancy word and a common advice we come across is, "Stay Positive". Does this really help? Especially when the work environment is sabotaging our peace of mind and happiness? Toxic work environment becomes a breeding ground for frustration and fatigue.


Its high time that we stop empathising with and cheering on negative people. It does not help anyone. Even those in a leadership position have very limited power and control over the pessimist. When things go against us, we must ask: do we have any control over

this? If the answer is “no”, the situation cannot be controlled, but the response can.  Don’t waste your energy and time on things and people who are not worth it.

The buzz word “Stay Positive” should rather be replaced with “Stay Focused”. It is human nature to hold on to negative memories for a long time and let go of positive ones easily. It takes conscious effort to overcome it. When crises and setbacks occur, instead of feeling sorry for ourselves, we must overcome them. At times like these, we may not see any positives around. But that doesn't mean nothing positive is happening, it just means we don't see it. We need to prepare our mind to see them. There is no need to worry about the past, as it has passed and cannot change. It is not in our control. Then why does it hurt the mind even more?

We create a negative mindset when we keep thinking in the past, creating stress, frustration and anger. Both physical and emotional problems crop up. It is human nature to harbour animosity and grudge towards someone whom we think is trying to make baseless accusations against us, for either their personal satisfaction or mere sadism. However, in reality, we are actually allowing them to dominate us mentally. Such people are to be ignored and avoided, rather than to be carried by our thoughts. Carrying a sense of grudge or revenge against such useless baggage is a complete waste of time and resources, which otherwise could be used in a constructive manner. It is also highly important to avoid in joining any rumour mills, which is usually detrimental to any member of our community and profession.  The mental maturity to ignore someone’s immaturity is a great quality, that each of us should possess and also be proud of.

Making simple changes in professional life can give comfort in a toxic work environment to a great extent and can even make the workplace more productive for the task at hand. Getting closer to nature and spending more time in a positive environment, with focussed people, can neutralise the toxicity at workplace.  Workplace civility, both verbal and non-verbal, makes a positive contribution in the development of one’s self as well as the development of students and the institution at large. The thoughtful actions, mutual respect, acceptance and acknowledgment by peers will definitely ¬¬¬¬¬¬¬¬-improve the civility and control the toxicity at the workplace.



**ഡോ. പ്രേമചന്ദ്രൻ കീഴോത്ത്**
ജനറൽ സെക്രട്ടറി

# സംഘടനാ പ്രവർത്തന റിപ്പോർട്ട്

2022 മാർച്ച് 19,20 തീയ്യതികളിൽ കണ്ണൂർ റോയൽ ഒമാർസിൽ നടത്തിയ സംസ്ഥാന സമ്മേളനത്തിൽ ഡോ. ടി മുഹമ്മദാലിയുടെ നേതൃത്വത്തിൽ പുതിയ സംസ്ഥാന കമ്മിറ്റി നിലവിൽ വരികയുണ്ടായി. സംസ്ഥാന കമ്മിറ്റിയിൽ  ഡോ. പ്രേമചന്ദ്രൻ കീഴോത്ത് (ജനറൽ സെക്രട്ടറി), ഡോ. ജോ പ്രസാദ് മാത്യൂ (വൈസ്. പ്രസിഡണ്ട്), ശ്രീ ആർ. അരുൺകുമാർ (വൈസ്. പ്രസിഡണ്ട്), ഡോ. ബീജു ജോ (സെക്രറി), ഡോ. റോണി ജോർജ്ജ് (സക്രട്ടറി), ഡോ. എ. അബ്രഹാം (ട്രഷറർ) എിവരെ തിരഞ്ഞെടുത്തു.

09.04.2022 ശനിയാഴ്ച ചേർന്ന സ്റ്റീയറിംഗ് കമ്മിറ്റിയിൽ കണ്ണൂർ മേഖല നടത്തുന്ന നിയമ പോരാട്ടത്തിന് പിന്തുണ പ്രഖ്യാപിക്കുകയും, നിയമ പോരാട്ട ചിലവ് ഓരോ സ്റ്റീയറിംഗ് കമ്മിറ്റി മെമ്പർമാരും 10000 രൂപ നൽകുവാനും തീരുമാനിച്ചു. ഉന്നതവിദ്യാഭ്യാസ മന്ത്രിയെ കണ്ട് representation നൽകുവാൻ തീരുമാനിക്കുകയും മന്ത്രിയെക്കണ്ട് കൈമാറുകയും ചെയ്തു. 2019 ന് ശേഷവും തുടരുന്ന 17% ഡി എ നിരക്കിലെ അധാർമ്മികതയിലും നീതിനിഷേധത്തിലും പ്രതിഷേധിച്ച് മെയ് 17 ന് സെക്രട്ടറിയേറ്റിന് മുന്നിൽ നടന്ന ധർണ്ണ ശ്രീ. പാലോട് രവി ഉദ്ഘാടനം ചെയ്തു.

വേനലവധിക്കാലത്ത് പ്രതികൂല കാലാവസ്ഥയിലും തൃക്കാക്കര തിരഞ്ഞെടുപ്പിനിടയിലും മികച്ച പ്രാതിനിധ്യം ഉണ്ടായിരു ധർണ്ണ സംഘടനയുടെ കർമ്മശേഷിയുടെ അടയാളമായിരുന്നു.

17.05.2022 ന് KPCTA ആസ്ഥാനത്ത് നടന്ന വർക്കിംഗ് കമ്മിറ്റിയിൽ തൃക്കാക്കര ഉപതെരെഞ്ഞെടുപ്പിൽ ശ്രീമതി ഉമാ തോമസിന്റെ തെരെഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് സംഘടന ഒരു ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു. എല്ലാ വർക്കിംഗ് കമ്മിറ്റി മെമ്പർമാരിൽ നിന്നും 2000/

രൂപ ശേഖരിച്ചുകൊണ്ടാണ് തുക സ്വരൂപിച്ചത്.

അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ എസ്.ബി. കോളേജിലെ വിപിൻ ചെറിയാൻ സാറിന്റെ കുടുംബത്തിന് സംഘടനയിൽ നിന്നു കൊടുക്കാറുള്ള ഒരു ലക്ഷം രൂപ കൊടുക്കാൻ തീരുമാനിക്കുകയും അത് പിന്നീട് സംസ്ഥാനനേതാക്കളുടെ നേതൃത്വത്തിൽ കൈമാറുകയും ചെയ്യുകയുണ്ടായി. കണ്ണൂർ വിസിയുടെ കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് 30000/ രൂപ കൂടി നൽകുവാൻ വർക്കിംഗ് കമ്മിറ്റി തീരുമാനമെടുത്തു.

ഡി.എ. വിഷയവുമായി ബന്ധപ്പെട്ട് ജൂൺ 20 മുതൽ ജൂൺ 25 വരെ മുഖ്യമന്ത്രിക്ക് ഇ-മെയിൽ ക്യാമ്പയിനിംഗ് സംഘടിപ്പിച്ചു. യൂണിറ്റ് തലസമരപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ഓഗസ്റ്റ് മാസം വിവിധ ഡി.ഡി. ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്താൻ തീരുമാനിച്ച ധർണ്ണാസമരം കുറച്ച് വൈകിയാണെങ്കിലും ഒക്ടോബർ 25 ന് നടത്തുകയും അത് അദ്ധ്യാപകരുടെ പ്രതിഷേധ കടലായി വിവിധ നഗരവീഥികളിൽ പ്രതിധ്വനിക്കുകയും ചെയ്തു.

കോട്ടയത്ത് അദ്ധ്യാപകരുടെ ജോലിഭാരവുമായി ബന്ധപ്പെട്ട് ഗവമെന്റ് നടത്തിയ മീറ്റിംഗിൽ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ഡോ. മുഹമ്മദാലി, റോണി ജോർജ്ജ് എന്നിവർ പങ്കെടുത്തു.

കെ.പി.സി.ടി.എ. പ്രസിദ്ധീകരണമായ ടീച്ചേഴ് വോയ്സിന്റെ രണ്ട് പതിപ്പ് പ്രകാശനം ചെയ്തു.

ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ട് നടന്ന കരിക്കുലം ഫ്രെയിംവർക്ക്ഷോപ്പിൽ സംഘടനയെ പ്രതിനിധീകരിച്ച് ഡോ. അജേഷ്, ഡോ. ഉമർ ഫറൂഖ്, ശ്രീ അരുകുമാർ ആർ എന്നിവർ പങ്കെടുത്തു. ഇടതുപക്ഷ ഗവൺമെന്റിന്റെ ഉന്നത വിദ്യാഭ്യാസ വിരുദ്ധ നയങ്ങൾ പൊതു സമൂഹത്തിൽ എത്തിക്കുന്നതിൽ ക്രിയാത്മകമായ പങ്കുവഹിച്ച മീഡിയസെൽ, സോഷ്യൽ മീഡിയ, ലീഗൽ സെൽ എന്നിവയുടെ സാരഥികളെ പ്രത്യേകം അഭിനന്ദിക്കുന്നു. കണ്ണൂർ യൂണിവേഴ്സിറ്റി വി സി നിയമനത്തിനെതിരെയുള്ള നിയമ നടപടികൾ സംഘടന എറ്റെടുത്തുകൊണ്ട് ഹൈക്കോടതിയിലും ഇപ്പോൾ സുപ്രീംകോടതിയിലും നടന്നു വരുകയാണ്. അതൊടൊപ്പം അഡ്വാൻസ് ഇൻക്രിമെന്റ് നിഷേധിച്ച വിഷയത്തിൽ കോടതി അലക്ഷ്യ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. എക്സിക്യൂട്ടീവ് ഓഡറുകൾക്ക് മുകളിലാണ് യു ജി സി റെഗുലേഷൻ എന്ന സുപ്രധാന വിധികൂടി സംഘടനയുടെ ഇടപെടലുമൂലം സമ്പാധിക്കാൻ സാധിച്ചിട്ടുണ്ട്.

യു ഡി എഫിന്റെ നയങ്ങളെ പിന്തുണയ്ക്കുന്ന സെൽഫിനാൻസിംഗ് മേഖലയിലെ അദ്ധ്യാപകരെ സംഘടിപ്പിച്ച് കൊണ്ട് കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ അവർക്ക് വേണ്ടി പുതിയ സംഘടന ഉണ്ടാക്കാനും അവരെ രാഷ്ട്രീയമായി പിന്താങ്ങാനും തീരുമാനിച്ചു.

പി.എഫ്. ക്രെഡിറ്റ് കാർഡ് വിഷയത്തിൽ സംഘടനയുടെ റെപ്രസന്റേഷൻ തയ്യാറാക്കാൻ സാധിച്ചു.

ഓഗസ്റ്റ് 20 ന് SETO ന്റെ നേതൃത്വത്തിൽ നടന്ന സെക്രട്ടറിയേറ്റ് മാർച്ചിൽ സംഘടനയെ പ്രതിനിധീകരിച്ച് പ്രസിഡണ്ടും, ജനറൽ സെക്രട്ടറിയും പങ്കെടുത്തു.

എറണാകുളം വിഷയത്തിൽ കഴിഞ്ഞ സംസ്ഥാന കമ്മിറ്റി വിവിധ യൂണിറ്റുകൾ സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി സംഘടനയുടെ മുൻകാല നേതാക്കാളായിരു പ്രൊഫസർ. ജോയ് മാത്യു, ഡോ. എം സി ദിലീപ് കുമാർ എന്നിവരെ വേറിട്ടു നിൽക്കുവരോട് ബന്ധപ്പെട്ട് പ്രശ്നപരിഹാം നടത്താൻ ശ്രമിച്ചു. ഈ ശ്രമം വിജയിക്കാ

ത്ത സാഹചര്യത്തിൽ കെ.പി. സി.സിയുമായി ബന്ധപ്പെട്ട് ഉമ്മൻ ചാണ്ടി, കെ.പി.സി.സി. പ്രസിഡണ്ട്, പ്രതിപക്ഷനേതാവ്, കെ സി ജോസഫ് എം എൽ എ, എറണാകുളം ഡി.സി.സി. പ്രസിഡണ്ട്, ശ്രീ. ടി സിദ്ദിഖ്, ശ്രീ. കെ യു രാധാകൃഷ്ണൻ എന്നീ നേതാക്കളെ പല തവണയായി കാണുകയും പ്രശ്ന പരിഹാരത്തിന് ശ്രമിക്കുകയുമുണ്ടായി.

വിവിധ ലോ റിഫോംസ് കമ്മിറ്റികളുടെ റിപ്പോർട്ടുകളും മറ്റ് യു ഡി ഫ് അദ്ധ്യാപക സംഘടനകളുടെ റിപ്പോർട്ടുകളും ചേർത്ത് യു.ഡി.എഫ്. ഉപസമിതിയിൽ അവതരിപ്പിക്കുകയും അതിൻ മേൽ കൂടുതൽ പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ കമ്മിറ്റി ചെയർമാനായ ശ്രീ കെ സി ജോസഫ് നമ്മുടെ സംഘടനകളോട് ആവശ്യപ്പെടുകയും ചെയ്തു.

SPARK പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സംഘടന സർക്കാറിന് representation നൽകുകയുണ്ടായി.

ഉന്നത വിദ്യാഭ്യാസ റിപ്പോർട്ടിന്മേലുള്ള കൊളോക്കിയം ഒക്ടോബർ 9 ന് എറണാകുളം പേൾ റീജിയൻസിൻയിൽ നടത്തുകയുണ്ടായി. വളരെ ആഴത്തിലുള്ള ചർച്ചകളിലൂടെ വിവിധ റിപ്പോർട്ടുകൾ അവലോകനം ചെയ്യുകയും സർക്കാർ നടത്തുന്ന കൊളോക്കിയത്തിലേക്ക് സമർപ്പിക്കാനുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്തു. സംഘടനയെ പ്രതിനിധീകരിച്ച് ഡോ. മുഹമ്മദലി, ശ്രീ. അരുൺകുമാർ, ഡോ. അബ്രഹാം എന്നിവർ പ്രതിനിധീകരിച്ചു. കേരളത്തിലെ സർവ്വകലാശാലകളിൽ നടന്ന ബന്ധുനിയമനങ്ങളും വി സി നിയമനങ്ങളുമടക്കം ഉയർത്തിക്കാട്ടി ഉന്നത വിദ്യാഭ്യാസ സംരക്ഷണ ദിനം വിവിധ സർവ്വകലാശാലകൾക്കു മുന്നിൽ സംഘടിപ്പിക്കയുണ്ടായി. പ്രസിഡണ്ട് മുഹമ്മദലി, ട്രഷറർ അബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ അപ്പപ്പോൾ സംഘടന രേഖാമൂലം സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടും കോളേജ് അദ്ധ്യാപകർക്ക് 17% മാത്രമേ ഡി.എ. കൊടുക്കു എന്ന സർക്കാർ പിടിവാശിക്കെതിരെ നിയമ നടപടികളുമായി മുന്നോട്ടു പോകാൻ സംഘടന തീരുമാനമെടുത്തിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. അരുൺകുമാർ സംഘടന അംഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ നടത്തുന്ന ഇടപെടലുകളും എടുത്ത് പറയേണ്ടതാണ്.

ഇതിനെക്കാളുമുപരി ഇടവേളകളില്ലാതെ സർക്കാറിന്റെ കെടുകാര്യസ്ഥതക്കെതിരെയും ഉന്നത വിദ്യാഭ്യാസരംഗത്തെ കടന്നുകയറ്റത്തിനെതിരെയും ദൃശ്യ, പത്ര മാധ്യമങ്ങളിലൂടെ നിരന്തരമായി ഇടപെടലുകൾ നടത്തിക്കൊണ്ട് കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്ത് ക്രിയാത്മകമായി പ്രവർത്തിച്ചുവരികായാണ് കെ.പി. സി.ടി.എ. ഇത്തരം പ്രവർത്തങ്ങളുടെ ഭാഗമാകാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം പ്രകടിപ്പിച്ചു കൊണ്ട് ഈ റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കുകയാണ്.



**ഡോ. എബി ടെല്ലസ്**
വകുപ്പ് മേധാവി & അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ടമെന്റ് ഓഫ് പേർസണൽ മാനേജ്മെന്റ് ലൊയോള
കോളേജ് ഓഫ് സോഷ്യൽ സയൻസ്സ്
കെ.പി.സി.ടി.എ. സ്റ്റേറ്റ് ലൈസൺ ഓഫീസർ

# ‘പരീക്ഷ’ പരീക്ഷിക്കപ്പെടുമ്പോൾ

പരീക്ഷകൾ നൂറ്റാണ്ടുകളായി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അവിഭാജ്യഘടകമാണ്, വിദ്യാർത്ഥികളുടെ അക്കാദമിക് പുരോഗതിയും അറിവ് നേടലും വിലയിരുത്തുന്നതിനുള്ള ഒരു ഉപകരണമായി വർത്തിക്കുന്നു. എന്നിരുന്നാലും, സാധാരണയായി എഴുത്തുപരീക്ഷ ഉൾപ്പെടുന്ന പരമ്പരാഗത പരീക്ഷാരീതി വിദ്യാർത്ഥികളുടെ പ്രായോഗിക കഴിവുകൾ വിലയിരുത്തുന്നതിൽ കൂടുതൽ കാലഹരണപ്പെടുകയും അപര്യാപ്തമാവുകയും ചെയ്യുന്നു. ഈ ലേഖനത്തിൽ, പരമ്പരാഗത പരീക്ഷകളുടെ രീതി കൂടുതൽ പ്രായോഗികവും യാഥാർത്ഥ്യബോധമുള്ളതുമായ പരീക്ഷകളിലേക്ക് മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് വാദിക്കുന്നു.

## പരമ്പരാഗത പരീക്ഷകൾ

സാധാരണയായി എഴുത്തുപരീക്ഷകൾ ഉൾപ്പെടുന്ന പരമ്പരാഗത പരീക്ഷാരീതിക്ക് വിദ്യാർത്ഥികളുടെ പ്രായോഗിക കഴിവുകൾ വിലയിരുത്തുന്നതിൽ നിരവധി പരിമിതികളുണ്ട്. എഴുത്തുപരീക്ഷയുടെ രൂപകല്പന വിദ്യാർത്ഥികളുടെ പ്രായോഗിക



കഴിവുകളുടെ സമഗ്രമായ വിലയിരുത്തൽ അനുവദിക്കുന്നില്ല കാരണം ഇത് പ്രാഥമികമായി അവരുടെ മനഃപാഠവും ഓർമ്മപ്പെടുത്തലുകളും പരീക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇത് അക്കാദമിക് പ്രകടനവും യഥാർത്ഥ ലോക വിജയവും തമ്മിലുള്ള പരസ്പര ബന്ധത്തിന്റെ അഭാവത്തിലേക്ക് നയിച്ചേക്കാം.

പരമ്പരാഗത പരീക്ഷകൾ ആധുനിക തൊഴിലിടങ്ങളുടെ ആവശ്യങ്ങളെ പ്രതിഫലിപ്പിക്കുന്നില്ല. അവർ ഊന്നൽ നൽകുന്നത് പ്രായോഗികമായ കഴിവുകളെയാണ് അതായത് പ്രശ്നപരിഹാരം, വിമർശനാത്മക ചിന്ത, ടീം വർക്ക്. ഇത് വിദ്യാർത്ഥികളുടെ അക്കാദമിക് പരിശീലനവും തൊഴിലിനായുള്ള അവരുടെ തയ്യാറെടുപ്പും തമ്മിലുള്ള പൊരുത്തക്കേടിലേക്ക് നയിച്ചേക്കാം.

പരമ്പരാഗത പരീക്ഷാരീതി പലപ്പോഴും വിദ്യാർത്ഥികൾക്കിടയിൽ ഉയർന്ന സമ്മർദ്ദവും ഉത്കണ്ഠയുമായി ബന്ധപ്പെട്ടിരിക്കുന്നു. എഴുത്തുപരീക്ഷയിൽ മികച്ച പ്രകടനം നടത്താനുള്ള സമ്മർദ്ദം വിദ്യാർത്ഥികൾക്ക് വിഷയത്തെക്കുറിച്ചുള്ള യഥാർത്ഥ ധാരണയേക്കാൾ മനഃപാഠത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലേക്ക് നയിച്ചേക്കാം.

## പ്രായോഗികം പ്രായോഗിക അധിഷ്ഠിത പരീക്ഷകൾ

പരമ്പരാഗത പരീക്ഷകളുടെ പരിമിതികൾ പരിഹരിക്കുന്നതിന്, വിദ്യാർത്ഥികളുടെ പ്രായോഗിക കഴിവുകളും അവ മികച്ച രീതിയിൽ വിലയിരുത്താൻ കഴിയുന്ന കൂടുതൽ ക്രിയാത്മകവും യാഥാർത്ഥ്യബോധ്യമുളവാക്കുന്ന പരീക്ഷകൾ ആവശ്യമാണ്. ആ പരീക്ഷകളിൽ സിമുലേഷനുകൾ, പരീക്ഷണങ്ങൾ, മറ്റു തരത്തിലുള്ള വിലയിരുത്തലുകൾ എന്നിവ ഉൾപ്പെടാം, ഇത് യഥാർത്ഥ ലോക സന്ദർഭങ്ങളിൽ വിദ്യാർത്ഥികളെ അവരുടെ കഴിവുകളും അറിവും പ്രകടിപ്പിക്കാൻ അനുവദിക്കുന്നു. ആധുനിക തൊഴിലിടങ്ങളുടെ ആവശ്യങ്ങൾ മികച്ച രീതിയിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നതിനാൽ ഈ വിലയിരുത്തലുകൾക്ക് വിദ്യാർത്ഥികളുടെ കഴിവുകളുടെ കൂടുതൽ സമഗ്രമായ വിലയിരുത്തൽ നൽകാൻ കഴിയും.

പരീക്ഷകളുമായി ബന്ധപ്പെട്ട സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കാനും യാഥാർത്ഥ്യബോധമുള്ള പരീക്ഷകൾ സഹായിക്കും. വിദ്യാർത്ഥികൾക്ക് അവരുടെ പ്രായോഗിക കഴിവുകളും കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നതിലൂടെ, യഥാർത്ഥ ലോകത്ത് വിജയിക്കാനുള്ള അവരുടെ കഴിവിൽ അവർക്ക് കൂടുതൽ ആത്മവിശ്വാസം അനുഭവിക്കാൻ കഴിയും. ഇത് വിദ്യാർത്ഥികൾക്കിടയിൽ ഉയർന്ന തലത്തിലുള്ള ഇടപെടലിലേക്കും പ്രചോദനത്തിലേക്കും നയിക്കും, ഇത് മികച്ച അക്കാദമിക് പ്രകടനത്തിലേക്ക് നയിക്കും.

ഇത്തരത്തിലുള്ള പരീക്ഷകൾ നടപ്പാക്കാൻ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. കൂടുതൽ പ്രായോഗികമായ കോഴ്സ് വർക്ക് ഉൾപ്പെടുത്തുന്നതിനായി പാഠ്യപദ്ധതി പരിഷ്കരിക്കുക, പരീക്ഷകളെ പിന്തുണയ്ക്കുന്ന സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിക്ഷേപം, പ്രായോഗിക വിലയിരുത്തലുകൾ വികസിപ്പിക്കാനും നടപ്പാക്കാനും അധ്യാപകരെ പരിശീലിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കൂടാതെ, ആധുനിക തൊഴിലിടങ്ങളിൽ ആവശ്യമായ കഴിവുകളും തിരിച്ചറിയുന്നതിനും ഈ ആവശ്യകതകളുമായി വിദ്യാഭ്യാസ ലക്ഷ്യങ്ങൾ വിന്യസിക്കുന്നതിനും അധ്യാപകർ, വ്യവസായ നേതാക്കൾ, നയരൂപകർത്താക്കൾ എന്നിവർ തമ്മിലുള്ള സഹകരണം ആവശ്യമാണ്. വിദ്യാർത്ഥികൾ തൊഴിൽ ശക്തിക്കായി വേണ്ടത്ര തയ്യാറാണെന്നും സമ്പദ്‌വ്യവസ്ഥയ്ക്ക് ക്രിയാത്മകമായി സംഭാവന ചെയ്യാൻ കഴിയുമെന്നും ഇത് ഉറപ്പാക്കും.

## ചുരുക്കം

വിദ്യാർത്ഥികളുടെ പ്രായോഗിക കഴിവുകളും അവ വിലയിരുത്തുന്നതിൽ പരമ്പരാഗത പരീക്ഷാരീതി കൂടുതൽ കാലഹരണപ്പെടുകയും അപര്യാപ്തമാവുകയും ചെയ്യുന്നു. ആധുനിക തൊഴിലിടങ്ങളുടെ ആവശ്യങ്ങൾ നന്നായി പ്രതിഫലിപ്പിക്കാനും പരമ്പരാഗത പരീക്ഷകളുമായി ബന്ധപ്പെട്ട സമ്മർദ്ദവും ഉത്കണ്ഠയും കുറയ്ക്കാനും കഴിയുന്ന കൂടുതൽ പ്രായോഗികവും യാഥാർത്ഥ്യബോധമുള്ളതുമായ പരീക്ഷകൾ ആവശ്യമാണ്. ഈ മാറ്റങ്ങൾ നടപ്പാക്കുന്നതിന് പാഠ്യപദ്ധതിയിലെ പരിഷ്കരണങ്ങളും സാങ്കേതികവിദ്യയിലും അടിസ്ഥാന സൗകര്യങ്ങളിലും നിക്ഷേപം ഉൾപ്പെടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ മാറ്റങ്ങൾ ആവശ്യമാണ്. മികച്ച തയ്യാറെടുപ്പുള്ള വിദ്യാർത്ഥികളും കൂടുതൽ ഉൽപാദനക്ഷമതയുള്ള തൊഴിലാളികളും ഉൾപ്പെടെയുള്ള ഈ മാറ്റങ്ങളുടെ നേട്ടങ്ങൾ ഇത് ആവശ്യമായതും മൂല്യവത്തായതുമായ നിക്ഷേപമാക്കി മാറ്റുന്നു.

▪ നേട്ടങ്ങൾ

# പി.എച്ച്.ഡി. ബിരുദം നേടിയവർ



**MAJA K. KOSHY**
Assistant Professor
Dept. of Commerce
St. Stephen's College
Pathanapuram.
Title: A study on the Impact of Migrants' Return on the Economy of Kerala and their Rehabilitation Prospects
University: University of Kerala



**Jewel John Alappatt**
Dept. of Political Science
Sree Keralavarma College,
Thrissur.
Title: Protection of women's rights in Kerala - Role of Jaagratha Samithis in Thrissur District.
Guide : Dr.T.M Joseph
University: School of Gandhian Thought and Development Studies,
MG University, Kottayam.




സംസ്ഥാന നേതൃത്വശില്പശാല 2022 ഡിസംബർ 10, 11 ദിവസങ്ങളിൽ കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കെ.പി.സി.ടി.എ. സംസ്ഥാന പ്രിസിഡന്റ് ഡോ. ടി. മുഹമ്മദാലി അധ്യക്ഷത വഹിച്ചു. കെ.പി.സി.ടി.എ. മുൻ സംസ്ഥാനപ്രസിഡന്റും കാലടി സംസ്കൃത സർവ്വകലാശാലാ മുൻ വി.സി.യുമായിരുന്ന ഡോ. എം.സി.ദിലീപ്കുമാർ, ഡി.സി.സി. പ്രസിഡന്റ് നാട്ടകം സുരേഷ്, കെ.പി.സി.ടി.എ. സംസ്ഥാന സെക്രട്ടറി പ്രേമചന്ദ്രൻ കീഴോത്ത്, ഫിൽസൻ മാത്യൂസ്, ഡോ. അജീസ് ബെൻ മാത്യു, ഡോ. റോണി ജോർജ്ജ്, ഡോ. ജോ പ്രസാദ് മാത്യു, ഡോ. ജോബിൻ ജോസ് എന്നിവർ സംസാരിച്ചു.

# KPTCA ജില്ലാ ഭാരവാഹികൾ

## തൃശൂർ ജില്ല



ഡോ. എഡിസണ് വര്ഗീസ്
പ്രസിഡന്റ്



ഡോ. ചാക്കോ വി. എം.
സെക്രട്ടറി



ഡോ. പ്രമീള എൻ. കെ.
ട്രഷറർ

## കൊല്ലം ജില്ല



ഡോ. അജേഷ് എസ്. ആർ.
പ്രസിഡന്റ്



ഡോ. സുബിൻരാജ് എസ്. എസ്.
സെക്രട്ടറി



അജയകുമാർ എസ്.
ട്രഷറർ

## തിരുവനന്തപുരം ജില്ല



വിഷ്ണു ഗോപൻ
പ്രസിഡന്റ്



ഷൈജു ജി. ജെ.
സെക്രട്ടറി



വിഷ്ണു പി. എസ്.
ട്രഷറർ


Kerala Private College Teachers' Association
KPCTA
കേരള പ്രൈവറ്റ് കോളേജ്
ടീച്ചേഴ്സ് അസോസിയേഷൻ
KPCTA
സംസ്ഥാന
സമ്മേളനം
2023 മാർച്ച് 11 ശനി | 12 ഞായർ
കോഴിക്കോട്
ഉദ്ഘാടന സമ്മേളനം
വിദ്യാഭ്യാസ സമ്മേളനം
സാംസ്കാരിക സമ്മേളനം
യാത്രയയപ്പ് സമ്മേളനം
സമാപന സമ്മേളനം
പ്രമുഖ നേതാക്കൾ പങ്കെടുക്കുന്നു.
KPCTA സംസ്ഥാന സമിതി